Reg. No. C. 101, M 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മകരം 27 | ലക്കം 25

## കമ്മ്യൂണിസ്ററു ഭരണം

(ജി. സി. ടീലർ)

മി. മേനവൻ ഒന്നാംകിടയിൽപ്പെട്ട ഒരു ചിന്തകനാണ്. ഒരു ദിവസം വൈകുന്നേരം അദ്ദേഹം പബ്ളിക്ക് പാർക്കിലേക്കു നടന്നു. ശീതളസുന്ദരമായ കാൽക്കാററ്. അലകൾ ഇളകിമറിഞ്ഞു് ഭിത്തിയിൽ വന്നടിക്കുന്ന സ്വരം അദ്ദേഹത്തിന്റെ ചിന്താശീലത്തെ സ്വാഗതം ചെയ്യുന്നതുപോലെ തോന്നി. പൂച്ചെടികൾക്കിടയിൽ ഒളിഞ്ഞുകിടന്ന ഒരു ചാരുബെഞ്ചിൽ അദ്ദേഹം സ്ഥലംപിടിച്ചു. വിടർന്നുനിൽക്കുന്ന മനോഹരമായ കുസുമങ്ങൾ, അവയിൽക്കൂടി തത്തിക്കളിക്കുന്ന പറവകൾ, വെഞ്ചായം പൂശിയ മേഘങ്ങൾ, അറബിക്കടലിലേക്കു താഴ്‌ന്നുതാഴ്‌ന്നിറങ്ങുന്ന സൂര്യൻ, ഇവയെല്ലാംകൂടി ഒത്തിണങ്ങി ഒരാനന്ദസാഗരം സംജാതമായി. ദൂരെ എവിടെയോ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു് അദ്ദേഹം അങ്ങനെ ഇരിക്കയാണ്. അപ്പോൾ റേഡിയോയിൽക്കൂടി ഒരു സംഗീതം. അതിനു പുറകേ റേഡിയോ ന്യൂസ് —കമ്മ്യൂണിസ്റ്റ് സൈന്യത്തിനു ചൈനയിൽ വമ്പിച്ച വിജയം. അവർ നാങ്കിങ്ങിലേക്കു ഇരച്ചുകയറുന്നു—ആത്മാർത്ഥതയുള്ളവരെയും സത്യസന്ധരേയും ഭയവിഹ്വലരാക്കുന്ന ഒരു വാർത്ത.

അദ്ദേഹത്തിന്റെ ചിന്താസരണി വെട്ടിത്തിരിഞ്ഞു മറെറാരു മാർഗ്ഗത്തിൽക്കൂടി ഓർമ്മയിൽ നുഴഞ്ഞുകയറി. മുമ്പൊരിക്കൽ ഒരു കമ്മ്യൂണിസ്റ്റ് ലഘുലേഖയിൽ വായിച്ച വാക്യങ്ങൾ:—"ഭഗവാൻ കാറൽമാർക്സിന്റെ തത്വങ്ങളാണു് ലോകത്തെ ഇനി രക്ഷിക്കുവാൻ പോകുന്നതു്. കമ്മ്യൂണിസ്റ്റ് ഭരണം സമത്വസുന്ദരമായ ഒരു വ്യവസ്ഥിതി ലോകത്തിൽ സംജാതമാക്കും. ധനികനില്ല, ദരിദ്രനില്ല; ജാതിയില്ല, മതമില്ല; വഞ്ചനയില്ല, ചതിവില്ല; പട്ടിണിയില്ല, പഞ്ഞമില്ല. ഇതാണു വ്യവസ്ഥിതി. എത്ര മനോഹരം! ഇതെവിടെ സാധിച്ചിരിക്കുന്നു എന്നു വല്ലവരും ചോദിച്ചേക്കാം. റഷ്യയിലേക്കു നോക്കണം. അതാണു മാതൃക. ആ ഭരണത്തിൽ അതൃപ്തിയുള്ള ഒരു വ്യക്തിയെ അവിടെ ചൂണ്ടിക്കാണിക്കുവാൻ സാദ്ധ്യമല്ല. കമ്മ്യൂണിസ്റ്റ് ഭരണമാണ് ഏററം നല്ല ഭരണമെന്നു് അതു തെളിയിക്കുന്നില്ലേ?—'

പല പ്രശ്നങ്ങൾ ഒന്നിനു പുറകേ ഒന്നായി അദ്ദേഹത്തെ അലട്ടുവാൻ തുടങ്ങി. ഒരു സംഭവത്തിൽ ഒരു സത്യം മറഞ്ഞുകിടക്കുമെന്നു് അദ്ദേഹം വിചാരിച്ചു ഒരു പുഷ്പത്തിലെ തേനുവേണ്ടി രണ്ടു വണ്ടുകൾ തമ്മിൽ ശണ്ഠകൂടുന്ന സ്വരം അദ്ദേഹത്തിന്റെ ചിന്താപരമ്പരകൾക്കു തൽക്കാലം ഒരു കടിഞ്ഞാണിട്ടു. ഒരു വശത്തേക്കു തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു സഖാവു ജോസിനെയാണ്. മി. മേനവനെ തങ്ങളുടെ പാർട്ടിയിലേക്കു പിടിച്ചെടുക്കുവാൻ എന്താണു വഴിയെന്നു് ആലോചിച്ചുനിൽക്കയായിരുന്നു അയാൾ. നീണ്ടു ശബ്ദിച്ച റേഡിയോ അയാൾക്കു വഴിയൊരു സഹായം നൽകി. ഒരു പൂച്ചെടിക്കിടയിൽനിന്നു് അയാൾ സൂക്ഷിച്ചുനോക്കുകയായിരുന്നു മി. മേനവനിൽ പ്രത്യക്ഷപ്പെട്ട ഭാവഭേദങ്ങൾ. മി. മേനവൻ സഖാവു ജോസിനെ ക്ഷണിച്ചു് അടുക്കലിരുത്തി ചോദിച്ചു: "ഇന്നത്തെ ന്യൂസ് നിങ്ങളെ വളരെ ആനന്ദിപ്പിച്ചിരിക്കും. റഷ്യൻ ഭരണരീതിയാണ് ഏററം നല്ല ഭരണരീതിയെന്നു് ചിലർ പറയുന്നു; പ്രത്യേകിച്ചു നിങ്ങളെപ്പോലുള്ളവർ. എന്നാൽ ഒരു സംശയം, എത്ര നല്ല ഭരണാധികാരിക്കും എല്ലാവരെയും ഒന്നുപോലെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞെന്നു വരികയില്ല. 'ഭിന്നരുചിർഹി ലോകഃ' എന്നാണല്ലോ. എങ്കിലും റഷ്യയിൽ ഒരത്ഭുതം തന്നെ സംഭവിച്ചിരിക്കുന്നു എന്നാണെന്റെ പക്ഷം. പക്ഷേ അത്ഭുതത്തിൽ നിങ്ങൾ വിശ്വസിക്കുന്നുമില്ല. പിന്നെ റഷ്യയിലുള്ളവരെല്ലാം എങ്ങനെ തൃപ്തിപ്പെട്ടിരിക്കുന്നു എന്നു വിശദമാക്കിത്തരാമോ?"

കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിന്റെ ശക്തിയെക്കുറിച്ചു് മററുള്ളവരോടു പ്രസംഗിക്കുവാൻ ഒരവസരം പാർത്തിരുന്ന സഖാവിനു മി. മേനവന്റെ അഭ്യർത്ഥന വളരെ ഇഷ്ടപ്പെട്ടു. സന്തോഷം അധികമാകുമ്പോൾ ഒരു സിഗാററുകത്തിച്ചു പുകവിടുന്ന സമ്പ്രദായം സഖാവിനുണ്ടു്. അയാൾ സിഗാറെറടുത്തു് ഒന്നു മി. മേനവനു നീട്ടി; ഒരു തീപ്പെട്ടിക്കോൽ ഉരച്ചു് അപ്പുതിയ ലോചനങ്ങൾ പരസ്പരം വച്ചുമാറുന്നതിൽ ഉത്സുകനായിരുന്നു മി. മേനവൻ. അദ്ദേഹം സിഗാറു കത്തിച്ചുവലിച്ചു് സഖാവിനു പ്രോത്സാഹനം നൽകി. പുകവിട്ടുകൊണ്ടു് സ. ജോസ് പറഞ്ഞു: "കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിന്റെ ശക്തി എന്താണെന്നറിയാത്തതുകൊണ്ടാണ് ഇമ്മാതിരി ചോദ്യങ്ങൾ ചിന്തകന്മാരിൽനിന്നുപോലും പുറപ്പെടുന്നതു്. കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിനെ വിമർശിക്കുവാനോ പ്രതിഷേധിക്കുവാനോ ഒററ ഒരുത്തനും ധൈര്യപ്പെടുകയില്ല. അഥവാ ഒരുത്തൻ ധൈര്യപ്പെട്ടാൽ അവൻ പിന്നെ ജീവിക്കുകയില്ല. വ്യക്തികൾ രാഷ്ട്രത്തിന്റെ ദാസന്മാരാണ്. രാഷ്ട്രം നിശ്ചയിക്കുന്ന ജോലിചെയ്തു് രാഷ്ട്രം നിശ്ചയിക്കുന്ന വിധത്തിൽ ജീവിക്കുവാനേ അവർക്കവകാശമുള്ളൂ."

മി. മേനവൻ മൂക്കേൽ ചൂണ്ടുവിരലൂന്നി ചോദിച്ചു: "കലാവാസനയുള്ള ഒരുവനെ, അതായതു് സംഗീതസാഹിത്യാദികളിൽ വാസനയുള്ളവരെ കമ്മ്യൂണിസ്റ്റ് രാഷ്ട്രം കിളയ്ക്കുവാനും ഉഴുവാനും നിയോഗിക്കുമോ?"

സഖാവു ജോസ് തലകുനിച്ചു് അല്പനേരം ഇരുന്നുപോയി. പിന്നീടു തല ഉയർത്തി പറഞ്ഞു: "തീർച്ചയായും ഇല്ല. കലാവാസനയുള്ളവരെ ഇത്രമാത്രം പ്രോത്സാഹിപ്പിക്കുന്ന ഒരു രാഷ്ട്രം വേറെ കാണുകയില്ല. മാക്സിംഗോർക്കി, വലേറിബ്ര്യൂസോവ്, വാലൻടൈൻ കാററീവ്, അലക്സാണ്ടർപുഷ്ക്കിൻ, മൊപ്പാസാങ്ങ്, അയാക്ക് വെർജർ എന്നിവരെല്ലാം റഷ്യയിലെ പേരെടുത്ത സാഹിത്യകാരന്മാരാണ്. വളരെ വമ്പിച്ച ആദായങ്ങളും അവർക്കു ലഭിക്കുന്നു."

മി. മേനവന്റെ അധരങ്ങളിൽക്കൂടി ഒരു പുഞ്ചിരി പടർന്നു. അയാക്ക് വെർജർ എന്ന കവിയുടെ ഒരു ഗീതമാണ് അദ്ദേഹം അപ്പോൾ ഓർമ്മിച്ചതു്. അദ്ദേഹം സഖാവുകേൾക്കെ അതു ഉരുവിട്ടു.

—സ്റ്റാലിൻ കല്പിച്ചു. അപ്പോൾ അവന്റെ ശത്രുക്കൾക്കായി സൂര്യൻ അസ്തമിച്ചു;

വീണ്ടും കല്പിച്ചു അവന്റെ മിത്രങ്ങൾക്കായി സൂര്യൻ ഉദിച്ചു

കൽക്കരിയോടു വെള്ളയാവാൻ സ്റ്റാലിൻ കല്പിച്ചാൽ അങ്ങനെതന്നെ സംഭവിക്കും.

കണ്ടാലും! സർവ്വലോകത്തിന്റെയും നാഥൻ സ്റ്റാലിനത്രെ—

"അയാക്ക് വെർജന്റെ ഒരു സ്തുതിഗീതമാണിതു്. റഷ്യൻകവികളും കലാകാരന്മാരും ഇത്തരത്തിൽ സ്റ്റാലിനെ സ്തുതിക്കണമെന്നും ചിത്രിക്കണമെന്നും നിർബന്ധമില്ലേയോ?"


"കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിനെതിരായിട്ടാണ് അവരുടെ ആശയങ്ങളും ആദർശങ്ങളുമെങ്കിൽ അവരുടെ ജീവിതം പരമദയനീയമായിരിക്കും. ഗവമ്മെണ്ടിനെതിരായി ഒരാശയം പ്രകടിപ്പിക്കുന്നതുമാത്രമല്ല ചിന്തിക്കുന്നതുപോലും കുററകരമാണ്." സഖാവിന്റെ മറുപടി.

മിസ്റ്റർ മേനവൻ ഉടൻ യുക്തിപൂർവ്വകമായ ഒരനുമാനത്തിലേക്കു കടന്നു. "അങ്ങനെയെങ്കിൽ വ്യക്തിസ്വാതന്ത്ര്യമെന്നൊന്നില്ല റഷ്യയിൽ എന്നു പറയേണ്ടിയിരിക്കുന്നു."

സഖാവു ജോസ് ക്ഷുഭിതനായി. അയാളുടെ സ്വരമുയർന്നു "തീർച്ചയായും വ്യക്തിസ്വാതന്ത്ര്യമുണ്ടു്. റഷ്യൻരാഷ്ട്രത്തിനു സഹായകമായ ഏതൊരു പ്രവർത്തനവും നടത്തുവാൻ അവിടത്തെ ഒരു വ്യക്തിക്കു പൂർണ്ണസ്വാതന്ത്ര്യമാണുള്ളതു്. എന്നാൽ രാഷ്ട്രത്തിനെതിരായി പ്രവർത്തിക്കുന്നവൻ ആത്മഹത്യചെയ്യുന്നതിനു തുല്യമാണ്" എന്നത്രെ ഞങ്ങളുടെ വിവക്ഷ. ജനങ്ങൾ അന്ധമായി വളരെ പ്രശംസിക്കുന്ന കത്തോലിക്കാസഭയിലെ നടപടി എന്താണ്? സഭയുടെ ചട്ടംകെട്ടുകളനുസരിച്ചു ജീവിക്കുന്നവർക്കു് അവിടെ സ്ഥാനമുണ്ടു്. അല്ലാത്തവർ പുറംതള്ളപ്പെടുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രം അങ്ങനെയെങ്ങാനും ചെയ്തുപോയാൽ ഉടനെ അതു വ്യക്തിസ്വാതന്ത്ര്യഹനനമെന്നു വ്യാഖ്യാനിക്കയായി. മററുള്ളവരോടു കാണിക്കുന്നത്ര സഹിഷ്ണുത നിങ്ങൾ കമ്മ്യൂണിസ്റ്റുകാരോടും കാണിക്കുക."

കത്തോലിക്കാസഭയുടെ ഭരണക്രമം നന്നായി പഠിച്ചിട്ടുള്ള ഒരാളാണ് മി. മേനവൻ. അതുകൊണ്ടു് കത്തോലിക്കാസഭയെ കൂട്ടുപിടിച്ചു് കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിന്റെ വിക്രിയകളെ മൂടുവാനുള്ള എതിർകക്ഷിയുടെ ശ്രമം അദ്ദേഹത്തെ അമർഷംകൊള്ളിക്കുകയാണുണ്ടായതു്. അദ്ദേഹം എതിർത്തു: "കത്തോലിക്കാസഭയുടെയും കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിന്റേയും പോക്കു കടകവിരുദ്ധമായ രണ്ടുവഴിക്കാണ്. മനസ്സുള്ളവർ മാത്രമാണ് കത്തോലിക്കാസഭയുടെ അംഗങ്ങൾ.

(ശേഷം പന്ത്രണ്ടാം പേജിൽ)



കെയിംബ്രിഡ്ജിലെ സുപ്രസിദ്ധ സർവ്വകലാശാല. 1225-ൽ ഇതു സ്ഥാപിതമായി. ഇപ്പോൾ അവിടെ 7000 വിദ്യാർത്ഥികൾക്കു അദ്ധ്യയനം നടത്തുന്നതിനുള്ള സകല സൗകര്യങ്ങളുമുണ്ടു്.

വിമർശനവീഥി

## തൊഴിലാളികളെ തൃപ്തിപ്പെടുത്തിയാൽ കമ്മ്യൂണിസം ഇല്ലാതാകുമോ?

ഈ തലക്കെട്ടിൽ അടങ്ങിയിരിക്കുന്ന ചോദ്യം കത്തോലിക്കനായ ഒരു നല്ല ചെറിയ മുതലാളി സ്നേഹത്തോടും പരമാർത്ഥതയോടുംകൂടി ഒരു കത്തോലിക്കാ വൈദികനോടു ചോദിച്ചതാണ്. പ്രസ്തുത മുതലാളി മാർപ്പാപ്പാമാരുടെ കാലോചിതങ്ങളായ നിർദ്ദേശങ്ങൾ മനസ്സിലാക്കിക്കൊണ്ടു് തന്റെ കീഴുള്ള തൊഴിലാളികളെ തൃപ്തിപ്പെടുത്തുവാൻ കഴിവുള്ളതും ചെയ്തുകൊണ്ടിരിക്കുന്നു. ആകയാൽ തൊഴിലാളികളോടു നീതിപൂർവ്വം പെരുമാറി അവരെ തൃപ്തിപ്പെടുത്തേണ്ട കാര്യത്തിൽ അദ്ദേഹത്തിനു വൈമുഖ്യമില്ല. എങ്കിലും അങ്ങനെ തൊഴിലാളികളെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടു് കമ്മ്യൂണിസത്തിന്റെ മുന്നേററത്തെ തടയുവാനോ കമ്മ്യൂണിസത്തെ പരിച്ഛേദം ദൂരീകരിക്കുവാനോ സാധിക്കുമോയെന്നാണ് അദ്ദേഹത്തിന്റെ സന്ദേഹം. ഈ പ്രശ്നത്തെപ്പററി ചിന്തിക്കാം.

### തൊഴിലാളികളുടെ അസംതൃപ്തി കമ്മ്യൂണിസത്തിനു ഉപാധി

തൊഴിലാളിവർഗ്ഗത്തിന്റെ ദുരിതാനുഭവഫലമായ അസംതൃപ്തിക്കും കമ്മ്യൂണിസത്തിന്റെ ശക്തിവർദ്ധനവിനും തമ്മിൽ തീർച്ചയായും ദൃഢബന്ധമുണ്ടു്. എന്നാൽ ആ ബന്ധം കാര്യത്തിനും കാരണത്തിനും തമ്മിലുള്ളതല്ല. കാരണത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപാധിക്കും കാര്യത്തിനും തമ്മിലുള്ള ബന്ധമാണ്. യാതൊന്നു് അതിന്റെ പ്രവർത്തനത്താൽ ഏതെങ്കിലുമൊരു ഫലം പുറപ്പെടുവിക്കുന്നുവോ അതിനെയാണല്ലോ നാം കാരണം (Cause) എന്നു വിളിക്കുന്നതു്. കാരണത്തിന്റെ പ്രവർത്തനത്താൽ പുറപ്പെടുന്ന ഫലത്തെ നാം കാര്യം (Effect) എന്നും വിളിക്കുന്നു. എന്നാൽ കാരണം എപ്പോഴും എവിടെയും പ്രവർത്തിച്ചുവെന്നു വരികയില്ല. പ്രവർത്തിച്ചില്ലെങ്കിൽ കാര്യം ഉളവാകുകയുമില്ല. കാരണം പ്രവർത്തിക്കണമെങ്കിൽ അതിനനുകൂലമായ സാഹചര്യമുണ്ടായിരിക്കണം. ഈ സാഹചര്യത്തെ നാം ഉപാധി (Condition) എന്നു വിളിക്കുന്നു. ഉപാധിയില്ലെങ്കിൽ കാര്യം ഉളവാകുകയില്ല. നാം ബാഹ്യവസ്തുക്കളെ കാണുന്നുണ്ടല്ലോ. കാഴ്ച ഒരു കാര്യമാകുന്നു. ശക്തി സ്ഥിതിചെയ്യുന്നതു് കണ്ണിലായതുകൊണ്ടു് കാഴ്ചയുടെ കാരണം കണ്ണുതന്നെയാണ്. കണ്ണിനു സ്വതവേ കാണാൻ ശക്തിയുണ്ടെങ്കിലും ഇരുട്ടത്തു് അതു കാണുന്നില്ല. എന്തുകൊണ്ടെന്നാൽ കണ്ണിന്റെ ദർശനശക്തി പ്രവർത്തിക്കുന്നതിനു് ഇരുട്ടു് അനുകൂലമായ സാഹചര്യമല്ല. വെളിച്ചമാണ് അനുകൂലമായ സാഹചര്യം. വെളിച്ചമുള്ളേടത്തു് കണ്ണിന്റെ ദർശനശക്തി പ്രവർത്തിക്കും; അപ്പോൾ കാഴ്ചയുണ്ടാവുകയും ചെയ്യും. അതിനാൽ വെളിച്ചം കാഴ്ചയ്ക്കു് ഉപാധിയാണ്. ഇതുപോലെയാണ് കമ്മ്യൂണിസത്തിനും തൊഴിലാളികളുടെ അസംതൃപ്തിക്കും തമ്മിലുള്ള ബന്ധം. തൊഴിലാളികളുടെ അസംതൃപ്തി കമ്മ്യൂണിസത്തിനു കാരണമാകുന്നില്ല. എന്നുവരികിലും അതു കമ്മ്യൂണിസത്തിന്റെ പ്രവർത്തനത്തിനു് ഉപാധിയാകുന്നു.

### തൊഴിലാളികളുടെ പിൻതുണയില്ലെങ്കിൽ കമ്മ്യൂണിസത്തിന് ശക്തിയില്ല

കമ്മ്യൂണിസമെന്നു പറഞ്ഞാൽ, കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ സ്വീകരിക്കുകയും അവ നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നാണ് പ്രായോഗികമായ അർത്ഥം. കമ്മ്യൂണിസം ഔദ്യോഗികമായി സ്വീകരിച്ചിരിക്കുന്നതെന്നു വിചാരിക്കപ്പെടുന്ന രാഷ്ട്രമായ റഷ്യയിൽപ്പോലും കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു ന്യൂനപക്ഷമാണ്. റഷ്യയിൽ ആകെയുള്ള ജനസംഖ്യ 180,000,000; 5,000,000 മാത്രമേ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗങ്ങളായിരിക്കുന്നുള്ളു. രാജ്യത്തിലെ അധികാരം മുഴുവനും കമ്മ്യൂണിസ്റ്റ് പാർട്ടി ബലമായി പിടിച്ചെടുത്തു; ബലപ്രയോഗത്താൽ കൈവശം വെച്ചിരിക്കുകയും ചെയ്യുന്നു. സാർ ചക്രവർത്തിമാരുടെ കാലങ്ങളിൽ മഹാഭൂരിപക്ഷംവരുന്ന കർഷകരും തൊഴിലാളികളും സാമുദായികമായും സാമ്പത്തികമായും വളരെ ദുരിതങ്ങൾ അനുഭവിച്ചുപോന്നിരുന്നു. ഒന്നാം ലോകമഹായുദ്ധം അവയെ വർദ്ധിപ്പിച്ചു. ഈ ദുരിതങ്ങൾക്കു തങ്ങൾ നിവാരണങ്ങളുണ്ടാക്കാമെന്നും ക്രമേണ റഷ്യയെ ഭൗമികപറുദീസാതന്നെ ആക്കാമെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി അവരോടു വാഗ്ദാനം ചെയ്തു. അങ്ങനെയാണ് പാർട്ടി അധികാരത്തിലെത്തിയതു്. ഉയർന്ന വർഗ്ഗക്കാരെ നിശ്ശേഷം നശിപ്പിച്ചിട്ടാണെങ്കിലും, വലിയതും ചെറിയതുമായ കർഷകവർഗ്ഗങ്ങളെ കവർച്ചയും പീഡയും വഴിയായി ദണ്ഡിപ്പിച്ചിട്ടാണെങ്കിലും, റഷ്യയിൽ സാമുദായികവും സാമ്പത്തികവുമായ പുനരുദ്ധാരണം പഞ്ചവത്സരപദ്ധതികൾ മുഖേന കമ്മ്യൂണിസ്റ്റ് പാർട്ടി ഏതാണ്ടൊക്കെ സാധിച്ചു. സാർ ചക്രവർത്തിമാരുടെ കാലത്തു അവശതകൾ അത്യുഗ്രമായി അനുഭവിച്ചിരുന്ന തൊഴിലാളികളുടെ അസംതൃപ്തി അല്പസ്വല്പമായിട്ടെങ്കിലും മാറിത്തുടങ്ങി. തത്ഫലമായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണത്തിനു വിധേയരായിരിക്കുവാൻ അവർ സന്നദ്ധരായി.

### റഷ്യൻഫാക്ടറി സൂപ്രണ്ടിന്റെ സാക്ഷ്യം

റൂസ്‌വെൽട്ടിനെതിരായി അമേരിക്കൻ പ്രസിഡന്റുസ്ഥാനത്തിനു തിരഞ്ഞെടുപ്പിൽനിന്ന മിസ്റ്റർ വെൻറൽവിൽക്കി തന്റെ ലോകപര്യടനത്തിനിടയിൽ റഷ്യ സന്ദർശിച്ച അവസരത്തിൽ അവിടത്തെ ഒരു ഫാക്ടറി സൂപ്രണ്ടുമായി നടത്തിയ സംഭാഷണത്തിനിടയ്ക്കു് സൂപ്രണ്ടു് പ്രകാശിപ്പിച്ച അഭിപ്രായം ഈ ഘട്ടത്തിൽ സ്മരണീയമാണ്. സൂപ്രണ്ടിന്റേയും അദ്ദേഹത്തിന്റെ കീഴിലുള്ള ജോലിക്കാരുടേയും ശമ്പളത്തിലുള്ള ഭീമമായ വ്യത്യാസത്തേയും മററും കുറിച്ചു സംഭാഷിച്ചശേഷം വിൽക്കി ഇങ്ങനെ ചോദിച്ചു: "ഈ ഉദ്യോഗം നിങ്ങൾ തൃപ്തികരമായി വഹിക്കുന്നില്ലെങ്കിൽ നിങ്ങൾക്കെന്തു സംഭവിക്കും?" സൂപ്രണ്ടു് മറുപടി പറഞ്ഞു: "ഞാൻ ലിക്വിഡേററു് ചെയ്യപ്പെടും." ഇതിന്റെ അർത്ഥം തരംതാഴ്ത്തൽമുതൽ വധംവരെ ആണെന്നു് വിൽക്കി പറയുന്നു. "നിങ്ങളുടെ ഇവിടത്തെ ഡയറക്ടരെ നിങ്ങൾക്കിഷ്ടമില്ലെന്നു വിചാരിക്കുക. ഈ ഫാക്ടറി വിട്ടുപോയി വേറൊരു ഫാക്ടറിയിൽ നിങ്ങൾക്കു ജോലിയെടുക്കുവാൻ സാദ്ധ്യതയുണ്ടോ?" എന്നു വിൽക്കി ചോദിച്ചു. "ഒരു പാർട്ടിമെമ്പറെന്ന നിലയിൽ, ഏററവുമധികം ഗുണം ചെയ്യുവാൻ എനിക്കു കഴിയുമെന്നു് പാർട്ടി വിചാരിക്കുന്ന സ്ഥലത്തു് ഞാൻ ജോലി ചെയ്യണം" എന്നായിരുന്നു മറുപടി. വിൽക്കി വീണ്ടും ചോദിച്ചു: "വേറൊരുതരം ജോലി ചെയ്യുവാൻ നിങ്ങൾക്കിഷ്ടമാണെന്നു വിചാരിക്കുക. അപ്പോൾ ഈ ജോലി മാറിക്കിട്ടുമോ?" സൂപ്രണ്ടിന്റെ മറുപടി "അതു് അധികാരത്തിലിരിക്കുന്നവർ നിശ്ചയിക്കേണ്ടതാണ്" എന്നായിരുന്നു. ഇങ്ങനെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കീഴിൽ ജോലിചെയ്യുന്നവർക്കുള്ള അസ്വാതന്ത്ര്യങ്ങളെപ്പററി സംഭാഷണം നടന്നശേഷം വിൽക്കി പറഞ്ഞു: "അപ്പോൾ യഥാർത്ഥത്തിൽ നിങ്ങൾക്കു യാതൊരു സ്വാതന്ത്ര്യവുമില്ലല്ലോ." സൂപ്രണ്ടു് ഏതാണ്ടു് സമഭാവത്തിൽ മറുപടിപറഞ്ഞതിങ്ങനെയാണ്: "മിസ്റ്റർ വിൽക്കി, നിങ്ങൾക്കു കാര്യം മനസ്സിലാകുന്നില്ല. എന്റെ പിതാവിനും പിതാമഹനും എന്നെങ്കിലുമുണ്ടായിരുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം എനിക്കുണ്ടു്. അവർ കർഷകരായിരുന്നു. എഴുതാനോ, വായിക്കാനോ, പഠിക്കുവാനോ അവർ ഒരിക്കലും അനുവദിക്കപ്പെട്ടിരുന്നില്ല. അവർ ഭൂമിയോടു് അടിമകളെപ്പോലെ ബന്ധിക്കപ്പെട്ടിരുന്നു. അവർക്കു രോഗം പിടിപെട്ടിരുന്നപ്പോൾ ഡോക്ടർമാരാകട്ടെ ആസ്പത്രികളാകട്ടെ അവരെ സഹായിക്കാനുണ്ടായിരുന്നില്ല. എന്റെ പൂർവ്വന്മാരുടെ ദീർഘമായ ശൃംഖലയിൽ ആദ്യമായി വിദ്യ അഭ്യസിക്കുവാനുള്ള സൗകര്യം ലഭിച്ചതു് എനിക്കാണ്. അതിലാണ് എന്റെ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്. ഇതു സ്വാതന്ത്ര്യമായി നിങ്ങൾക്കു തോന്നുന്നില്ലായിരിക്കും. എന്നാൽ ഒന്നോർക്കണം. ഞങ്ങളിപ്പോൾ ഞങ്ങളുടെ വ്യവസ്ഥിതിയുടെ വികസനദശയിലാണ്. ഇനി ഒരുകാലത്തു് ഞങ്ങൾക്കു രാഷ്ട്രീയസ്വാതന്ത്ര്യവും ലഭിക്കാതിരിക്കുകയില്ല." വിൽക്കി വിട്ടുകൊടുത്തില്ല. "സമസ്തവും രാഷ്ട്രം ഉടമയിൽ വച്ചിരിക്കുന്ന രാജ്യത്തു് രാഷ്ട്രീയസ്വാതന്ത്ര്യവും സാമ്പത്തികസ്വാതന്ത്ര്യവും നിങ്ങൾക്കെന്നെങ്കിലും ഉണ്ടാകുവാൻ സാദ്ധ്യമാണോ?" എന്നു അദ്ദേഹം ചോദിച്ചു. ഇതിനു സൂപ്രണ്ടു മറുപടി പറഞ്ഞതു് ഇടതടവില്ലാതെ മാർക്സ്യൻ സിദ്ധാന്തങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ്. അവയൊഴിച്ചു മറെറാരു മറുപടിയും സൂപ്രണ്ടിനു പറയാനുണ്ടായിരുന്നില്ലെന്നു വിൽക്കി പ്രസ്താവിക്കുന്നു.

ഉണ്ണാനും ഉടുക്കാനും പാർക്കാനും വിദ്യയഭ്യസിക്കാനും മററും അത്യാവശ്യം വേണ്ടവ ഇല്ലാതിരുന്നാലുള്ള അസംതൃപ്തിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അത്യന്തംക്രൂരമായ, നിരീശ്വരപരമായ, സന്മാർഗ്ഗവിരുദ്ധമായ, സ്വാതന്ത്ര്യനിഷേധകമായ ഭരണത്തിനു വിധേയരാകുവാൻ റഷ്യയിലെ തൊഴിലാളികർഷകവർഗ്ഗങ്ങളെ പ്രേരിപ്പിച്ചതെന്നു സ്പഷ്ടമാകുന്നില്ലയോ? കമ്മ്യൂണിസ്റ്റ് പാർട്ടിഗവമ്മെൻറു് സർവ്വവിധേനയുമുള്ള പ്രചരണപ്രസ്ഥാനത്താൽ റഷ്യക്കു പുറത്തുള്ള ലോകം പട്ടിണിയും പാടുമായി കഴിയുകയാണെന്നും, റഷ്യ അടുത്ത ഭാവിയിൽ ഭൗമികപറുദീസായായി തീരുമെന്നുമുള്ള അബദ്ധമായ ധാരണ ഈ കർഷകതൊഴിലാളികളുടെ മനസ്സിൽ നിരന്തരം കുത്തിവച്ചുകൊണ്ടിരിക്കുകയാണ്.

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്ക് കൊളംബോ സാരിവർക്സ്, ബ്രോഡ് വെ - എറണാകുളം.

### ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് തൊഴിലാളികളാണ് പിൻതുണ

റഷ്യയിലെ അന്നത്തെ പ്രത്യേക പരിതസ്ഥിതികളിൽ വിപ്ലവമുണ്ടാക്കുന്നതിനും അതുപകരണമാക്കിക്കൊണ്ടു് കമ്മ്യൂണിസ്റ്റ് പാർട്ടിക്കധികാരം പിടിച്ചെടുക്കുവാനും ഇടയായി. ഇൻഡ്യയിലെ സ്ഥിതി അതല്ല. ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് "19 8-ൽ 100 അംഗങ്ങളിൽതാഴെയാണുണ്ടായിരുന്നതു്" എന്നാണ് 1943 മേയ് മാസത്തിൽ ബോംബെയിൽവച്ചു കൂടിയ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാമത്തെ കോൺഗ്രസിൽവച്ചു് അതിന്റെ ജനറൽ സെക്രട്ടറിയായ മി. പി. സി. ജോഷി ഔദ്യോഗികമായി പ്രസ്താവിച്ചതു്. അന്നാകട്ടെ (1943) "പാർട്ടിക്കു് 16,000 അംഗങ്ങൾ രജിസ്റ്ററിൽ ഉണ്ടെന്നും" അദ്ദേഹം പ്രസ്താവിച്ചു. പാർട്ടിയുടെ ഇന്നത്തെ അംഗസംഖ്യ 53,700 ആണെന്നു് ഇംഗ്ലണ്ടിലെ "കാത്തലിക് വർക്കർ" എന്ന പത്രത്തിന്റെ ആഭിമുഖ്യത്തിലുള്ള ഒരു പ്രസിദ്ധീകരണത്തിൽ കാണുന്നു. ഇത്രവളരെ അംഗങ്ങൾ ഉണ്ടെങ്കിലും ഇൻഡ്യയിലെ ആകെ ജനസംഖ്യയോടു് താരതമ്യപ്പെടുത്തിയാൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി തീരെ അവഗണിക്കപ്പെടാവുന്നതാണെന്നു തോന്നിയേക്കാം. പാർട്ടിയംഗങ്ങളുടെകാര്യം മാത്രമെടുത്താൽ അതു ശരിയാണ്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ "പീപ്പിൾസ് വാർ" എന്ന ഔദ്യോഗികപത്രത്തിന്റെ 1943 ആഗസ്റ്റ് 1-ാം ലക്കത്തിൽ പാർട്ടിയംഗങ്ങളുടെ തരംതിരിവിന്റെ കണക്കു് കൊടുത്തിരുന്നതിങ്ങനെയാണ്: 26 ശതമാനം ഫാക്ടറിതൊഴിലാളികൾ; 36 ശതമാനം കർഷകതൊഴിലാളികൾ; 11 ശതമാനം വിദ്യാർത്ഥികൾ; 5 ശതമാനം സ്ത്രീകൾ; ബാക്കിയുള്ള ശതമാനം മററു വിവിധജനവർഗ്ഗങ്ങളിൽ പെട്ടവർ. ഇങ്ങനെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യക്കു് തീർച്ചയായും ഒരു ഭീഷണിയല്ല. എന്നാൽ പാർട്ടിയുടെ ശക്തി അംഗസംഖ്യയെമാത്രം ആശ്രയിച്ചിരിക്കുന്നുവെന്നു് വിചാരിക്കുന്നതാണബദ്ധം. പാർട്ടിയുടെ താളത്തിനു തുള്ളാൻ, പണിമുടക്കുകളും മററും കൊണ്ടു് വിപ്ലവത്തിനു കളമൊരുക്കുവാൻ, ലക്ഷക്കണക്കിനു് ആളുകൾ സ്വാധീനത്തിലുണ്ടെന്നുള്ളതു വിസ്മരിക്കരുതു്. അതിന്റെ കണക്കും മി. ജോഷി പ്രസ്തുത കോൺഗ്രസ്സിൽ നൽകിയിരുന്നു. ആ കണക്കനുസരിച്ചു് 3 ലക്ഷം വ്യവസായതൊഴിലാളികൾ, 4 ലക്ഷം കർഷകതൊഴിലാളികൾ, 39000 വിദ്യാർത്ഥികൾ, 49000 സ്ത്രീകൾ, 32000 ചെങ്കുപ്പായധാരികളായ ഭടന്മാർ (Red Guards) ഇത്രയുമാളുകളാണവർ. ഇതിനുംപുറമെ പാർട്ടിയുടെ കീഴിൽ മുഴുവൻ സമയം പ്രചരണവേലയിൽ ഏർപ്പെട്ടിരിക്കുന്ന 2637 പ്രവർത്തകന്മാരുണ്ടെന്നും ജോഷി പറഞ്ഞു. ഇവർ വിപ്ലവാസക്തരായ പ്രവർത്തകന്മാരാണെന്നും തങ്ങളുടെ സമയം മുഴുവനും പാർട്ടിയിൽ അംഗങ്ങളെ ചേർക്കുവാനും പാർട്ടിയുടെ സ്വാധീനം വർദ്ധിപ്പിക്കുവാനും പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരാണെന്നും പ്രസ്തുത പത്രം പ്രസ്താവിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് തൊഴിലാളികളുടേയും കർഷകരുടേയും വിദ്യാർത്ഥികളുടേയും മററും മേൽ കൈവന്നിരിക്കുന്നതും കൈവരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതുമായ സ്വാധീനശക്തി അഗണ്യമല്ലെന്നു സ്പഷ്ടമല്ലയോ? കമ്മ്യൂണിസ്റ്റ് പാർട്ടിക്കു തൊഴിലാളികളുടേയും മററും മേൽ സംലബ്ധമാകുന്ന ഈ സ്വാധീനശക്തിയാണ് ഏതു രാജ്യത്തിനും വലിയ ഭീഷണിയായിരിക്കുന്നതു്. 1943-ൽ പതിനാറായിരം ആയിരുന്ന ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയംഗങ്ങൾ ഇന്നു അൻപത്തിനാലായിരത്തോളം ആയെങ്കിൽ തൊഴിലാളികളുടേയും മററും മേൽ പാർട്ടിക്കു് അന്നുണ്ടായിരുന്ന സ്വാധീനം എത്ര കൂടുതൽ വിപുലമായിത്തീർന്നിരിക്കണം.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തൊഴിലാളികളുടേയും മററും മേലുള്ള ഈ സ്വാധീനശക്തിയുടെ അടിയിൽ കിടക്കുന്നതു് തൊഴിലാളികളുടേയും മററും അസംതൃപ്തികരമായ ജീവിതസ്ഥിതിയാണെന്നുള്ളതിനു വല്ല സംശയവുമുണ്ടോ? കമ്മ്യൂണിസ്റ്റുകാർ കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുന്നവരാണെന്നു്, തൊഴിലാളികളുടേയും മററും അസംതൃപ്തിയെ ചൂഷണംചെയ്യുന്നവരാണെന്നു," സകലരും സമ്മതിക്കുന്നുണ്ടു്. വെള്ളം കലങ്ങാതെയിരുന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് മീൻപിടിക്കുവാൻ സാധിക്കുകയില്ല; തൊഴിലാളികൾക്കു് അസംതൃപ്തിയില്ലെങ്കിൽ അതിനെ ചൂഷണം ചെയ്യാൻ സാദ്ധ്യമല്ല. അതിനെ ചൂഷണംചെയ്യുന്നതിലാണ് കമ്മ്യൂണിസത്തിന്റെ ശക്തിയും ഭീഷണിയും ഇരിക്കുന്നതു്. ആകയാൽ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ വകവെച്ചുകൊടുത്തു് അവരെ സംതൃപ്തരാക്കാൻ ശ്രമിക്കണം. അപ്പോൾ കമ്മ്യൂണിസത്തെ ഭയപ്പെടേണ്ടിവരികയില്ല.

### ചരമം

പരേതനായ ജോയിന്റ് സിക്രട്ടറി മി. ജോർജ്ജ് പാനികുളത്തിന്റെ ജ്യേഷ്ഠസഹോദരനും റവ. ഫാ. ജോർജ്ജ് പാനിക്കുളത്തിന്റെ പിതാവുമായ മി. കുഞ്ഞിപ്പാലു പാനികുളം സ്വദേശമായ കാട്ടൂർ വച്ചു് ജാനുവരി 25-ാംനു നിര്യാതനായിരിക്കുന്നു. R. I. P.


## മൂക്കന്നൂർ അനാഥശാലഡിപ്പോ എറണാകുളം

വില്പനയ്ക്കുള്ള പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 31 | ഫ്രാൻസീസ് സേവ്യർ | 2 | 6 | 0 |
| 32 | കാറൽമാൻ ചരിത്രം | 0 | 5 | 0 |
| 33 | അല്ഫോൻസ് റൊഡ്റിഗ്വാസ് | 0 | 3 | 0 |
| 34 | ചൈനായിലെ ചെറുസൂനം | 0 | 6 | 0 |
| 35 | പാദുവായിലെ മറിയം | 0 | 6 | 0 |
| 36 | ആൻറണീറോ | 0 | 6 | 0 |
| 37 | ഭക്തിമാർഗ്ഗപ്രവേശിക | 1 | 12 | 0 |
| 38 | സ്നേഹരാജനായ ഈശോ | 1 | 12 | 0 |
| 39 | ദിവ്യബലി | 1 | 12 | 0 |
| 40 | ആദ്ധ്യാത്മികശിശുത്വം | 1 | 10 | 0 |

ബാലരംഗം

## പരീക്ഷണഘട്ടങ്ങൾ

ഫലമൊന്നു കുഴിച്ചു മണ്ണിലിട്ടാൽ
പല കൊമ്പും തകരങ്ങളും വിളങ്ങും
ചില പൊട്ടി മറിഞ്ഞു വീഴുമപ്പോൾ
ചില വർദ്ധിച്ചു ഫലങ്ങളും പൊഴിക്കും.

പ്രിയ കുഞ്ഞുങ്ങളേ,

ഒരു ഫലം മണ്ണിൽ കുഴിച്ചിട്ടുകഴിഞ്ഞാൽ അതു മുളച്ചു വളർന്നു ഫലം പുറപ്പെടുവിക്കുന്നതിനു മുമ്പു എന്തെല്ലാം പ്രതികൂലശക്തികളോടാണു് കർഷകൻ മല്ലിടേണ്ടിവരുന്നതെന്നു ആ ഫലം ഭക്ഷിക്കുന്നവരോ, ആ വൃക്ഷം കാണുന്നവരോ സാമാന്യം ചിന്തിക്കാറില്ല. ഫാദർ ജോൺബോസ്കോ സലേഷ്യൻ ഓററ്ററി എന്നൊരു ഫലം കുഴിച്ചിട്ടു. ഇന്നു് അതു വളർന്നു ശാഖോപശാഖകളായി ലോകമാസകലം പടർന്നു ഫലസമ്പുഷ്ടമായി പരിലസിക്കുന്നതു കാണുന്നവരോ, അതിന്റെ അത്ഭുതഫലങ്ങൾ ഇപ്പോൾ അനുഭവിക്കുന്നവരോ, അതു വളർത്തിക്കൊണ്ടു വരുന്നതിലേക്കു ആ വന്ദ്യവൈദികസത്തമൻ പെട്ട പാടുകളെപ്പററി എന്തറിയുന്നു! ക്ലേശഭൂയിഷ്ഠങ്ങളായ എത്ര ദിനരാത്രങ്ങൾ! ഹൃദയഭേദകങ്ങളായ എത്ര ഖേദസമനികൾ അദ്ദേഹം തരണം ചെയ്യേണ്ടിവന്നു!!

ബെറോളോ പ്രഭ്വിയുടെ ആതുരശാലയിൽ ഓററ്ററിയുടെ ആശീർവ്വാദകർമ്മം നടന്നശേഷം കുട്ടികളുടെ സംഖ്യ അനുദിനം വർദ്ധിച്ചുവന്നു. ഏകദേശം മുന്നൂറോളമായിക്കഴിഞ്ഞു. അപ്പോഴിതാ കുട്ടികളെപ്പററി നാനാതരത്തിലുള്ള പരാതികൾ പ്രഭ്വിയുടെ പക്കൽ ചെന്നിരിക്കുന്നു. രോഗികൾക്കു പൊറുതിയില്ലാതായിത്തീർന്നിരിക്കുന്നത്രെ. ഉടനെ പുറപ്പെട്ടു പ്രഭ്വിയുടെ ഉഗ്രശാസനം, തൽക്ഷണം കുട്ടികൾ സ്ഥലം വിട്ടുകൊള്ളണമെന്നു്. ആ മഹതി കല്പിച്ചു കഴിഞ്ഞാൽ പിന്നെ എതിർവാക്കില്ല. കഷ്ടിച്ചു ആറുമാസം കഴിയുന്നതിനുമുമ്പു് കെട്ടും കിടയുമെടുത്തു് കുട്ടികളെല്ലാം അവിടംവിട്ടു പോകേണ്ടിവന്നു.

അടുത്തുതന്നെ വിശാലമായ ഒരു പറമ്പിൽ ഒരു സിമിത്തേരിപ്പള്ളിയുണ്ടായിരുന്നു. അവിടത്തെ ഭരണാധികാരിയായ ഒരു വല്യച്ചന്റെ കരുണാതിരേകത്താൽ കുട്ടികൾക്കു അവിടെ പ്രവേശനം അനുവദിച്ചു. കഷ്ടകാലമെന്നല്ലേ പറയേണ്ടു. വല്യച്ചന്റെ വേലക്കാരിയായ ഒരു മുതുകിഴവിക്കു ഈ കുളിപ്പിള്ളേരെ അശേഷം രസിച്ചില്ല. പൊരുന്നവച്ചിരുന്ന ഒരു കോഴിപ്പിട ഇവരുടെ അട്ടഹാസംകൊണ്ടു പറന്നുപോയി എന്നൊരു ചാർജ്ജുകൂടി ചേർന്നപ്പോൾ കാര്യമെല്ലാം കുഴഞ്ഞു. മനസ്സുകേടോടെയെങ്കിലും ഇൻജങ്ക്ഷൻ ഓർഡർകൊടുക്കാതെ വല്യച്ചനു നിവ്വാഹമില്ലെന്നായി. അവിടന്നും കുടി പുറപ്പെട്ടു.

ഏതാനും ആഴ്ചകൾ ചുററിത്തിരിഞ്ഞിരുന്നശേഷം മുനിസിപ്പാലിററിവക ഒരു കെട്ടിടവും സ്ഥലവും തൽക്കാല ഉപയോഗത്തിനു കിട്ടി. അയൽവാസികളുടെ സങ്കടനിവേദനം നിമിത്തം അധികം താമസിയാതെതന്നെ ഒരു നോട്ടീസു് വന്നുചേർന്നു—ഈ അറിയിപ്പു കണ്ടാലുടൻ സ്ഥലം വിട്ടുകൊള്ളണം. അലഞ്ഞുതിരിയേണ്ടിവരുന്ന കുഞ്ഞുങ്ങളെ ഓർത്തു് ഫാദർ ബോസ്കോയുടെ നെഞ്ചുരുകി തകരുകതന്നെ ചെയ്തു.

ബെറോളോ പ്രഭ്വിയുടെ മറെറാരാതുരശാലയിൽ കുറെ നാളത്തേക്കു തങ്ങാൻ സാധിച്ചു. അവിടെയും തുടങ്ങി അയൽവാസികളുടെ ശല്യം. കുട്ടികൾ നാനൂറോളമായി കഴിഞ്ഞിരുന്നു എന്തൊരു ബഹളമായിരിക്കുമെന്നൂഹിക്കാമല്ലോ. വിനാപിള്ളബം അവിടന്നും ബഹിഷ്കൃതരായി. ട്യൂറിനിലെ വിജനപ്രദേശങ്ങൾതന്നെ അച്ചനും കുഞ്ഞുങ്ങൾക്കും അഭയസ്ഥാനമായിത്തീർന്നു.

അവിടെയും പൊറുതിയില്ലെന്നായി. അടുത്തുള്ള ചില ഇടവക വികാരിമാർ പ്രതിഷേധിച്ചു തുടങ്ങി. അങ്ങുമിങ്ങും കിടക്കുന്ന യുവജനങ്ങളെയെല്ലാം ഈ കൊച്ചച്ചൻ കൂട്ടി ഇളക്കിക്കൊണ്ടു നടന്നാൽ ഒടുവിൽ അവർക്കു ഇടവകയുമില്ല, വികാരിയുമില്ല എന്നുള്ള മട്ടാകും. എന്തൊരാഴിമതിയാണിതെന്നായി വാദകോലാഹലം. ഇടയനും തൊഴുത്തുമില്ലാതെ കാട്ടുകേറി നടന്ന ഈ കാട്ടുജന്തുക്കളെ കുഞ്ഞാടുകളാക്കി പകർത്തുന്നതു കുററമാണോ? എന്നു ബോസ്കോ അച്ചന്റെ അനുകൂലകക്ഷികൾ വാദിച്ചെങ്കിലും ആരു കേൾക്കാനാണു്.

അതുകൊണ്ടുമായില്ല. മുനിസിപ്പൽ പ്രസിഡണ്ടിനു ഹർജികൾ പുറകേ പുറകേ. എന്തോ വിപ്ലവപ്രസ്ഥാനത്തിനു ഈ കേഡികുട്ടികളെയെല്ലാം ഒരു കത്തനാരു തയ്യാറാക്കിക്കൊണ്ടു വരികയാണു്; നേരത്തേ സൂക്ഷിച്ചുകൊള്ളണം. അന്വേഷണങ്ങൾ ആരംഭിച്ചു സംഘടന തുടരാൻ പാടില്ലെന്നു മുനിസിപ്പൽ പ്രസിഡണ്ടു്. മെത്രാപ്പോലീത്താ കല്പിച്ചാൽ കേൾക്കാം; അല്ലാതെ നിവൃത്തിയില്ലെന്നു ഫാദർ ബോസ്കോ. യോഗനടപടികൾ അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ സി ഐ ഡി. നിയുക്തരായി. ജോൺബോസ്കോ അച്ചന്റെ ഉപദേശങ്ങൾ അവരും കേൾക്കേണ്ടിവന്നു "രണ്ടു മൂന്നു തവണകൂടി ഈ യോഗങ്ങളിൽ നാം സംബന്ധിക്കുന്ന പക്ഷം നല്ലകുമ്പസാരം കഴിപ്പാൻ നാം നിർബന്ധിതരായിത്തീരും" എന്നായി അവരുടെ പേടി.

പ്രിയ കുഞ്ഞുങ്ങളേ. ലോകത്തിന്റെ കളികൾ കണ്ടിട്ടു നിങ്ങൾക്കു അത്ഭുതം തോന്നുന്നുണ്ടായിരിക്കും. അത്ഭുതപ്പെടാനില്ല. ക്രമേണ നിങ്ങൾതന്നെ അനുഭവിച്ചറിയും. ഏതു നല്ല കാര്യത്തിനു തുടങ്ങിയാലും അനുഭവം ഇതുതന്നെ. ലോകവും പിശാചുംകൂടെ തച്ചുതകർക്കും.



ങ്ങും. സ്ഥിരമായി നില്ക്കുന്നവൻ കാര്യം നേടും. അല്ലാത്ത ഭീരുക്കൾ പേടിച്ചോടും. മനസ്സിലാക്കിക്കൊള്ളുക.

എഴുത്തുകളെപ്പററി

നിങ്ങളുടെ എഴുത്തുകളെക്കുറിച്ചു ചില സംഗതികൾ പറയാനുണ്ടെന്നു മുമ്പൊരിക്കൽ പ്രസ്താവിച്ചിരുന്നല്ലോ. ഇത്തവണ എഴുത്തുകൾ എഴുതേണ്ടവിധത്തെപ്പററിപ്പറയാം. അതിനും ഒരു നിശ്ചിത സമ്പ്രദായമുണ്ടു്. വലിയ ക്ലാസ്സുകളിലേക്കു ചെല്ലുമ്പോൾ നിങ്ങളതു പഠിക്കും. എന്നാൽ ഇപ്പോൾ എനിക്കയച്ചിരിക്കുന്ന എഴുത്തുകളിൽ പലതും ആ മുറകളൊന്നും പഠിക്കാത്തവരുടേതാണെന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. എന്നു "ഞാൻ ആദ്യമായിട്ടെഴുതുന്ന എഴുത്താണിതു്" എന്നു പലരും പരമാർത്ഥതയോടെ ഏററുപറഞ്ഞിട്ടുമുണ്ടു്. കൊള്ളാം. അങ്ങനെ ഒന്നാമത്തെ ഒരെഴുത്തു എഴുതാനെങ്കിലും നമ്മുടെ ബാലരംഗംമൂലം ഇടയായല്ലോ. ഇനി എഴുതുന്നതു രണ്ടാമത്തേതായിരിക്കയും ചെയ്യും. അതു കുറവുതീർത്തു എഴുതാൻ ശ്രമിക്കണം.

എഴുതെഴുതുന്ന കടലാസിന്റെ അഥവാ കാർഡിന്റെ ഇടത്തെ അരികിൽ അല്പം ഒരു മാർജിൻ ഇട്ടിരിക്കണം. വലത്തുവശം മുകൾഭാഗത്തു സ്വല്പം ഇടയിട്ടുകൊണ്ടു അവിടെ സ്ഥലത്തിന്റെ പേരു ഒരു വരിയിലു, ആണ്ടു മാസം തീയതി അതിന്റെ നേരെ താഴെ ഒരു വരിയിലും എഴുതണം. അനന്തരം ഇടത്തുവശത്തു. തീയതിയുടെ ലൈനിനു താഴെയായി നില്ക്കത്തക്കവണ്ണം എഴുതുന്ന ആളിനെ സംബോധനചെയ്തുകൊണ്ടു ഒരു കോമാ (അങ്കുശം) ഇടണം. അങ്കുശത്തിനു നേരെ താഴെ എഴുത്തിന്റെ ആദ്യവരി തുടങ്ങണം. എഴുത്തു ആവശ്യംപോലെ രണ്ടോ മൂന്നോ പാരഗ്രാഫ് (ഖണ്ഡിക) ആയി തിരിക്കാം. ഓരോ


# FREE INDIA BANK LIMITED
**H. O. Kottayam, Travancore**
(Incorporated under Travancore Companies Act—Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam. | Ramapuram. | Ullala. |

FIXED DEPOSITS received at rates varying from 4%—6% interest per annum.
6% CASH CERTIFICATES issued.
CHEQUES, DRAFTS & BILLS accepted
All interests payable Half Yearly.
BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |


ഖണ്ഡികയുടെയും തുടക്കം ഒരേ ലൈനിലായിരിക്കണം. ഒടുവിൽ വലത്തുവശത്തു തീയതിവച്ചതിനു ചൊവ്വു താഴെ യഥാവിധം എഴുത്തു അവസാനിപ്പിച്ചു ഒപ്പുവയ്ക്കണം. താഴെ കൊടുക്കുന്ന മാതൃക നോക്കുമ്പോൾ മേല്പറഞ്ഞതെല്ലാം വിശദമാകും.

കുഴിക്കാട്ടുശ്ശേരി,
9—2—49.

പ്രി. ബ. വല്യച്ചാ,

ഞങ്ങളുടെ വീട്ടിൽ സത്യദീപത്തിന്റെ വരവു എല്ലാവരും കാത്തിരിക്കയാണു്. അഞ്ചൽക്കാരൻ വരാൻ താമസിച്ചാൽ ഞാൻ അഞ്ചലാപ്പീസിലെത്തും.

ബാലരംഗമാണു് ഞങ്ങളുടെ ഒന്നാമത്തെ നോട്ടം വല്യച്ചന്റെ കുറിപ്പുകൾ ഞങ്ങൾ വീണ്ടും വീണ്ടും വായിക്കും. എന്റെ അനുജൻ ദേവസ്സിക്കുട്ടിക്കു അതു പിന്നെയും കേൾക്കണമെന്നു പറയും.

വല്യച്ചനുവേണ്ടി ഞങ്ങൾ എന്നും അപേക്ഷിക്കുന്നുണ്ടു്. ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണമേ.

എന്നു എളിയ മകൻ
കോക്കാട്ടു കാക്കക്കുട്ടി
(ഒപ്പു)

മേൽവിലാസം എഴുതുന്നതിനും അതുപോലെതന്നെ നിശ്ചയിക്കപ്പെട്ട ഒരു മുറയുണ്ടു്. സ്റ്റാമ്പു പതിക്കാനുള്ള എൻവലപ്പാണെങ്കിൽ വലത്തു പശത്തു മുകളിലായി അതു പതിക്കണം. അതിനു താഴെ ഭാഗത്തു നില്ക്കത്തക്കവണ്ണം മേൽവിലാസം ഇങ്ങനെ എഴുതണം:

S. A. G. | സ്റ്റാമ്പു |

ദിവ്യശ്രീ
ബ. വല്യച്ചൻ അവർകൾക്കു്
സത്യദീപം ആപ്പീസ്
എറണാകുളം.


എല്ലാവിധ
എംബ്രോയിഡറി
വേലകൾക്കും
പ്രശസ്ത സ്ഥാപനം
കൊളംബോ സാരി പർക്കു്,
ബ്രോഡ്‌വെ-എറണാകുളം.


## നിങ്ങൾക്കറിയാമോ?

1 മാമ്മോദീസായിൽ "തലതൊടുന്നവരെ" നിശ്ചയിക്കേണ്ടതു ആരാണു്?

2 കുഞ്ഞുവർക്കി "തലതൊടാൻ" ചെന്നിട്ടു് കുഞ്ഞിന്റെ സമീപം നിൽക്കുകയും അച്ചൻ ചോദിച്ച ചോദ്യങ്ങൾക്കു മറുപടി പറകയും മററും ചെയ്തു. പക്ഷേ കൂദാശാകർമ്മം നിവ്വഹിക്കപ്പെട്ടപ്പോൾ കുട്ടിയുടെ ദേഹത്തു തൊട്ടില്ല. അയാൾ ആ കുട്ടിയുടെ ജ്ഞാനസ്നാനപിതാവായോ?

3 പത്രോസിന്റെ ഭാര്യയുടെ സഹോദരൻ അന്തോനി ഒരു യാക്കോബായക്കാരനാണു്. പത്രോസിന്റെ കുട്ടിയെ തലതൊടുന്നതിനായി പത്രോസു് പ്രസ്തുത അന്തോനിയെ വിളിച്ചുകൊണ്ടുപോന്നു. അയാൾ ജ്ഞാനസ്നാനപിതാവായിരിക്കാൻ അനുവദിക്കാവുന്നതാണോ?

4 കമ്മ്യൂണിസ്റ്റു് സംഘടനയിൽപ്പെട്ട ഒരാൾ ജ്ഞാനസ്നാനാവസരത്തിൽ കുട്ടികളെ തലതൊടുന്നതിനു് അനുവദിക്കാവുന്നതാണോ?

(ഉത്തരങ്ങൾ 10-ാം പേജിൽ)

## ജീവിതാവലോകനം

(എൻ. യു. ജോസഫ, ഇടപ്പള്ളി)

ചിലമുൾച്ചെടി ചേർന്ന വാടിതൻ
നടുവിൽ ചെമ്പനിനീർസുമോപമം
നരലോകവിശിഷ്ടഭാഗ്യമായ്
വിടരും ശൈശവമേ, തൊഴുന്നു ഞാൻ 1

ഇളയിൽ കൂടികൊള്ളുമാളുകൾ—
ക്കിയലും ജീവിതതപ്രചിന്തയിൽ
ഒരു ബാല്യസമാനമേതുതാ-
നിതരാവസ്ഥയതിപ്രശസ്തമായ്! 2

ഉരുസംഭ്രമമാർന്ന സൂതികാ-
ലയമൊന്നിന്നുളവായി നീണ്ടഹോ
ശ്രുപമണെന്റിയസമ്പുടങ്ങളിൽ
ശിരതല്ലുന്നു കിശോരരോദനം 3

ശിശു നീന്തുകയാണു വേഗമ-
പ്പുരുകരമാംപദം കരേറുവാൻ
അതുവിട്ടുടനേ യുവത്വമാം
വനഭാഗാന്തരമാർന്നിടുന്നിതേ! 4

അവിടത്തിലതീവമോദമോ-
ടവിശങ്കം മരുവുന്ന വേളയിൽ
ഇരുൾമൂടി നിരാശവാഴുമ-
ഗ്ഗുഹയാം വൃദ്ധതയിൽപ്പതിക്കയായ് 5

മിഴിനീരുപൊഴിച്ചുകൊണ്ടു കാ-
ലിടറിത്തപ്പിനടന്നു നാൾക്കുനാൾ
കടമങ്കിടിയൊത്തു മറുപോം-
വഴിയാറങ്ങനെ വിഭ്രമിക്കവെ 6

മരണം സടയിട്ടുലച്ചു ഭീ-
കരമാം ഗർജ്ജനമാചരിക്കയാൽ
ഇടനെഞ്ചു തകർന്നു കേണുടൻ
കരൾ പൊട്ടിത്തുലയുന്നു മാനുഷൻ 7

ഒരു നാലുദിനം കഴിഞ്ഞു മെയ്
പൊടിയായിട്ടു പിരിഞ്ഞു പോയിടും
അതുപോലെ മറഞ്ഞു നില്ക്കുമാ-
മനുജന്നുള്ളൊരുദന്തവും ഭൂവി 8

നരജീവിതമീവിധം വെറും
ചലനത്തിന്നു വിധേയമല്ലയോ?
ഇലയും മലരും മരങ്ങളും
പറയുന്നുണ്ടിതു സർവ്വനേരവും 9

അനുദിനമുപകാരം ചെയ്യണം നമ്മൾ മേന്മേ-
ലനുപമതരമായിട്ടായതിന്നല്ലി ജന്മം?
അകലുഷസുകൃതങ്ങൾ മിന്നിടും താരകം പോ-
ലനവരതമുടഞ്ഞിടുന്നതാണീശ്വരീനം. 10

[കേരളത്തിലെ കിൽമെർ: ചെറിയ ചെറിയ വാക്കുകൾകൊണ്ടു വലിയ വലിയ കാര്യങ്ങൾ പറഞ്ഞൊപ്പിക്കുവാൻ സാധിക്കുന്ന ശ്രീ എൻ. യു. ജോസഫിന്റെ കവിതാചാതുരി "ട്രീ"യുടെ കർത്താവായ ജോയിസ് കിൽമെറെയാണു് എന്റെ ഓർമ്മയുടെ മുൻപിൽ കൊണ്ടുവന്നു നിറുത്തുന്നതു്.

ഞാനൊരു പ്രവാചകനല്ലെങ്കിലും, കേരളത്തിലെ ക്രിസ്തുസാഹിത്യത്തിൽ ശ്രീ ജോസഫിന്റെ കവിതകൾക്കു സുരക്ഷിതമായ ഒരു സ്ഥാനം ആർജ്ജിക്കുവാൻ സാധിക്കുമെന്നു എനിക്കു നിസ്സംശയം പറയുവാൻ കഴിയും. സാഹിതിയുടെ പിള്ളത്തൊട്ടിലിൽ കിടന്ന യങ്ങിക്കൊണ്ടു ജോസഫ് കുഞ്ഞു ഉതിർക്കുന്ന മധുരകളാലാപങ്ങൾ കേൾക്കുന്നതിനായി ഞാൻ സഹൃദയലോകത്തെ ക്ഷണിച്ചുകൊള്ളുന്നു.

ജോസഫ് മീനാട്ടൂർ എം. എ.]

സന്യാസസഭ സ്ഥാപിച്ച

## "മടിയനായ ബാലൻ"

ജോണിനു സ്കൂളിൽ പോകാൻ വലിയ മടിയായിരുന്നു; അവന്റെ അനാരോഗ്യമായിരുന്നിരിക്കാം അതിനൊരു കാരണം. എങ്ങനെയായാലും സ്കൂളില്ലാത്ത ദിവസങ്ങളിൽ അമ്മ കൊടുക്കുന്ന ജോലി ചെയ്യാൻ ജോണിനു വലിയ സന്തോഷമായിരുന്നു. അവന്റെ പിതാവിന്റെ മരണശേഷം കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി കൂടുതൽ ശോചനീയമായി ഭവിച്ചു. തൽഫലമായി ബാലനായിരിക്കുമ്പോൾത്തന്നെ ജോണി വിദ്യാഭ്യാസം നിർത്താൻ നിർബന്ധിതനായി. അവൻ ഉപജീവനമാർഗ്ഗം തേടി ലോകരംഗത്തേക്കിറങ്ങി. ആദ്യം കൂലിവേലക്കാരനായി ജോലി നോക്കി. അനന്തരം സ്വദേശമായ ജർമ്മനിയിലെ ബേഡനിലും സമീപപ്രദേശങ്ങളിലും ചുററിനടന്നു ഭവനങ്ങൾ അലങ്കരിക്കുന്ന ജോലി തുടങ്ങി.

ഒരു പുരോഹിതനാകണമെന്ന അഭിലാഷം നേരത്തെതന്നെ ജോണിനുണ്ടായിരുന്നതാണ്. ആ ആശാസൂനത്തെ കരിച്ചുകളയുന്നതിനു ദുരദൃഷ്ടങ്ങൾക്കു സാധിച്ചിരുന്നില്ല. എന്നുതന്നെയുമല്ല, ഇപ്പോഴതു പൂർവ്വാധികം വികസിതമാകയും ചെയ്തു. അവൻ ദൃഢനിശ്ചയം ചെയ്തു, ക്രിസ്തുനാഥന്റെ മുന്തിരിത്തോട്ടത്തിലെ ഒരു വിനീത ശുശ്രൂഷകനാകണമെന്ന്. ഈ നിശ്ചയത്തിനു വിലങ്ങുതടിയായി നിന്നതു് അവന്റെ ദാരിദ്ര്യംമാത്രം. പക്ഷേ ജോണിനു സഹായഹസ്തം നീട്ടാൻ പലരും സന്നദ്ധരായി. അവൻ വൈദികവിദ്യാലയത്തിൽ പ്രവേശിച്ചു പഠനമാരംഭിക്കയും 1878-ാമാണ്ടിൽ 30-ാമത്തെ വയസ്സിൽ—സഭയ്ക്കെതിരായ നിഗ്രഹപ്രവർത്തനങ്ങൾ കൾട്ടൂർ കാമ്പ് എന്ന പേരിൽ നാടെങ്ങും നടമാടിയിരുന്നപ്പോൾ—പുരോഹിതനായി അഭിഷിക്തനാകുകയും ചെയ്തു.

വൈദികപട്ടം സ്വീകരിച്ചശേഷം ജോൺ റോമിലേക്കും അനന്തരം പാലസ്തീനിലേക്കും പോയി ദിവ്യരക്ഷകന്റെ പാദസ്പർശമേററ വിശുദ്ധ ഭൂമിയിൽക്കൂടി സഞ്ചരിക്കുമ്പോൾ ആ യുവവൈദികനു ഒരു സന്യാസസഭ സ്ഥാപിക്കുന്നതിനു അഭിനിവേശമുണ്ടായി. വിശ്വാസസത്യങ്ങൾ പ്രചരിപ്പിക്കുകയെന്നതു പ്രസ്തുതസഭയുടെ പ്രധാന ലക്ഷ്യമായിരിക്കണമെന്നു് ഫാദർ ജോൺ ഉദ്ദേശിച്ചിരുന്നതുകൊണ്ടു അതിനു "ദിവ്യരക്ഷകന്റെ സഭ" എന്നു പേരിടുവാൻ അദ്ദേഹം തീരുമാനിച്ചു. റോമയിലെത്തി പരിശുദ്ധപിതാവിനെ സന്ദർശിച്ചശേഷം 1881-ൽ മാതാവിന്റെ അമലോത്ഭവതിരുനാളിൽ സഭ സ്ഥാപിക്കുകയും ചെയ്തു. തദവസരത്തിൽ അദ്ദേഹം കുരിശിന്റെ ഫ്രാൻസിസ് എന്ന നാമം സ്വീകരിച്ചു. പുതിയ സന്യാസസഭ ക്രമാനുഗതമായ അഭിവൃദ്ധി പ്രാപിച്ചെങ്കിലും അതിന്റെ സ്ഥാപകന്റെ ജീവിതം ആദ്യന്തം ക്ലേശകരമായിരുന്നു. പക്ഷേ ഫാദർ ഫ്രാൻസിസ് ഭഗ്നോത്സാഹനായില്ല. അദ്ദേഹം ധൈര്യസമേതം മുന്നോട്ടുപോയി.

സ്വജീവിതദീപമെരിഞ്ഞുതീരാറായിരിക്കുന്നെന്നു ബോദ്ധ്യംവരുകയാൽ 1915-ൽ ഫാദർ ഫ്രാൻസിസ് സഭയുടെ ജനറലുദ്യോഗം രാജിവച്ചു മൂന്നുകൊല്ലത്തിനുശേഷം സ്വിററ്സർലണ്ടിലെ ഒരു ആതുരാലയത്തിൽവച്ചു അദ്ദേഹം ചരമംപ്രാപിച്ചു. 1948-ൽ ഫാദർ ഫ്രാൻസിസിന്റെ അനുയായികൾ അദ്ദേഹത്തിന്റെ ജന്മദിനശതാബ്ദം ആഘോഷിക്കുകയുണ്ടായി. ഇപ്പോൾ റീത്തുകളുടെ തിരുസംഘം അദ്ദേഹത്തെ സിദ്ധൻ എന്നു പേർ വിളിക്കുന്ന കാര്യം ആലോചിച്ചുവരുകയാണ്.

——

## കോയമ്പത്തൂർമെത്രാൻ നിര്യാതനായി

കോയമ്പത്തൂർ മെത്രാൻ മൊറററ് റവ. ഡോക്ടർ ഉപകാരസ്വാമി തിരുമനസ്സുകൊണ്ടു് കഴിഞ്ഞ ശനിയാഴ്ച ഹൃദയസ്തംഭനംമൂലം സേലത്തുവച്ചു നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം തിങ്കളാഴ്ച കോയമ്പത്തൂർവച്ചു് നിർവ്വഹിക്കപ്പെട്ടു. F. I. F.

## കർദ്ദിനാൾ മിൻസെൻറി

ഹംഗറിയിലെ കർദ്ദിനാളായ മിൻസെൻറി തിരുമേനിയെ 1948 ഡിസംബർ 27-ാംനു-യാണ് ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് അറസ്റ്റു് ചെയ്തതു്. ഗവമ്മെൻറിന്റെ വിരോധികളുമായി നിഗൂഢബന്ധത്തിലേപ്പെട്ടിരുന്നെന്നും, ഹംഗറിയിൽ രാജവാഴ്ച പുനഃസ്ഥാപിക്കാൻ പരിശ്രമിച്ചെന്നും, വിദേശനാണ്യങ്ങൾ നിയമവിരുദ്ധമായി കൈകാര്യം ചെയ്തെന്നും മററുമാണ് തിരുമേനിയുടെ മേലുള്ള ചാർജ്ജുകൾ. ഇപ്പോൾ കേസ്‌വിസ്താരം കഴിഞ്ഞിരിക്കുന്നു. തിരുമേനിയുടെ അറസ്റ്റിൽ ഐർലണ്ടു്, ബൽജിയം, ആസ്ത്രിയ, കാനഡാ, അമേരിക്കൻ ഐക്യനാടുകൾ ആദിയായ രാജ്യങ്ങളിൽനിന്നു പ്രതിഷേധസ്വരമുയർന്നിട്ടുണ്ടു്.

ഒരു കൃഷീവലകുടുംബത്തിൽ ജനിച്ച മിൻസെൻറി 30 വർഷത്തോളം ഒരു സാധാരണ വൈദികനായി നാട്ടുംപുറങ്ങളിലെ പാവപ്പെട്ടവരുടെ ഉൽക്കർഷത്തിനായി യത്നിച്ചുപോന്നിരുന്നു. 1944-ൽ അദ്ദേഹം മെത്രാനായി അവരോധിക്കപ്പെട്ടു. എട്ടുമാസം കഴിഞ്ഞപ്പോൾ നാസികൾ അദ്ദേഹത്തെ കാരാഗൃഹത്തിൽ അടച്ചു. 5 മാസം കഴിഞ്ഞു് നാസികൾ പരാജയമടയുകയും അദ്ദേഹം വിമുക്തനാകയും ചെയ്തു. 1945-ൽ അദ്ദേഹം ഹംഗറിയിലെ പ്രധാന മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്തു.

കമ്മ്യൂണിസ്റ്റ് ചെങ്കൊടിയുടെ കീഴി



ൽ ഹംഗറി നിലംപരാ വീണുപോയപ്പോൾ നാരകീയശക്തികൾക്കുള്ള ഒരു വെല്ലുവിളിയായി, ധർമ്മത്തിന്റെയും നീതിയുടെയും കാവൽഭടനായി കർദ്ദിനാൾ മിൻസെൻറി നിലകൊണ്ടു. ആ ധീരോദാത്തനെ കൽത്തുറുങ്കിലടയ്ക്കാതെ കമ്മ്യൂണിസ്റ്റുകളുടെ നിരങ്കുശപ്രവാഹത്തിനു ഗത്യന്തരമില്ലെന്നായി. യൂഗോസ്ലാവ്യായിൽ മെത്രാൻ. സ്റ്റെപ്പിനാക്കിന്റെ അനുഭവംതന്നെ കർദ്ദിനാൾ മിൻസെൻറിക്കുമുണ്ടായി.

കാരാഗൃഹത്തിലേക്കു പോകുംമുമ്പ് കർദ്ദിനാൾ മിൻസെൻറി ഹംഗറിയിലെ ജനതയ്ക്കു നൽകിയ വികാരനിർഭരമായ സന്ദേശത്തിൽ ഇപ്രകാരം പറയുന്നു: "പ്രശസ്തരായ എന്റെ 78 പൂർവ്വഗാമികളിൽ ഒരുത്തൻതന്നെ ഇതുപോലെ ദുരവസ്ഥയിൽ പെട്ടിട്ടില്ല. മനഃപൂർവ്വം വകഞ്ഞുകെട്ടിയുണ്ടാക്കിയ കാപട്യങ്ങൾ എന്റെമേൽ ആരോപിക്കപ്പെട്ടിരിക്കുന്നു. അവയെല്ലാം നൂറുവട്ടം സന്ന്യായം നിഷേധിക്കപ്പെട്ടെങ്കിലും കൂടുതൽ ശക്തിയായി എന്റെ ചുറവും വന്നു തിരളുന്നു.

"എന്റെ ദൈവത്തിനും സഭയ്ക്കും ജന്മഭൂമിക്കുംവേണ്ടി ഞാൻ നിലകൊള്ളുന്നു. ലോകത്തിൽ ഇന്നു് ഏററവും അനാഥമായിത്തീർന്നിരിക്കുന്ന രാജ്യം ഹംഗറിയാണ്. ഹംഗറിയിലെയും മററു യൂറോപ്യൻ രാജ്യങ്ങളിലെയും ജനങ്ങളുടെ ദുരന്തയാതനകളെപ്പററി ചിന്തിക്കുമ്പോൾ എന്റെ ഈ കഷ്ടസ്ഥിതി അഗണ്യമാണ്. എന്റെ ശത്രുക്കളോടു എനിക്കു വിദ്വേഷമില്ല; കോപമില്ല. യാഥാർത്ഥ്യങ്ങളുടെ ഒരു വിശദീകരണത്തിനു് ഞാൻ ഇപ്പോൾ സന്നദ്ധനല്ല. കണ്ണുനീർത്തുള്ളികളുടെ പ്രവാഹവും വേദനകളുടെ പൊട്ടിക്കരച്ചിലുകളും ഹൃദയത്തിന്റെ ഞെട്ടിവിറയലുകളും മാത്രമാണ് എന്റെ പക്കൽനിന്നു ലഭിക്കാവുന്ന വിവരങ്ങൾ.

"ധർമ്മവും നീതിയും പുലരുന്ന ഒരു ലോകത്തിനു വേണ്ടിയും എന്റെ വിരോധികൾക്കുവേണ്ടിയും ഞാൻ പ്രാർത്ഥിച്ചുകൊള്ളട്ടെ. പ്രിയപ്പെട്ട എന്റെ ഗുരുനാഥന്റെ തിരുവാക്കുകളിൽ പറഞ്ഞാൽ 'അവർ ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല. ഞാൻ ഹൃദയപൂർവ്വം അവരോടു ക്ഷമിക്കുന്നു."

കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരിക്കുന്ന ഹംഗറിയിലെ കർദ്ദിനാൾ മിൻസെൻറിയോടു കമ്മ്യൂണിസ്റ്റുകൾ ചെയ്യുന്ന നാരകീയങ്ങളായ പീഡനങ്ങളെ ഷ്‌റൂസ്‌ബറി (ഇംഗ്ലണ്ടിലെ) കത്തോലിക്കാമെത്രാൻ വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യശക്തിയെ തകർക്കുന്നതും, തലച്ചോറിലെ ഞരമ്പുകളെ മരവിപ്പിച്ചു് ബുദ്ധിഭ്രമം വരുത്തുന്നതുമായ അക്റോഡ്റോൺ എന്ന കഠിനദ്രാവകം കമ്മ്യൂണിസ്റ്റുകൾ കർദ്ദിനാളിനെ കുടിപ്പിക്കുന്നു. ഈ ദ്രാവകത്തിനു് ഇരയാകുന്നവരുടെ ആത്മധൈര്യം ക്രമേണ കുറയുകയും, തൽസ്ഥാനത്തു ഭീരുതയും ഭയവും സ്ഥാനം പിടിക്കുകയും ചെയ്യുന്നു. ഓർമ്മശക്തി മാഞ്ഞുമാഞ്ഞുപോകുകയും ആൾ ക്രമേണ അർദ്ധപ്രജ്ഞനാകുകയും ചെയ്യുന്നു. ധൈര്യപൂർവ്വം മുമ്പ് പറഞ്ഞതിനെല്ലാം കടകവിരുദ്ധമായി പിന്നീടു് സംസാരിക്കും.

## വി. തോമ്മാശ്ലീഹായുടെ കവാടം വടക്കുപടിഞ്ഞാറെ ഇൻഡ്യയിലോ?

(പെരുമാലിൽ ആഗസ്തി)

കഴിഞ്ഞ ജൂൺ 5-ാംനു-യിലെ സത്യനാദത്തിൽ ഒരു "അസത്യനാദം" ശ്രവിക്കുകയുണ്ടായി. ചിലപ്പോഴൊക്കെ ഇങ്ങനെയുള്ള നാദങ്ങൾ പുറപ്പെടുവിക്കാറുള്ള ഒരു തൂലികയുടെ ചലനനാദമാണതു് എന്നു കരുതി അതെപ്പററി പിന്നീടൊട്ടു ഗൗനിച്ചുമില്ല. എന്നാൽ ആ നാദം വീണ്ടും ഉയരുകാനുന്നതിനാൽ അതിന്റെ യാഥാർത്ഥ്യത്തെപ്പററി അല്പം ആരായേണ്ട ആവശ്യം വന്നിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്കം സത്യനാദത്തിൽ ശ്രീ റ്റി. കെ. ജോസഫ്, ബി. എ എൽ. റ്റി. താഴെ ഉദ്ധരിക്കുന്ന പ്രകാരം എഴുതിയിരുന്നു: "സെന്തോമ്മസിനെപ്പററിയും ഇതുപോലെ ഒരു വിപരീതഭാഷണമുണ്ടല്ലോ. വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ ആ ക്രിസ്തുശിഷ്യൻ വന്നു പ്രസംഗിക്കുകയും അവിടെത്തന്നെ മരിക്കുകയും ചെയ്തെന്നു് ഏററവും പുരാതനമായ (ക്രി. വ. 220-ലെ) ഒരു രേഖ പറയുമ്പോൾ, ആ അപ്പസ്തോലൻ മലയാളത്തും ചീനത്തും പ്രസംഗിച്ചെന്നും മൈലാപ്പൂരിൽ അടക്കപ്പെട്ടുവെന്നും മററു ചില രേഖകൾക്കൂടെയും പറയുന്നു." (1948 ജൂലൈ 9 ാംനു-യിലെ സത്യദീപം കാണുക.)

ശ്രീ ജോസഫ് പറയുന്ന ഈ പുരാതനരേഖ ഏതാണ്? ഈ ലേഖകന്റെ അന്വേഷണത്തിൽ "വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ ആ ക്രിസ്തുശിഷ്യൻ വന്നു പ്രസംഗിക്കുകയും അവിടെത്തന്നെ മരിക്കുകയും ചെയ്തെന്നു" പറയുന്ന യാതൊരു "പുരാതനരേഖ"യും കാണുന്നില്ല. ശ്രീ ജോസഫിന്റെ മേലുദ്ധരിച്ച വാക്യം സാധാരണക്കാരെ വഴിതെററിക്കാൻ പര്യാപ്തമാകയാൽ ആ പുരാതനരേഖ ഏതാണെന്നു് സത്യദീപത്തിന്റെ വെളിച്ചത്തിൽ കൊണ്ടുവരണമെന്നു് ഈ ലേഖകൻ ശ്രീ ജോസഫിനോടഭ്യർത്ഥിച്ചുകൊള്ളുന്നു.


* കെട്ടിടം * ഭൂമി

ഇതൊന്നും കാലാനുസൃതമായ സമ്പാദ്യങ്ങളല്ല. ഇതിലും എത്രയോ വലിയ ആദായമാണു് ബാങ്ക് നിക്ഷേപങ്ങൾക്കു് കിട്ടുന്ന പലിശവരവു്. മാത്രമല്ല ചെറിയവരുമാനം മാത്രമുള്ളവർ ഭൂമി, കെട്ടിടം മുതലായതു സമ്പാദിക്കുന്നതിനു ശ്രമിക്കുന്നതു് ഭോഷത്വവുമാണ്. കുറേശെ സമ്പാദിച്ചതു വലുതാക്കുക. ഏററവും സുഗമമായ നിക്ഷേപപദ്ധതിയാണു് സേവിംഗ്സ്.

ബാങ്ക് ഓഫ് കോമേഴ്‌സ് ക്ലിപ്തം
(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തതു്)
H. O. പാലാ



അത്ഭുതമാജിക്ക്

പ്രയോഗത്തിൽ എളുപ്പവും, ഫലത്തിൽ അത്ഭുത ജനകവുമായ നൂററൊന്നു ഉത്തരവാദിത്വമുള്ള മാജിക്ക് രഹസ്യവിദ്യകൾ "ലക്ചറോടു" കൂടി സവിസ്തരം പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിനു് 3 ക. മാത്രം. ഇതിലെ ഒന്നോ രണ്ടോ വിദ്യക്കു് പത്തും അൻപതും രൂപാ ചെലവാക്കി പഠിച്ചവർ ഉണ്ടെന്നു സ്മരിക്കുമ്പോഴാണു് ഈ ഗ്രന്ഥത്തിന്റെ വൈശിഷ്ട്യം വെളിവാകുന്നതു്. ആവശ്യപ്പെടുക:—

കെയി. ബ്രിസ്റ്റ പബ്ളിക്കേഷൻസ്
പൂഞ്ഞാർ (തിരുവിതാംകൂർ)


## അറിയിപ്പ്

ഞങ്ങളുടെ ഏജൻറുമാർവഴി പത്രം വാങ്ങുന്ന വരിക്കാർ യഥാസമയം പത്രവില മുൻകൂർ കൊടുക്കാത്തതുകൊണ്ടു് ഏജൻറുമാർക്കു് ആപ്പീസിൽ നേരത്തെ അഡ്വാൻസു് അടച്ചു് പത്രം വരുത്തുന്നതിനു അസൗകര്യവും താമസവും നേരിടുന്നുവെന്നും വിവരം വരിക്കാരുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു പലേ ഏജൻറുമാരും ഞങ്ങൾക്കെഴുതിയിരിക്കുന്നു. എന്നാൽ ഓരോരുത്തർക്കുമായി പ്രത്യേകം പ്രത്യേകം ഈ വിവരം പരസ്യപ്പെടുത്താൻ നിവൃത്തിയില്ലാത്തതുകൊണ്ടു മേലാൽ ഏജൻറുമാരിൽനിന്നു യഥാസമയം പത്രം കിട്ടണമെന്നാഗ്രഹിക്കുന്നവർ പത്രവില മുമ്പായി കൊടുത്തിരിക്കണമെന്നും അല്ലാത്തപക്ഷം പത്രം കിട്ടുന്നതല്ലെന്നുമുള്ള വിവരം എല്ലാ ഏജൻറുമാർക്കും വേണ്ടി പരസ്യപ്പെടുത്തിക്കൊള്ളുന്നു. ഇക്കാര്യത്തിൽ ആപ്പീസുമായി യാതൊരെഴുത്തുകുത്തുകൾക്കും ആവശ്യമില്ലാത്തതാകുന്നു.

മാനേജർ

ചെറുകഥ

# ഭരണങ്ങാനത്തെ ദിവ്യസന്ദേശം

(വറുഗീസ് ററി, ഒഴുകയിൽ, എസ്. എച്ച്. കോളേജ്, തേവര)

## II

രാവിലെ 9 മണി. സഹപാഠി എബ്രഹാം ജയിംസിനെ കാണുന്നതിനായി ചെന്നു.

എബ്രാഹം: "ഹലോ! ഗുഡ് മോർണിങ്ങ്!"

ജയിംസ്: "ഫാദർ അവിടെ ഉണ്ടെന്നാ തോന്നുന്നതു്. ജോർജ്ജേ, അപ്പച്ചൻ അവിടെ ഉണ്ടോ എന്നു നോക്കിക്കേ."

ജോർജ്: "ഇല്ല."

എബ്രാഹം: "എന്താ റിസൽട്ട് വല്ലതും അറിഞ്ഞോ?"

ജയിംസ്: "രണ്ടാഴ്ച്ചകൂടി കഴിയുമെന്നാണ് ഇന്നലെ കേട്ടതു്. എന്താ വല്ല ഹോപ്പും ഉണ്ടോ?"

എബ്രാഹം: "ഫാദർ ട്രിവാൻഡ്രത്തു ചെന്നു് വല്ലതും ചെയ്യാമെന്നു് പറഞ്ഞു പോയിരിക്കയാണു്. എന്നിട്ടു് പാസ്സായാൽ എന്താണുദ്ദേശം?"

ജയിംസ്: "ഒന്നുകിൽ ഇപ്പോൾത്തന്നെ പ്രീസ്റ്റുഡിനു പോകുക. അല്ലെങ്കിൽ ഇൻററുവരെ പഠിച്ചിട്ട് ജസ്യൂട്ട് ഓർഡറിൽ പോകണമെന്നാണ് ഉദ്ദേശം."

എബ്രാഹം: "ഏതു കോളെജിൽ പോകണമെന്നാ വിചാരിക്കുന്നതു്?"

ജയിംസ്: "ട്രിച്ചി, അല്ലെങ്കിൽ തേവര."

എബ്രാഹം: "എന്താ ഈ അച്ചന്മാരുടെ അടുക്കൽ ഇത്ര വിശേഷം?" തിരുവനന്തപുരത്തിനോ, ആലുവാക്കോ വരുന്നോ? പ്രിയ സ്നേഹിതാ താങ്കളുടെ അഭ്യുദയകാംക്ഷി എന്ന നിലയിൽ എനിക്കു് ഒന്നു പറയാനുണ്ടു്. ലോകം പുരോഗമനത്തിലേക്കു് പായുകയാണു്. മതത്തിൻറയും മററും സങ്കുചിതമനസ്ഥിതിയിൽ നിന്നുകൊണ്ടു ആധുനികലോകത്തിൽ കഴിച്ചുകൂട്ടാമെന്നു് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു വെറും മിഥ്യാബോധം മാത്രമാണു്. താൻ തന്നെ ഒരു 12-ാം നൂററാണ്ടിൽ ജനിക്കേണ്ടതായിരുന്നു. തന്നെപ്പോലുള്ള മതപ്രേമികളെയല്ല, ഇന്നത്തെ നൂററാണ്ടിനു് ആവശ്യം. ഭാരതം സ്വതന്ത്രയായിക്കഴിഞ്ഞു, സ്വതന്ത്രഭാരതത്തിൻറ നായകത്വം ഇനി സ്ഥിതിചെയ്യുന്നതു് നമ്മിൽ ഓരോരുത്തരിലുമാണു്. അതായതു് ഇന്നത്തെ അഭ്യസ്തവിദ്യരിൽ. അങ്ങനെ ഭാരതത്തിൻറ നായകത്വം നമുക്കു നേടണമെങ്കിൽ ഈ സങ്കുചിതമനസ്ഥിതി, മതത്തിൻറ പേരിലുള്ള ഇടുങ്ങിയ ആശയഗതി വച്ചുപുലർത്തിയാൽ നാളത്തെ നവ്യലോകത്തിൽ പുറംതള്ളപ്പെട്ടു കൊച്ചിയായിത്തീരും. ആകട്ടെ, ഇവിടെ സെർവൻറ്സ് ആരുമില്ലേ? ഒരു പാക്കററ് സിഗററ് വാങ്ങിക്കാൻ."

ജയിംസ്: "ശങ്കരാ!"

ശങ്കരൻ: "ഹെ...ഹെ...ഹെന്തോ..."

എബ്രാഹം: "ശങ്കരാ നീ ഈ നാലണയ്ക്കു് വിൽസ് വാങ്ങിച്ചുകൊണ്ടുവാ." ശങ്കരൻ പോകാൻ ഭാവിക്കയില: "ശങ്കരാ നീയിങ്ങു വന്നേ. ഈ നാലണയ്ക്കു് ഓറഞ്ചുകൂടി വാങ്ങിച്ചുകൊണ്ടു പോരു്. നമ്മുടെ കുഞ്ഞു ജോർജിനു വല്ലതും കൊടുക്കണ്ടായോ?"

ശങ്കരൻ കുറെ ദൂരം നടന്നിട്ടു, എന്തോ സംശയം തീർക്കുന്നതിനായി ഓടിക്കിതച്ചുവരികയാണു്.

ജയിംസ്: "എന്തെടാ അവിടെ ഇല്ലേ?"

ശങ്കരൻ: "അതല്ല കൊച്ചേമാനെ, ഈ നാലണയ്ക്കാണോ വത്സൻ, അതയോ ഈ നാലണയ്ക്കാണോ?"

എബ്രാഹം: "മൈ ഗോഡ്", ഈ ഇരുപതാം നൂററാണ്ടിലും ഇജ്ജാതി മനുഷ്യരു ജീവിക്കുന്നുണ്ടല്ലോ!"

ശങ്കരൻ: "ഹ......ഹ...... ഹതെന്താ കൊച്ചങ്ങുന്നേ ഹങ്ങനെ പറയുന്നേ? തൊറിയെങ്ങാനും മേടിച്ചോണ്ടു വന്നാലുണ്ടല്ലോ, ഇവിടത്തെ അങ്ങേരു് എന്നെ പിന്നെ ഇട്ടേക്കുമോ?"

ജയിംസ്: "നീ ചെന്നു എന്തെങ്കിലും വാങ്ങിച്ചുകൊണ്ടുവാ."

ജയിംസ്: "സ്നേഹിതൻറ പ്രസ്താവന എന്നെ വളരെയധികം വേദനിപ്പിച്ചു. താങ്കൾ എൻറ ഒരു സുഹൃത്താണല്ലോ എന്നുകരുതി പറയുന്നതാണു്."

എബ്രാഹം: "അതുകൊണ്ടാണല്ലോ ഞാനും പറഞ്ഞതു്."

ജയിംസ്: "വെറും ക്ഷണികമായ, നിസ്സാരമായ, ഒരു ജീവിതകാലത്തെ ബഹുമാനാദികൾക്കുവേണ്ടി, മനുഷ്യൻ അവൻറ പാവനവും അനശ്വരവുമായ ആത്മാവിനെ ബലികഴിക്കണമെന്നാണോ സ്നേഹിതൻ പറയുന്നതു്? സത്യവെളിച്ചത്തിൽനിന്നും അകന്നു് ഇന്നും അജ്ഞതയിൽത്തന്നെ കഴിച്ചുകൂട്ടുന്ന ഇൻഡ്യയിലെ 99 ശതമാനം ജനങ്ങളും—നമ്മുടെ ആത്മസഹോദരങ്ങൾ—അന്ധകാരത്തിൽ ജനിച്ചു് അന്ധകാരത്തിൽ വളന്നു് അന്ധകാരത്തിൽത്തന്നെ അന്തർദ്ധാനം ചെയ്യണമെന്നാണോ താങ്കൾ പറയുന്നതു്? പതിനായിരം ആളുകൾക്കു് ഒരു വൈദികൻപോലും ഇല്ലാത്ത വടക്കെ ഇൻഡ്യയിലെ ചില ഡിസ്ട്രിക്ടുകൾ ഇനിയും ആ രീതിയിൽത്തന്നെ കഴിഞ്ഞുകൂടണമെന്നാണോ സ്നേഹിതൻ വാദിക്കുന്നതു്? അതു് ഒരിക്കലും പാടില്ല."

എബ്രാഹം: "താൻ മിക്കവാറും ഒരു രണ്ടാം യാക്കോബു പുണ്യവാൻ ആയേക്കും. അന്നു് ഈ പാപിയെക്കൂടി ഒന്നു ഓർക്കണമെ. ഞാൻ ഇന്നു വിപ്ലവത്തിനുവേണ്ടി നിലകൊള്ളുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളിൽ ഒരു ഭയങ്കരവിപ്ലവം ആവശ്യമാണു്. അതിനുവേണ്ടിയാണു് ഞാൻ പ്രയത്നിക്കുന്നതു്."

ജയിംസ്: "പ്രിയ സ്നേഹിതാ, ഞാനും ഒരു യഥാർത്ഥ വിപ്ലവകാരിയാണു്. പക്ഷെ ദുശിയമായ ഒരു മനസ്ഥിതിയോടെ, കേവലം സ്വാർത്ഥതയ്ക്കുവേണ്ടിയുള്ള വിപ്ലവത്തിനല്ല, ഞാൻ തയ്യാറാകുന്നതു് മനുഷ്യനു ഉണ്ടെന്നു വിശ്വസിക്കപ്പെടുന്ന ആത്മാവിൽ ഒരു വിപ്ലവം വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി ഞാൻ പരിശ്രമിക്കും. അന്ത്യംവരെ അടരാടും. ലോകത്തിനു് വിജ്ഞാനദീപം കൊളുത്തിയ നസ്രത്തിലെ ആ ത്യാഗമൂർത്തിയും ഒരു യഥാർത്ഥവിപ്ലവകാരിയായിരുന്നു. മൂഷണാസക്തരും കപടസന്യാസികളുമായിരുന്ന യഹൂദപുരോഹിതന്മാരുടെ ഇടയിൽ അദ്ദേഹം വിപ്ലവം വിതച്ചു. വിദ്യാവിഹീനരായ സാധാരണമനുഷ്യൻറ ഹൃദയത്തിൽ അതിഭയങ്കരമായ ഒരു വിപ്ലവം അദ്ദേഹം നടത്തി—ധർമ്മവും അധർമ്മവുമായുള്ള ഒരു യുദ്ധം. ആ യുദ്ധത്തിൻറ ഫലമോ അവസാനത്തുള്ളി രക്തംവരെ ചിന്തേണ്ടിവന്ന ക്രൂശുമരണം."

എബ്രാഹം: "സമയം പോകുന്നു. എനിക്കു തൻറ മതപ്രസംഗം കേൾക്കണ്ട. ഞാൻ പോകട്ടെ."

## III

പരീക്ഷാഫലം കാത്തു് ജയിംസ് ദിവസങ്ങളും ആഴ്ചകളും പലതു കഴിച്ചു. ഇതിനിടയിൽ വടക്കേക്കോട്ടുഭവനത്തിൽ അതീവസന്തോഷത്തോടുകൂടി ചാടിത്തത്തിക്കളിച്ചുകൊണ്ടിരുന്ന ആ ചിത്രശലഭം—ജോർജ്ജുകുട്ടി— ക്രമാതീതമായി മഴ നനഞ്ഞു എന്ന കാരണത്താൽ ഉണ്ടായ ജ്വരപ്പനി വളരെയധികം വർദ്ധിച്ചു് രോഗശയ്യാവലംബിയായിരിക്കയാണു്.

കനത്തുകൊഴുത്തു് കനകക്കട്ടപോലെയിരുന്ന ആ കോമളകളേബരം ശുഷ്കിച്ചു ഒരു തണ്ടുപോലെയായിത്തീന്നു. ആയിരമായിരം ഓമന പൂമ്പുഞ്ചിരികൾ നൃത്തംചെയ്തിരുന്ന ആ മുഖം ഇപ്പോൾ വിളറിവരണ്ടു ചൈതന്യരഹിതമായിത്തീന്നു. അനവധി ഭിഷഗ്വരന്മാർ അശ്രാന്തം ശ്രമിച്ചിട്ടും കുട്ടിയുടെ രോഗമെന്തെന്നുപോലും കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. രോഗശമനത്തിനായി മാത്തച്ചൻജ്യേഷ്ഠൻ പ്രശസ്തിയേറിയ തൻറ കുടുംബത്തിൻറ സർവ്വ കഴിവുകളും പ്രയോഗിച്ചുനോക്കിക്കൊണ്ടിരിക്കുകയാണു്. പക്ഷേ എല്ലാം നിഷ്ഫലം. അനുനിമിഷം ചൈതന്യം നശിച്ചുകൊണ്ടിരുന്ന ജോർജ്—വാടിവരണ്ട ആ ആമ്പൽത്തണ്ടു്—ഇപ്പോൾ സാധാരണയായി, ബോധരഹിതനാകാറുണ്ടു് ജയിംസും വാത്സല്യമാതാവും ആ ഓമനപ്പൈതലിൻറ രോഗശയ്യക്കടുത്തിരുന്നു് ഇടമുറിയാതെ അശ്രുകണങ്ങൾ പൊഴിക്കും. കുട്ടിക്കു് ക്ഷണംക്ഷണം ഉണ്ടാകുന്ന ബോധക്ഷയാവസരങ്ങളിലെല്ലാം ആ മാതാവു് വാവിട്ടു കരയും. അപ്പോഴെല്ലാം ജയിംസും കരയുന്നതല്ലാതെ തൻറ മാതാവിനെ ആശ്വസിപ്പിക്കുന്നതിനുള്ള സാന്ത്വനവാക്കുകൾ അരുളാൻ ആ പിഞ്ചുഹൃദയവും ശക്തമല്ലായിരുന്നു.

എല്ലാ സമയവും ജോർജ്ജിൻറ ശയ്യക്കടുത്തു് മുട്ടിന്മേൽ നിന്നുകൊണ്ടു് ആ ചെറുബാലൻ ജഗന്നിയന്താവിനോടു് അതിദയനീയമായി പ്രാർത്ഥിക്കും ആ കൊച്ചനുജനു് സുഖം നൽകുവാൻ.

ഒരു ദിവസം ജയിംസ് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ബോധരാഹിത്യത്തിൽ നിന്നും എഴുന്നേററ ആ കൊച്ചനുജൻ വിങ്ങിവിങ്ങിപ്പറഞ്ഞു:

"ചേ...ട്ടാ... അൽഫോ..... സാമ്മേടെ അങ്ങ്......നമുക്ക......പോണം."

ജയിംസ്: "ജോർജ്ജുകുട്ടീ, നമുക്കു നാളെയാകട്ടെ".

ജോർജ്: "എനിക്ക...ഇന്നു...പോണം."

അതിഭയങ്കരമായ പനി ബാധിച്ചു കിടക്കുന്ന അനുജനെ, ലോകപ്രസിദ്ധി നേടിക്കഴിഞ്ഞ അൽഫോൻസാമ്മയുടെ പുണ്യകളേബരം സംസ്കരിക്കപ്പെട്ടിരിക്കുന്ന ഭരണങ്ങാനത്തിനു് ഉടനടി പോകുന്നതിൻറ അനൗചിത്യത്തെപ്പററി അല്പം ചിന്തിച്ചെങ്കിലും കാരുണ്യവാരിധിയും അത്ഭുതപ്രവർത്തകയുമായ ആ സുചരിതയിൽ പരിപൂർണ്ണമായി ആശ്രയം നിക്ഷേപിച്ചുകൊണ്ടു് ജയിംസ് കൊച്ചനുജൻറ ആഗ്രഹം ഉടനെ സാധിച്ചുകൊടുക്കുന്നതാണെന്നു് ഉറപ്പു നൽകി.

അതിവിദഗ്ദ്ധനായ ഒരു ഭിഷഗ്വരനെ കൊണ്ടുവരുന്നതിനായി തിരുവനന്തപുരത്തിനു പോയിരുന്ന മാത്തച്ചൻ തിരികെ വന്നപ്പോൾ ജയിംസ് ജോർജ്ജിൻറ അഭിലാഷം ഏററവും വിനീതമായി പിതാവിൻറ അടുക്കൽ അറിയിച്ചു.

"അവനോടു് അവിടെ അടങ്ങിക്കിടക്കുവാൻ പറ. ഭരണങ്ങാനത്തു് ഒരു തേങ്ങായുമില്ല."

പിതാവിൻറ ഈ കഠിനശാസനം കേട്ടു് ജയിംസു് ഞെട്ടിപ്പോയി. ഇവയെല്ലാം കേട്ടുകൊണ്ടു് അടുത്ത മുറിയിൽ കിടന്നിരുന്ന ജോർജ് രണ്ടുമൂന്നുപ്രാവശ്യം ഏങ്ങലടിച്ചു് ശ്വാസം വിട്ട ശേഷം നയനങ്ങൾ അടച്ചു നിശ്ചേഷ്ടനായിക്കിടന്നു. അടുത്തിരുന്ന മാതാവും ഉച്ചത്തിൽ വാവിട്ടു കരഞ്ഞുകൊണ്ടു് ആ ശുഷ്കദേഹത്തിൽ ഒന്നുരണ്ടു ചുംബിച്ചു.

വിവരം അറിയുന്നതിനായി ഓടിയെത്തിയ പിതാവു് വിവരങ്ങൾ എന്തെന്നു അന്വേഷിച്ചു. പക്ഷേ ആ വാത്സല്യമാതാവു് വീണ്ടും വീണ്ടും വിങ്ങിപ്പൊട്ടിക്കരഞ്ഞതല്ലാതെ വിവരമൊന്നും പറയുന്നതിനു ശക്തയായില്ല. ഡോക്ടർ വന്നതിൻറ വിവരങ്ങൾ അറിയുന്നതിനായി വന്ന മററു ചില അയൽക്കാരും ഈ ദീനരോദനത്തിൻറ കാഠിന്യാതിരേകത്താൽ കരഞ്ഞുപോയി.

അങ്ങനെ അവരെല്ലാവരും ചേർന്നു അതിദുഃഖകരമായ, ഒരന്തരീക്ഷം അവിടെ സൃഷ്ടിച്ചു. ഡോക്ടർ കുട്ടിയുടെ നാഡി പിടിച്ചു നോക്കിയതിൽ ആശങ്കയ്ക്കു വകയുള്ളതായിക്കണ്ടില്ല. സാധാരണയുണ്ടാകാറുള്ള ബോധക്ഷയം മാത്രമായിരുന്നു അതു്. പക്ഷേ ആ സാധുസ്ത്രീ വിചാരിച്ചിരിക്കാം തൻറ ഓമനപുത്രൻ എന്നേക്കുമായി അവളോടു് യാത്ര പറഞ്ഞിരിക്കാമെന്നു്.

ഡോക്ടർ ഉടനെ തന്നെ "പെൻസിലിൻ" കുട്ടിയുടെ ദേഹത്തു കുത്തിവച്ചു. കുട്ടിക്കു് ബോധം വീണു. അഞ്ചു മിനിട്ടുകഴിഞ്ഞു് ഡോക്ടർ വീണ്ടും കുത്തിവച്ചു. ശക്തി ക്ഷയിച്ച ആ നേത്രങ്ങളുടെ ഇമകൾ അല്പം വിടന്നു. നിർജ്ജീവങ്ങളായ നയനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചലിച്ചു. അടുത്തുനിന്നിരുന്ന പിതാവിൻറ ഛായ ആ നയനങ്ങളിൽ പതിച്ചു.

"അ......പ്പ......ച്ചാ, ...എ...നിക്കു് പരണങ്ങാന......ത്തിനു പോണം."

പിതാവു്: "ആകട്ടെ മകനെ പോകാം. നീ അടങ്ങിക്കിടക്കു്. നിൻറസുഖക്കേടു പോയിട്ടു് പോയാൽപോരേ?"

ജോർജ്: "......എനിക്ക......ഇന്നു... പോ..,ണം..............................."

ഭരണങ്ങാനത്തെ അത്ഭുതസിദ്ധികളെപ്പററി നേരിട്ടു് അനുഭവത്തിലറിഞ്ഞിരുന്ന ഡോക്ടറും കുട്ടിയുടെ ഇംഗിതത്തിനു് അനുവദിച്ചു.

* * *

## IV

ആ കുടുംബത്തിൻറ യാതനയുടെ പുതിയ അദ്ധ്യായം തുറക്കുന്നതിനായി പിറേറ ദിവസവും അന്ധകാരത്തിൽ നിന്നും ഉയിരെടുത്തു.

അന്നൊരു ശനിയാഴ്ചയായിരുന്നു. പ്രഭാതം പ്രകാശപൂരിതമായി പ്രശോഭിച്ചു. അനേകമനേകം മാനവകൃത്യങ്ങൾക്കു് മൂകസാക്ഷിത്വം വഹിക്കുന്നതിനായി അരുണൻ കിഴക്കേത്തലയ്ക്കൽ പ്രത്യക്ഷപ്പെട്ടു. പൈങ്കിളിപ്പാട്ടുകൾ വാനിലുയർന്നു. സസ്യശ്യാമളങ്ങളായ പച്ചിലക്കാടുകൾക്കിടയിൽനിന്നു്, പൂങ്കുയിലുകൾ മധുരഗീതം ആലപിച്ചു. അങ്ങനെ പ്രപഞ്ചത്തിൻറ എല്ലാ ഭാഗത്തുനിന്നുമുള്ള സ്തുതിഗീതങ്ങളുടെ കൂട്ടത്തിൽ ജയിംസിൻറയും ഹൃദയംനൊന്ത പ്രാർത്ഥന പ്രപഞ്ചനിയന്താവിൻറ സവിധത്തിലെത്തി.

ആ കുടുംബത്തിൻറ മ്ലാനതയ്ക്കു് ഒരാശ്വാസം വന്നതായി എല്ലാവർക്കും തോന്നി. ജോർജിൻറ ഹൃദയനാളങ്ങളിൽക്കൂടി ജീവിതചൈതന്യം അല്പാല്പം ഊറിയൂറി വരുന്നതായി ബോദ്ധ്യപ്പെട്ടു. നിന്നുപോയ ആ തന്ത്രികൾ ചലനത്തിൻറ ചില ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുത്തി. സ്നേഹത്തിൻറയും സഹനത്തിൻറയും ദിവ്യസന്ദേശത്തെ ലോകത്തിൽ നൽകുന്ന ആ കുരിശിൻറ രക്തനിറമായ ഒരു അടയാളവും വഹിച്ചുകൊണ്ടു് 'ആംബുലൻസുകാർ' പടിക്കൽ വന്നെത്തി. കുടുംബാംഗങ്ങൾ എല്ലാവരും കൂടി ജോർജിനെയുംകൊണ്ടു് അത്ഭുതത്തിൻറ അരുവിയായ ഭരണങ്ങാനത്തേക്കു് തിരിച്ചു.

അൽഫോൻസാമ്മയുടെ അനുഗ്രഹക്കുന്നിൻറ പടിത്താരെ വാതുക്കൽ വണ്ടി ചെന്നുനിന്നു. മഞ്ചത്തിൽനിന്നും, തനിയെ, ആ ചെറുബാലൻ പിടിച്ചുപിടിച്ചു എഴുന്നേൽക്കുവാൻ ശ്രമിച്ചു. വഴുതി, വഴുതി, ആ ചെറു ശുഷ്കശരീരം ആ സാധ്വീമണിയുടെ ഭൗതികാവശിഷ്ടങ്ങൾ അന്ത്യവിശ്രമം കൊള്ളുന്ന കല്ലറയുടെ അടുക്കലേക്കു നീങ്ങി.

(ശേഷം 8-ാം പേജിൽ)

## വിൻസെൻഷ്യൻ സഭ

പ്രസ്തുതസഭയിൽ ചേർന്നു വൈദികരായി മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ ടി സഭവക പെററിസെമ്മിനാരിയിൽ ചേരുവാനുള്ള അപേക്ഷകൾ താഴെക്കാണുന്ന മേൽവിലാസത്തിൽ അയക്കുവിൻ. സ്കൂൾ ഫൈനൽ പരീക്ഷായോഗ്യതയെങ്കിലും ഉള്ളവർക്കേ പ്രവേശനമുള്ളു. എന്നാൽ ടി പരീക്ഷക്കു അയക്കാവുന്നതാണു്.

സുപ്പീരിയർ ജനറൽ,
വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ
തോട്ടകം, വൈക്കം

# സത്യദീപം

പത്രാധിപന്മാർ
വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.
വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ
എം. എ, പി എച്ച്. ഡി., ഡി ഡി, ഡി. സി. എൽ.
റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 || ERNAKULAM, FEBRUARY 9, 1949 || No 25


# കമ്മ്യൂണിസത്തെ നേരിടാൻ സ്വീകരിച്ചുകൂടാത്ത മാർഗ്ഗങ്ങൾ

കമ്മ്യൂണിസത്തെ നേരിടുവാൻ സ്വീകരിച്ചുകൂടാത്ത മാർഗ്ഗങ്ങളെപ്പററിയുള്ള മൊൺസിഞ്ഞോർ ഫൾട്ടൻഷീനിൻെറ ഉദ്ബോധനങ്ങൾ കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ ഉദ്ധരിച്ചിരുന്നല്ലോ. അവയെ തുടർന്നു അദ്ദേഹം നൽകുന്നതു് കമ്മ്യൂണിസത്തെ നേരിടുവാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെപ്പററിയുള്ള ഉദ്ബോധനങ്ങളാണു്. അവയെക്കുറിച്ചു് ഈ ലേഖനത്തിൽ പ്രസ്താവിക്കാം.

### രാഷ്ട്രീയമായി

കമ്മ്യൂണിസത്തെ രാഷ്ട്രീയമായി നേരിടേണ്ടതെങ്ങനെയാണെന്നു അദ്ദേഹം ആദ്യം ചൂണ്ടിക്കാണിക്കുന്നു. പ്രതിനിധിസഭകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ യോഗ്യന്മാരായ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുകയാണു് അതു്. സ്ഥാനാർത്ഥികളുടെ യോഗ്യത നിശ്ചയിക്കേണ്ടതു് അവർ ഏതു രാഷ്ട്രീയപാർട്ടിയിൽ പെട്ടിരിക്കുന്നുവെന്നു മാത്രം നോക്കിയല്ല; സാമ്പത്തികസ്ഥിതിയനുസരിച്ചുള്ള വർഗ്ഗഭേദം നോക്കിയുമല്ല; പ്രത്യുത അവരുടെ ധാർമ്മികമായ ഗുണങ്ങളെ പരിഗണിച്ചുവേണം. എന്തുകൊണ്ടെന്നാൽ രാഷ്ട്രീയ കക്ഷികളുടെ ലക്ഷ്യവും പരിപാടിയും സാഹചര്യങ്ങളനുസരിച്ചു് മാറിക്കൊണ്ടിരുന്നേക്കാം. സാമ്പത്തികസ്ഥിതിയനുസരിച്ചുള്ള വർഗ്ഗഭേദം ഒരു പ്രത്യേകവർഗ്ഗത്തിൻെറ ക്ഷേമമല്ലാതെ എല്ലാ വർഗ്ഗങ്ങളുടേയും പൊതുവായ ക്ഷേമത്തെ ദീക്ഷിക്കുന്നില്ല. തൊഴിലാളിവർഗ്ഗത്തിൽ പെട്ടവർ അവരുടെ ക്ഷേമം മാത്രവും, മുതലാളിവർഗ്ഗത്തിൽ പെട്ടവർ അവരുടെ ക്ഷേമം മാത്രവും ദീക്ഷിക്കുവാനാണു് വർഗ്ഗഭേദം ഇടവരുത്തുന്നതു്. എന്നാൽ ധാർമ്മികമായ ഗുണങ്ങളുള്ളവർ കക്ഷിതാത്പര്യങ്ങൾക്കുവേണ്ടി ധാർമ്മികപ്രമാണങ്ങൾ ബലികഴിക്കുകയില്ല; അപ്രകാരം തന്നെ രാജ്യത്തിൻെറ പൊതുവായ ക്ഷേമത്തെ ബലികഴിച്ചുകൊണ്ടു് ഒരു പ്രത്യേകവർഗ്ഗത്തിൻെറ താത്പര്യങ്ങൾക്കു് അവർ കൂട്ടുനിൽക്കുകയുമില്ല. ആധുനികകാലത്തെ രാഷ്ട്രീയ കാര്യങ്ങളിലുള്ള മൗലികമായ ന്യൂനത ശരിയായ മതതത്വങ്ങളെ ആധാരമാക്കിയുള്ള ശരിയായ ധാർമ്മികതത്വങ്ങൾ വിസ്മരിക്കപ്പെട്ടിരിക്കുന്നതാണു്. കമ്മ്യൂണിസം ആ ന്യൂനതയുടെ ഏററവും മോശമായ പരിണതഫലമാകുന്നു. ആകയാൽ കമ്മ്യൂണിസത്തോടുള്ള ഫലപ്രദമായ എതിർപ്പു് ആദ്യമായി പ്രയോഗിക്കേണ്ടതു് രാഷ്ട്രീയ കാര്യങ്ങളിൽനിന്നു് ആദ്ധ്യാത്മികവും ധാർമ്മികവുമായ കാര്യങ്ങളെ ഒഴിച്ചുവയ്ക്കുവാനുള്ള പ്രലോഭനത്തോടാണു്. ആ പ്രലോഭനത്തിനു വഴിപ്പെടാനിടയുള്ള സ്ഥാനാർത്ഥികൾക്കു് പിൻതാങ്ങു നൽകിക്കൂടാ. അവർക്കുവേണ്ടി വോട്ടുചെയ്യരുതു്. കക്ഷിഭേദമോ വർഗ്ഗഭേദമോ നോക്കാതെ ആദ്ധ്യാത്മികവും ധാർമ്മികവുമായ കാര്യങ്ങളെ മുറുകെപ്പിടിക്കുന്നവരാണെന്നു് നമുക്കു ബോദ്ധ്യമുള്ളവർക്കു മാത്രമേ നാം വോട്ടുചെയ്യാവൂ.

### സാമ്പത്തികമായി

സാമ്പത്തികമായി കമ്മ്യൂണിസത്തെ നേരിടുവാനുള്ള മാർഗ്ഗം തൊഴിലാളികളെ ക്രമേണ മുതലാളികളാക്കുകയാണു്. സ്വകാര്യസ്വത്തുടമയുടെ വിതരണം കൂടുതൽ കൂടുതൽ വിസ്തൃതമാകണം. ഇതിനുള്ള ഉത്തമമായമാർഗ്ഗം വ്യവസായത്തിൻെറ ഉടമയിൽ തൊഴിലാളികൾക്കും പങ്കുനൽകുകയാണു്. തൊഴിലാളിനേതാക്കന്മാർ ഈ ആശയത്തെ എല്ലായ്പോഴും അനുകൂലിക്കുന്നവരല്ല. കാരണം, തൊഴിലാളികൾ ഒരിക്കൽ തൃപ്തരായിക്കഴിഞ്ഞാൽ അവരുടെ മേലുള്ള പിടി നേതാക്കന്മാർക്കു് നഷ്ടപ്പെടും. വ്യവസായത്തിൽ കുറെയൊക്കെ ഉടമസ്ഥാവകാശം ലഭിക്കുവാൻ തൊഴിലാളികൾ ഇന്നാഗ്രഹിക്കുന്നുണ്ടു്. അതിനുവേണ്ടി അവർ നടത്തുന്ന ശ്രമങ്ങൾ വൃത്തിഹീനങ്ങളാണെന്നേയുള്ളൂ. ആദായം മുഴുവനും തങ്ങൾക്കിരിക്കേണ്ടതാണെന്നുള്ള മുതലാളികളുടെ വാദം, ഇന്നത്തെ നിലവിലിരിക്കുന്ന സമ്പ്രദായമനുസരിച്ചുള്ള ക്യാപ്പിററലിസ്റ്റ് വ്യവസ്ഥിതിയിൽ ശരിയല്ല; ആദായങ്ങൾ മുഴുവനും രാഷ്ട്രത്തിനിരിക്കേണ്ടതാണെന്നുള്ള കമ്മ്യൂണിസ്റ്റുകാരുടെ വാദവും ശരിയല്ല. ആദായത്തിൻെറ പങ്കുപററുന്നതിൽനിന്നു് മുതലാളിയേയോ തൊഴിലാളിയേയോ ഒഴിച്ചുനിർത്തിക്കൂടാ. തൊഴിലാളിയുടെ പ്രയത്നത്തിനു് രണ്ടു വശങ്ങളുണ്ടു്; വ്യക്തിപരവും സാമുദായികവും. പ്രയത്നത്തിൻെറ വ്യക്തിപരമായ വശം അവകാശപ്പെടുന്നു, തൊഴിലാളിയായ ആ വ്യക്തിക്കു് അവൻെറ കുടുംബത്തെ സംരക്ഷിക്കുവാൻ മതിയായ ജീവനക്കൂലി ലഭിക്കണമെന്നു്. പ്രയത്നത്തിൻെറ സാമുദായികവശം ആവശ്യപ്പെടുന്നു, സമുദായത്തിൻെറ പൊതുവായ ഗുണത്തിനുവേണ്ടി അവനും കൂടി ചേർന്നു് സൃഷ്ടിക്കുന്ന ധനസമ്പത്തിൽ ഒരോഹരി അവനും ലഭിക്കണമെന്നു്. തൊഴിലാളിക്കു നൽകുന്ന കൂലി മണിക്കണക്കനുസരിച്ചു് അവൻ ചെയ്യുന്ന പ്രയത്നത്തിനുള്ള പ്രതിഫലമാണു്. എന്നാൽ പൊതുഗുണത്തിനുവേണ്ടിയുള്ള പ്രയത്നത്തിൽ അവൻ വഹിക്കുന്ന പങ്കിനു്, പുതിയ ധനം ഉല്പാദിപ്പിക്കുന്നതിൽ മുതലാളിക്കും മാനേജ്മെൻറിനും അവൻ നൽകുന്ന സഹകരണത്തിനു്, ആ കൂലി പ്രതിഫലമാകുന്നില്ല. അതിനുള്ള പ്രതിഫലം നൽകുവാനുള്ള മാർഗ്ഗം തൊഴിലാളികൾക്കു് വ്യവസായത്തിൻെറ ആദായത്തിലോ, മാനേജ്മെൻറിലോ, ഉടമസ്ഥതയിലോ കുറെ പങ്കു് നൽകുകയാണു്. ആദായത്തിൽ പങ്കുകൊടുക്കുന്നതു് ക്രിസ്തുമസിനോ മറേറാ നൽകപ്പെടുന്ന ഒരു ബോണസിൻെറ രൂപത്തിലായിരിക്കരുതു്. പ്രത്യുത തൊഴിലാളികളും ഷെയർ ഹോൾഡേഴ്സിൻെറ ഗണത്തിൽ പെടുത്തപ്പെടുമെന്നുള്ള ഒരു കരാറായിരിക്കണം അതിനാധാരം. തൊഴിലാളിയെ ഒരു വേലക്കാരനെന്നതിനെക്കാൾ ഒരു പങ്കുകാരനാക്കുന്ന വിധത്തിൽ ഈ കരാറിനു് സ്ഥായിയായ നിലയുണ്ടായിരിക്കുകയും വേണം. തൊഴിലാളിയെ ഇപ്രകാരം അന്തസ്സുള്ളവനാക്കിത്തീർക്കുന്നതിൽ സാമാന്യേന തടസ്സമുണ്ടായതു് രണ്ടു വഴിക്കാണു്. ഒന്നാമതായി, മുതലാളിമാർക്കു് അതിൻെറ ഗുണഫലം കണ്ടറിയുവാൻ സാവകാശം വേണ്ടിവന്നു. ഗവമ്മെൻറു് അവരിൽ അധികാദായനികുതിയും മററും ചുമത്തിത്തുടങ്ങുകയും ആ പണം മുതലാളിക്കോ തൊഴിലാളിക്കോ ഉപയോഗപ്പെടാതെ ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾക്കായി ചെലവിട്ടുതുടങ്ങുകയും ചെയ്തപ്പോൾ മാത്രമേ മുതലാളികൾ അതു മനസ്സിലാക്കിയുള്ളൂ. രണ്ടാമതായി, തൊഴിലാളിനേതാക്കന്മാർ വിവേകരഹിതരായിത്തീർന്നു. അവർ തൊഴിലാളികളുടെ അവകാശങ്ങൾക്കായുള്ള വാദം ക്രമാതീതമായി വർദ്ധിപ്പിച്ചു് മുതലാളികളുടെ വ്യവസായപരിശ്രമങ്ങളെ ഹനിച്ചുകളഞ്ഞേക്കുമെന്ന മട്ടിലായി.

തൊഴിലാളികൾക്കു് ഈ വിധത്തിൽ അന്തസ്സു കൂട്ടുന്നതുകൊണ്ടു് അനേകം ഗുണങ്ങളുണ്ടാകും. ഒന്നാമതായി വർഗ്ഗസമരം ഇല്ലാതാകുന്നു. വർഗ്ഗസമരമാണല്ലോ കമ്മ്യൂണിസം പണിമുടക്കുകൾക്കു് പ്രയോഗിക്കുന്ന ആയുധം. ഒരു മനുഷ്യൻ മററാരുടേയെങ്കിലും പണികൾ മുടക്കുവാൻ തയ്യാറായേക്കും; എന്നാൽ തൻെറ സ്വന്തം പണികൾ മുടക്കുവാൻ അവൻ തയ്യാറാവുകയില്ല. തൊഴിലാളികളായ വ്യക്തികൾക്കു സ്വന്തമെന്നു് അവകാശപ്പെടാവുന്ന മൂലധനമുള്ളപ്പോൾ അതു സംരക്ഷിക്കുന്നതിൽ അവർക്കു താത്പര്യമുണ്ടാകും. രണ്ടാമതായി വിഭവോൽപ്പാദനങ്ങൾ വർദ്ധിക്കും; തന്മൂലം ജീവിതവിഭവങ്ങൾ സമൃദ്ധിയായി ഉണ്ടാകും. അവരവരുടെ സ്വന്തം കാര്യങ്ങൾക്കായി വേലചെയ്യുന്നവർ കൂടുതൽ ബുദ്ധിമുട്ടിയും കൂടുതൽ സന്തോഷത്തോടു കൂടിയും ജോലി ചെയ്യുമല്ലോ. മൂന്നാമതായി വിദേശങ്ങളിൽനിന്നു വരുന്ന ആദർശവാദങ്ങളേയും വിപ്ലവത്തിൻെറ വിവേകശൂന്യമായ വാഗ്ദാനങ്ങളേയും വകവയ്ക്കുവാനുള്ള മനോഭാവം ആളുകൾക്കു കുറയും. സ്വന്തം നാട്ടിൽ സുഖസൗകര്യങ്ങളോടുകൂടി ജീവിക്കുവാനുള്ള മാർഗ്ഗം കൈവന്നു കഴിഞ്ഞാൽ പിന്നെ വിദേശഭക്തിക്കോ, വിപ്ലവാസക്തിക്കോ സ്ഥാനമുണ്ടാകയില്ലല്ലോ. നാലാമതായി ക്യാപ്പിററലിസത്തെ തല്ലിത്തകർക്കണമെന്നുള്ള കമ്മ്യൂണിസ്റ്റുകാരുടെ പ്രശ്നത്തിനു ബുദ്ധിപൂർവ്വകമായ പരിഹാരമുണ്ടാകുന്നു. അവർ ആവശ്യപ്പെടുന്ന തല്ലിത്തകർക്കൽകൊണ്ടു് മുതലാളിമാരുടെ കൈവശമുള്ള ധനം സർക്കാരിൻെറ കരങ്ങളിൽ കേന്ദ്രീകരിക്കുകയും ഏതാനും ഉദ്യോഗസ്ഥദുഷ്പ്രഭുക്കളുടെ ഹിതാനുസരണം അതു വിനിയോഗിക്കപ്പെടുകയും ചെയ്യും. നേരെ മറിച്ചു് പ്രസ്തുത പരിഹാരമാർഗ്ഗംകൊണ്ടു് ധനം അതു സൃഷ്ടിക്കുന്നവരുടെയിടയിൽ വിതരണം ചെയ്യപ്പെടും. സകല ഉത്പ്പാദനവസ്തുക്കളും ഒരു സ്വേച്ഛാധിപതിയെ ഏല്പിക്കണമെന്നാണു് കമ്മ്യൂണിസം വാദിക്കുന്നതു്; മുതലാളിയും തൊഴിലാളിയും പങ്കുകാരായിരുന്നു് അവയെ അനുഭവിക്കണമെന്നാണു് ക്രിസ്ത്യാനികളുടെ വാദം.

### വിദ്യാഭ്യാസപരമായി

കമ്മ്യൂണിസ്റ്റുകാർ അവരുടെ തത്വസിദ്ധാന്തങ്ങളെ അസത്യങ്ങളും കെട്ടുകഥകളുംകൊണ്ടു് കെട്ടിപ്പടുക്കുന്നതിനാൽ അതു സംബന്ധിച്ച ജനങ്ങൾക്കു് ശരിയായ അഭ്യസനം നൽകുകയാണു് കമ്മ്യൂണിസത്തെ എതിരിടേണ്ട വിദ്യാഭ്യാസപരമായ മാർഗ്ഗം. കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങളുടെ അബദ്ധങ്ങൾ ജനങ്ങളെ ചൂണ്ടിക്കാണിച്ചുകൊടുത്താൽ പോരാ; പ്രത്യുത മനുഷ്യസ്വഭാവത്തേയും മനുഷ്യചരിത്രത്തേയും മതത്തേയും സംബന്ധിച്ചുള്ള മഹാ തത്വങ്ങളിലും അവർക്കഭ്യസനം നൽകണം. ചെറുപ്പംമുതൽക്കേ ഈ അഭ്യസനം നൽകുന്നതിനും പുറമെ വയോജനവിദ്യാഭ്യാസപദ്ധതികൾ ഏർപ്പെടുത്തണം. അഭിഭാഷകന്മാർ, വൈദ്യന്മാർ തുടങ്ങിയുള്ള അഭ്യസ്തവിദ്യരായ തൊഴിൽക്കാരും വൈദികരും ഈ അഭ്യസനം നൽകുന്നതിൽ പങ്കെടുക്കണം. മതം, തൊഴിലാളിനേതാക്കന്മാരുടെ പരിശീലനം, വിവാഹം, സ്വത്തവകാശം, സമാധാനസംരക്ഷണം എന്നീ വിഷയങ്ങളെപ്പററി ഈ അഭ്യസനത്തിനിടയിൽ ജ്ഞാനം നൽകണം. തൊഴിലാളിനേതാക്കന്മാർക്കും വ്യവസായപ്രവർത്തകന്മാർക്കും അവകാശങ്ങളുള്ളതുപോലെ കർത്തവ്യങ്ങളുമുണ്ടെന്നു ജനസാമാന്യത്തെ ഗ്രഹിപ്പിക്കണം. രാഷ്ട്രീയമെന്നുപറഞ്ഞാൽ അധികാരം പിടിച്ചെടുക്കുവാൻവേണ്ടി ജനക്കൂട്ടത്തെ ഇളക്കിവിടുന്ന ഒരു സംരംഭമല്ലെന്നും, പൊതുഗുണത്തെ ലക്ഷ്യമാക്കിയുള്ള ഉത്തരവാദങ്ങളെ നിർവഹിക്കുന്നതിനുവേണ്ടി സ്വതന്ത്രന്മാരായ പൗരന്മാരെ സംഘടിതമായി ഏകീകരിക്കുന്ന ഒരുദ്യമമാണെന്നും അവരെ മനസ്സിലാക്കണം. സർവ്വോപരി അവരുടെ വിചാരങ്ങളിലും, വികാരങ്ങളിലും, പ്രയത്നങ്ങളിലും ദൈവസ്മരണ ഉണ്ടായിരിക്കുവാനും അങ്ങനെ അവരുടെ ജീവിതം ദൈവാനുഗ്രഹത്താൽ മേൽക്കുമേൽ മെച്ചമായിത്തീരുവാനും അവർക്കു സംഗതി വരുത്തണം.

### ധാർമ്മികമായി

പട്ടാളക്കാർക്കു മതോപദേശം നൽകുവാൻ ചാപ്ലന്മാർ ഏർപ്പെടുത്തപ്പെടുന്നതുപോലെ തൊഴിലാളികൾക്കും മുതലാളികൾക്കും അവരുടെ എടപാടുകളിൽ ധർമ്മോപദേശം നൽകുവാൻ ഉപദേഷ്ടാക്കന്മാർ ഏർപ്പെടുത്തപ്പെടണം. വ്യവസായത്തർക്കങ്ങളുടെ മൗലികമായ ഹേതു സ്വാർത്ഥപരവും സാമുദായികവിരുദ്ധവുമായ മനോഭാവങ്ങളും പെരുമാററങ്ങളുമാണല്ലോ. ഇവമൂലം സഹകരണവും സന്ധിയും സമാധാനവും ഇല്ലാതാകുന്നു. ഒരു വർഗ്ഗവും വർഗ്ഗമെന്നനിലയിൽ ഇവയിൽനിന്നു പരിച്ഛേദം വിമുക്തമല്ല. തന്മൂലം ഇരുവശവുമുള്ള സ്വാർത്ഥങ്ങളും സാമുദായികവിരുദ്ധങ്ങളുമായ ശക്തികളുടെ സമീകരണത്താൽ മാത്രം വ്യവസായത്തർക്കങ്ങൾ വേണ്ടവിധം പരിഹരിക്കപ്പെടുവാൻ സാദ്ധ്യമല്ല. ശരിയായ ധാർമ്മികബോധത്തെ അടിസ്ഥാനമാക്കി മനസ്സാക്ഷിയെ പ്രബുദ്ധമാക്കുകയും വഴിപ്പെടുത്തുകയും ചെയ്യുകയാണു് യഥാർത്ഥമായ പരിഹാരമാർഗ്ഗം. ആ മാർഗ്ഗമുപയോഗിക്കുവാൻ പര്യാപ്തമാകത്തക്കവണ്ണം ധാർമ്മികനിയമങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നവരായിരിക്കണം ധർമ്മോപദേഷ്ടാക്കളായി നിയമിക്കപ്പെടുന്നവർ. മുതലാളികളും തൊഴിലാളികളും തമ്മിൽ വിവാദമുണ്ടാകുന്ന സന്ദർഭങ്ങളിൽ സ്വതന്ത്രമായി ആലോചനകൾ ചോദിക്കുകയും ലഭിക്കുകയും ചെയ്യാൻതക്കവണ്ണം ഈ ധർമ്മോപദേഷ്ടാക്കന്മാർ ഫാക്ടറികൾക്കടുത്തുണ്ടായിരിക്കണം. മുതലാളികളിൽനിന്നാകട്ടെ തൊഴിലാളികളിൽനിന്നാകട്ടെ അവരുടെ സേവനങ്ങൾക്കു ശമ്പളമായോ മററു രൂപത്തിലോ യാതൊരു പ്രതിഫലവും ഈ ധർമ്മോപദേഷ്ടാക്കന്മാർ പററുകയുമരുതു്. അവരുടെ നേതൃത്വത്തിൽ ഫാക്ടറിവകയായി വായനശാലകളും പഠനക്കളരികളും നടത്താവുന്നതാണു്. അവവഴിയായി, തങ്ങൾ ഏകദൈവത്തിൻെറ പുത്രന്മാരും തന്മൂലം സഹോദരന്മാരുമെന്നുള്ള യഥാർത്ഥമായ ബോധം തൊഴിലാളികളിലും മുതലാളികളിലും വളർത്തുവാൻ കഴിയും. പരസ്പരം ഉണ്ടായേക്കാവുന്ന ദ്വേഷവിചാരങ്ങൾ അതിൻെറ വെളിച്ചത്തിൽ ക്രമേണ അസ്തമിച്ചുപോകയും ചെയ്യും. ദ്വേഷത്തിലും വിരോധത്തിലും സമരത്തിലും ശക്തിപ്രാപിക്കുന്ന കമ്മ്യൂണിസത്തെ നേരിടുവാൻ ഈ ധർമ്മോപദേഷ്ടാക്കളുടെ സേവനം ഏററവും സഹായകമാണെന്നു സ്പഷ്ടമാണല്ലോ.

## അടുത്തആഴ്ചയിൽ

ഫെബ്രുവരി

13 ഞാ: 70-ാം ഞായർ
14 തി: വലേന്തിനോസ്
15 ചൊ: പവുസ്തീനോസും യോവിത്തായും
16 ബു: യോഹന്നാൻ ബ്രിത്തോ
17 വ്യാ: മർസെല്ലോസ്
18 വെ: ശെമയോൻ
19 ശ: എമത്തീനാ

## പ്രത്യേകശ്രദ്ധയ്ക്കു്

അഭിപ്രായത്തിനായി പുസ്തകങ്ങൾ അയക്കുമ്പോൾ ഈരണ്ടു കോപ്പി അയക്കണമെന്ന സംഗതി ഓർപ്പിച്ചുകൊള്ളുന്നു.

പത്രാധിപർ

## ഉപന്യാസമത്സരം

"വി. ജോൺബോസ്കോയുംവിദ്യാഭ്യാസവും"എന്ന വിഷയത്തെ അധികരിച്ചു് നടത്തിയ ഉപന്യാസമത്സരത്തിൽ ശ്രീ ജോസഫ് ടി. പി. (ചെങ്ങളം, പൊൻകുന്നം) വിജയിയായിരിക്കുന്നു.

## കരാഞ്ചിറ

സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസിൻെറയും മരിയാസഖ്യത്തിൻെറയും സംയുക്തവാർഷികം ജാനുവരി 30-ാം നു- റാവുസാഹിബ് പി. വി. റാഫേൽ എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. സി. ജെ. ആൻറണി ബി. എ. ബി. എൽ. തദവസരത്തിൽ ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

പുസ്തകാഭിപ്രായം

## ലീജിയൻ ഓഫ് മേരി

അഥവാ

## മരിയസൈന്യം

(സംയോജകൻ—ഫാദർ മാത്യു പുതിയിടം. വില. 6 ണ. എൽ. എഫ്. പ്രസ്സ്, തേവര)

വികസിച്ചുവരുന്ന ബാലഹൃദയങ്ങളേയും കർമ്മാസക്തമാകുന്ന യുവഹൃദയങ്ങളേയും സംരക്ഷിക്കുവാനും നയിക്കുവാനും ഭക്തസഖ്യങ്ങൾക്കും സമാജങ്ങൾക്കുമുള്ള കഴിവു നല്ലവണ്ണം മനസ്സിലാക്കി കത്തോലിക്കാസഭ ഈദൃശസംഘങ്ങളെ ധാരാളമായി പ്രോത്സാഹിപ്പിച്ചുവരുന്നു. ആരംഭിച്ചിട്ട് ഇനിയും മുപ്പതുകൊല്ലം കഴിഞ്ഞിട്ടില്ലാത്ത "ലീജിയൻ ഓഫ് മേരി" എന്ന ഭക്തസഖ്യംതന്നെ അതിനു് ഉത്തമോദാഹരണമാണ്. അഞ്ഞൂറു മെത്രാന്മാർ അതിനെ അംഗീകരിച്ച് അനുഗ്രഹിച്ചിരിക്കുന്നു! ഇരുപത്തിനാലു രാജ്യങ്ങളിൽ അതു പ്രചരിച്ചും കഴിഞ്ഞു. നമ്മുടെ നാട്ടിലും മരിയാസൈന്യത്തിൽ ചേരുവാൻ ആളുകൾ ഔൽസുക്യം പ്രദർശിപ്പിച്ചുവരുന്നുണ്ടല്ലോ. എന്നാൽ നമ്മുടെ ഇടയിൽ സഖ്യങ്ങൾക്ക് അതിവേഗം ഒരു നിരുത്സാഹസ്ഥിതി വന്നുകൂടാറുണ്ട്. കാരണം അജ്ഞതമൂലമുളവാകുന്ന അവജ്ഞതന്നെ. സഖ്യത്തിന്റെ സാക്ഷാത്തായ സ്വഭാവമെന്താണെന്നു് പഠിക്കാതെ പലരും അംഗങ്ങളായിച്ചേരുന്നു. ആരംഭശ്രുരത്വം അവസാനിക്കുന്നതോടുകൂടി സംഘവും നാമാവശേഷമാകുന്നു. ഈ വിപത്തു ഭവിക്കാതിരിക്കാൻ ഓരോ സഖ്യത്തെപ്പററിയും തദംഗങ്ങൾക്കു വേണ്ട അറിവു് അടിക്കടി നല്കിക്കൊണ്ടിരിക്കണം. സഖ്യനിബന്ധനങ്ങൾ ശരിയായി പഠിപ്പിക്കയും വേണം. ഇതിനു ഏററം പററിയ മാർഗ്ഗം സഖ്യത്തിന്റെ വിവിധവശങ്ങളെ വിവരിച്ചുകൊണ്ടുള്ള പുസ്തകങ്ങൾ എല്ലാ അംഗങ്ങൾക്കും പഠിക്കത്തക്കവിധം ഏർപ്പാടു ചെയ്യുകയാണ്. ആകയാൽ ലീജിയൻ ഓഫ് മേരി എന്ന ഈ പ്രസിദ്ധീകരണത്തിന്റെ പുറപ്പാടു് ഏററം അവസരോചിതമായിരിക്കുന്നു. ലീജിയന്റെ ഉത്ഭവം, പ്രവർത്തനപരിപാടി, ഉദ്യോഗസ്ഥാംഗങ്ങളുടെ ചുമതലകൾ മുതലായവയെപ്പററി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രതിവാരസമ്മേളനങ്ങളിലെ പ്രാർത്ഥന, സത്യപ്രതിജ്ഞ ആദിയായവ അനുബന്ധമായി ചേർത്തിരിക്കുന്നതു് മരിയാസൈന്യങ്ങൾക്കു് കൂടുതൽ സ്വീകാര്യമായിരിക്കുന്നു. പണ്ഡിതനായ ഗ്രന്ഥകാരൻ രണ്ടു മരിയാസഖ്യശാഖകളുടെ ഡിറക്ടർകൂടിയാകയാൽ അദ്ദേഹത്തിന്റെ ആ വഴിക്കുള്ള അനുഭവജ്ഞാനം അനുവാചകർക്കു ലഭിക്കുവാൻ ഇതു് ഒരു നല്ല മാർഗ്ഗമായിരിക്കയാണ്. ലീജിയൻ ഓഫ് മേരിയുടെ പ്രചാരത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഈ പ്രസിദ്ധീകരണം ഉപകരിക്കുകതന്നെ ചെയ്യും.

എം. ജെ. എം.

——




ഒരു വഴിപോക്കൻ പുസ്തകശാലയിൽ നിന്നിരുന്ന സ്ത്രീയോടു്: "പുരുഷൻ കുടുംബനായകനാണ്" എന്നു പേരുള്ള ഗ്രന്ഥം ഇവിടെ കിട്ടുമോ?

സ്ത്രീ: കെട്ടുകഥകൾ വില്ക്കുന്ന സ്ഥലം ഇതല്ല.

* * *

സുദീർഘമായ ആ പ്രസംഗത്തിനിടയ്ക്കു് അന്തോണി മതിലിനു മുകളിൽ കയറിയിരുന്നുകൊണ്ടു് ശ്രോതാക്കളിൽ ഓരോരുത്തരുടെ നേരെ കല്ലെറിയുവാൻ തുടങ്ങി. അതുകണ്ടു് രോഷാകുലനായി തന്റെ നേരെ തിരിഞ്ഞ പ്രാസംഗികനോടു് അന്തോണി പറയുകയാണ്: "പ്രസംഗം തുടർന്നോളൂ. ആളുകൾ ഉറങ്ങാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം."

* * *

മാംസം വിളമ്പിയപ്പോൾ ഉണ്ടുകൊണ്ടിരുന്ന യുവാവു് എഴുന്നേററു നില്ക്കുന്നതു കണ്ടിട്ടു് ഹോട്ടൽക്കാരൻ കാരണം ചോദിച്ചു.

യുവാവു്: വൃദ്ധന്മാരുടെ മുമ്പിൽ എഴുന്നേററു നില്ക്കുക എന്നതല്ലേ മര്യാദ?

ഹോട്ടൽക്കാരൻ: ആരാണിവിടെ വൃദ്ധനായിട്ടുള്ളതു്?

യുവാവു്: ഈ കാളയ്ക്കു് എന്റെ പിതാമഹനെക്കാൾ പ്രായം കൂടുതലുണ്ട്.

* * *

വിവാഹകാര്യം ആലോചിക്കാൻ വന്ന യുവാവിനോടു് വീട്ടിലെ കാരണവർ: "തനിക്കെന്തു ശമ്പളമുണ്ടു്?"

"മുപ്പതുരൂപാ."

"അതെന്റെ മകൾക്കു പൗഡറിനു തികയില്ലല്ലോ."

"അത്രയ്ക്കു കറുപ്പാണോ?"

* * *

ഭർത്താവു്: നിങ്ങൾ കുറച്ചുകൂടി വേഗത്തിൽ നടന്നിരുന്നെങ്കിൽ വണ്ടി തെററുകയില്ലായിരുന്നു.

ഭാര്യ: നിങ്ങൾ എന്നെ ഇത്ര വേഗത്തിൽ ഓടിച്ചില്ലായിരുന്നുവെങ്കിൽ അടുത്ത വണ്ടി കാത്തു് ഇത്ര അധികം നേരം നില്ക്കേണ്ടിവരികയില്ലായിരുന്നു.

* * *

"എന്തുകൊണ്ടാണ് നമ്മുടെ ഭാഷ മാതൃഭാഷ എന്നു വിളിക്കപ്പെടുന്നതു്?"

"സാധാരണയായി ഒരു പിതാവിനെ അപേക്ഷിച്ചു് മാതാവിനാണ് ഭാഷ ഉപയോഗിക്കുന്നതിനു കൂടുതൽ അവസരം കിട്ടാറുള്ളതു്."

## വിദേശ വാർത്തകൾ

### കാർഡിനൽ ലഗററ്

ജാനുവരി അവസാനത്തിൽ കൊളംബിയായിൽ കൂടിയ ദിവ്യകാരുണ്യകോൺഗ്രസിൽ കാർഡിനൽ മിക്കാര പ. പിതാവിന്റെ പ്രതിനിധിയായി സംബന്ധിച്ചു.

### സിനിമാനടി വിജയിയായി

ജോവാൻ ലസ്ലി എന്ന അമേരിക്കൻ സിനിമാനടി അസാന്മാർഗ്ഗികമായ ചില ഭാഗങ്ങൾ അഭിനയിക്കാൻ വിസമ്മതിച്ചതുകൊണ്ടു് വാർണർ ബ്രദേഴ്സ് എന്ന ചലച്ചിത്ര നിർമ്മാതാക്കൾ ആ യുവതിയുടെ പേരിൽ കേസുകൊടുത്ത വിവരം പ്രസ്താവിച്ചിരുന്നല്ലോ. ഇപ്പോൾ പ്രസ്തുത കമ്പനിക്കാരുമായുള്ള ഉടമ്പടിയിൽനിന്നു് അവർ ആ യുവതിയെ ഒഴിവാക്കിയിരിക്കുന്നു. കാലിഫോർണിയായിലെ കോടതിയുടേയും അമേരിക്കൻ സുപ്രീം കോർട്ടിന്റേയും വിധി ജോവാൻ ലസ്ലിക്കു് അനുകൂലമല്ലായിരുന്നു. ചില സിനിമാശാല ഉടമസ്ഥന്മാരുടേയും കത്തോലിക്കായുവജനസംഘങ്ങളുടേയും നൈററ്സ് ഓഫ് കൊളമ്പസ് പോലുള്ള സംഘങ്ങളുടേയും പ്രതിഷേധം നിമിത്തമാണ് ലസ്ലിക്കു് അനുകൂലമായ ഒരു തീരുമാനം ചെയ്യുന്നതിനു കമ്പനിക്കാർ നിർബന്ധിതരായതു്. ഏവംവിധം ധാർമ്മികസമരം നടത്തി വിജയശ്രീലാളിതയായിരിക്കുന്ന ഈ മഹതി ഇപ്പോൾ സ്വന്തമായ ഒരു സിനിമാക്കമ്പനി തുടങ്ങുന്നതിനു ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നു.

### മാർപ്പാപ്പായ്ക്കു് ആട്ടിൻകുട്ടികൾ

വി. ആഗ്നസിന്റെ തിരുനാൾ ദിനമായ ജാനുവരി 21-ാംനു- ലാററൻ കാനൺസ് റഗ്ഗുലർ പതിവുപോലെ രണ്ടാട്ടിൻകുട്ടികളെ മാർപ്പാപ്പായ്ക്കു സംഭാവന ചെയ്യുകയുണ്ടായി. അവയുടെ രോമംകൊണ്ടു് മെത്രാപ്പോലീത്താമാർ ധരിക്കുന്ന പാലിയം എന്ന തിരുവസ്ത്രം നിർമ്മിക്കപ്പെടുന്നതാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ആട്ടിൻകുട്ടികളെ പ. പിതാവിനു കാഴ്ചവയ്ക്കുന്നതിനു മുമ്പായി റോമിലെ സെൻറാഗ്നസ് ദേവാലയത്തിൽ കൊണ്ടുപോകുകയും കർബാനയിലെ "കാഴ്ചവയ്പി"ന്റെ സമയത്തു് വിശുദ്ധയുടെ ശവകുടീരത്തുങ്കൽ ആശീർവ്വദിക്കുകയും ചെയ്യുന്നു. അനന്തരം അവ മാർപ്പാപ്പായ്ക്കു സമർപ്പിക്കപ്പെടുന്നു. പ. പിതാവു് അവയെ ടസ്കുവീരിലെ ബനഡിക്റ്റിൻ സന്യാസിനികളെ ഏല്പിക്കയും അവർ അവയുടെ രോമം വെട്ടി പാല്യം നിർമ്മിക്കുകയും ചെയ്യുന്നു.

### കമ്മ്യൂണിസ്റ്റുകാരനു നിരോധനം

ഇററലിയിലെ ക്രിസ്ത്യൻ ലഫ്ററ് പാർട്ടിയുടെ നേതാവായ ഫ്രാങ്കോ റൊഡാനോയ്ക്കു് കൂദാശകൾ കൊടുക്കുന്നതിനെ തിരുസിംഹാസനം നിരോധിച്ചിരിക്കുന്നു. അദ്ദേഹത്തിനു് ക്രിസ്തീയശവസംസ്കാരവും അനുവദിച്ചുകൂടാ എന്നു പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റാണെന്നുള്ളതാണ് നിരോധനത്തിനു കാരണം.

### ചൈനാ പ്രധാനമന്ത്രി

രണ്ടു പ്രാവശ്യം ചൈനായിലെ പ്രധാനമന്ത്രിയും മൂന്നു പ്രാവശ്യം വിദേശകാര്യമന്ത്രിയുമായി ഭരണം നടത്തിട്ടുള്ള ആബട്ട് സെലസ്റ്റിൻ ഒ. എസ്. ബി. ബെൽജിയത്തിൽവച്ചു് 77-ാമത്തെ വയസ്സിൽ ജാനുവരി 5-ാംനു- നിര്യാതനായി. 1912-ൽ ഔദ്യോഗിക കാര്യങ്ങൾ പ്രമാണിച്ചു് റഷ്യ സന്ദർശിച്ചപ്പോഴാണ് ഇദ്ദേഹം കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ടതു്. ഒരു പ്രോട്ടസ്റ്റൻറു് മതോപദേഷ്ടാവിന്റെ മകനായി ജാതനായ ഇദ്ദേഹം റഷ്യയിലെ ബെൽജിയം അംബാസിഡരുടെ പുത്രിയായ കത്തോലിക്കാവനിതയെ വിവാഹം ചെയ്തു. ആ മഹതിയുടെ സന്മാതൃകയാണ് ഇദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കാകർഷിച്ചതു്. 1927-ൽ ഭാര്യ മരിച്ചപ്പോൾ ഇദ്ദേഹം രാഷ്ട്രീയ പ്രവർത്തനങ്ങളിൽനിന്നു വിരമിക്കുകയും ബെൽജിയത്തിലെ ഒരു ബനഡിക്റ്റൻ ആശ്രമത്തിൽ പ്രവേശിക്കുകയും ചെയ്തു. 1936-ൽ അദ്ദേഹം പുരോഹിതപട്ടം സ്വീകരിച്ചു. 1946 ൽ ബെൽജിയത്തിൽ സെൻറ് പീയർ എന്ന ആശ്രമത്തിന്റെ ടിററുലർ ആബട്ടായി മാർപ്പാപ്പാ തിരുമേനി ഇദ്ദേഹത്തെ നിയമിച്ചു. സഭാചരിത്രത്തിൽ ഒരാബട്ടായി (ആശ്രമശ്രേഷ്ഠൻ) നിയമിതനായ ഒന്നാമത്തെ ചൈനാക്കാരൻ ഇദ്ദേഹമാണ്.

### മാർപ്പാപ്പായുടെ ആശീർവ്വാദം

ജാനുവരി 30-ാംനു- കൊളമ്പിയായിൽ നടത്തിയ ദിവ്യകാരുണ്യ കോൺഗ്രസിനു് മാർപ്പാപ്പാ തിരുമേനി തന്റെ പൈതൃകാശീർവ്വാദം പ്രക്ഷേപണം ചെയ്കയുണ്ടായി. പ്രസ്തുത കോൺഗ്രസിന്റെ ഉദ്ദേശം ശ്രേഷ്ഠവും പുരാതനവുമായ ക്രിസ്തീയാദർശങ്ങളെ പുനർജീവിപ്പിക്കുകയും അവിടെ സന്നിഹിതരായിരുന്ന വിവിധരാഷ്ട്രങ്ങൾ തമ്മിൽ ക്രിസ്തീയ സാഹോദര്യത്തിൽ അധിഷ്ഠിതമായ സമാധാനം പുലർത്തുകയുമാണെന്നും അവിടുന്നു പ്രസ്താവിച്ചു.

### കപ്പേളപണിയുന്നതിനു സംഭാവന

ഫാത്തിമായിൽ മാതാവു ആദ്യമായി പ്രത്യക്ഷപ്പെട്ടതിന്റെ വാർഷികം പ്രമാണിച്ചു് അടുത്ത മേയ് 13-ാംനു- ഡബ്ലിനിൽ ഉൽഘാടനം ചെയ്യാനുദ്ദേശിക്കുന്ന ഫാത്തിമാമാതാവിന്റെ ഒരു കപ്പേളയുടെ പണിക്കുവേണ്ടി അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമായി സ്വർണ്ണം, വെള്ളി, ആഭരണങ്ങൾ, നാണയങ്ങൾ എന്നിവ അടങ്ങിയ നിരവധി സംഭാവനകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത കപ്പേള, ദൈവജനനി മൂന്നു കുട്ടികൾക്കു പ്രത്യക്ഷയായ ആ ഗ്രാമപ്രദേശത്തുതന്നെയാണ് നിർമ്മിക്കുവാൻ പോകുന്നതു്.

### തൊഴിലാളികളുടെ മെത്രാൻ

പോളണ്ടിലെ തൊഴിലാളികളുടെ മെത്രാൻ എന്നറിയപ്പെടുന്ന മോൺ. സ്റ്റീഫൻ വിഷിൻസ്കിയെ പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് വാഴ്സായിലെ മെത്രാപ്പോലീത്തായും പോളണ്ടിലെ പ്രൈമററുമായി നിയമിച്ചിരിക്കുന്നു. സാമുദായികവും സാമ്പത്തികവുമായ കാര്യങ്ങളിൽ അഗാധമായ വിജ്ഞാനം സമ്പാദിച്ചിട്ടുള്ള ഇദ്ദേഹം സാധാരണയായി ഡബ്ലിനിൽ യൂണിവേഴ്സിററിയിൽ ക്രിസ്തീയസാമുദായിക സിദ്ധാന്തങ്ങളെപ്പററി പ്രസംഗങ്ങൾ നടത്തുകയും മററും ചെയ്യാറുണ്ട്. ക്രിസ്ത്യൻ ട്രേഡ്യൂണിയൻ മൂവ്മെൻറിന്റെ അഭിവൃദ്ധിക്കായി അദ്ദേഹം തീവ്രയത്നം ചെയ്തുവരുന്നു. ഉദ്ദേശം മൂന്നുകൊല്ലക്കാലം ഡബ്ലിനിലെ മെത്രാനായിരുന്ന ഇദ്ദേഹം കമ്മ്യൂണിസത്തെ ശക്തിയായി എതിർക്കുകയും പോളിഷ് ഗവൺമെൻറിന്റെ ചില നയങ്ങളെ നിശിതമായി വിമർശിക്കയും ചെയ്തിട്ടുണ്ട്. ജർമ്മൻകാരുടെ ആധിപത്യകാലത്തു് നാസിസ്റ്റ് അക്രമങ്ങളോടു ധൈര്യപൂർവ്വം പോരാടിയിരുന്ന ഒരൊന്നാന്തരം കത്തോലിക്കാനേതാവാണ് ഇദ്ദേഹം. മദ്ധ്യപോളണ്ടിൽ സുസില എന്ന സ്ഥലത്തു ഭൂജാതനായ വിഷിൻസ്കി മെത്രാപ്പോലീത്തായ്ക്കു് ഇപ്പോൾ 48 വയസ്സു പ്രായമുണ്ട്.

### പ. പിതാവിന്റെ ചാക്രികലേഖനം

പാലസ്റ്റൈൻ സ്ഥിതിഗതികളെ സംബന്ധിച്ചുള്ള പരിശുദ്ധ പിതാവിന്റെ ചാക്രിക ലേഖനം അറബിഭാഷയിലേക്കു വിവർത്തനം ചെയ്തു് ട്രാൻസ്ജോർദാൻ, അമ്മാൻ പ്രദേശങ്ങളിലെ കത്തോലിക്കാദേവാലയങ്ങളിൽ വിതരണം ചെയ്തുവരുന്നു.

### അത്ഭുതങ്ങളെപ്പററി അന്വേഷിക്കുന്നതിനു്

നാമകരണച്ചടങ്ങുകൾ സംബന്ധിച്ചു്, അത്ഭുതങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു് 5 ഡോക്ടർമാരടങ്ങിയ ഒരു സമിതിയെ റീത്തുകളുടെ തിരുസംഘം നിയോഗിച്ചിരിക്കുന്നു. പരിശുദ്ധ പിതാവിന്റെ സ്വന്തം ഡോക്ടറായ പ്രഫസർ റിക്കാർഡൊ ലിസിയും വത്തിക്കാൻ നഗരത്തിലെ ആരോഗ്യവകുപ്പു ഡയറക്ടറും പ്രസ്തുത സമിതിയുടെ നേതാക്കന്മാരായിരിക്കും. ഏതെങ്കിലും അത്ഭുതങ്ങളെപ്പററി അന്വേഷണം നടത്തേണ്ട അവസരം വരുമ്പോൾ വിദഗ്ദ്ധന്മാരായ ശാസ്ത്രജ്ഞന്മാരെ ഈ ബോർഡു് സഹായത്തിനായി ക്ഷണിക്കുന്നതാണ്.

ഫാദർ മറെറയോ ക്രൗളിക്കു്

### പേപ്പൽ സന്ദേശം

കുടുംബ പ്രതിഷ്ഠാകർമ്മത്തിന്റെ പ്രേഷിതനും ഇപ്പോൾ വാർദ്ധക്യസഹജമായ അനാരോഗ്യം നിമിത്തം ആശുപത്രിയെ ശരണം പ്രാപിച്ചിരിക്കുന്നയാളുമായ ഫാദർ മറെറയോ ക്രൗളിയുടെ പൗരോഹിത്യ സുവർണ്ണജൂബിലി സംബന്ധിച്ചു് പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് കഴിഞ്ഞ ജൂലൈ 11-ാംനു- ഒരു അനുമോദനസന്ദേശം അയക്കയുണ്ടായി. ഫാദർ മറെറയോ വീണ്ടും ആരോഗ്യപ്രാപ്തനായി തന്റെ അപ്പസ്തോലിക പ്രവർത്തനങ്ങൾ പൂർവ്വാധികം ഊർജ്ജസ്വലതയോടും ഫലപ്രാപ്തിയോടുംകൂടി തുടരുവാനിടവരട്ടെയെന്നുള്ള തന്റെ ആഗ്രഹത്തെ പ്രകടിപ്പിച്ചുകൊണ്ടു് പരിശുദ്ധ പിതാവു് തന്റെ സന്ദേശം ഇപ്രകാരം തുടരുന്നു: മിശിഹായോടുള്ള സ്നേഹത്തിനു് ഓരോരുത്തന്റെയും പരസ്യവും രഹസ്യവുമായ ജീവിതത്തിൽ സ്ഥാനം ലഭ്യമാകയും അതുവഴി സംശയാധീനർ സംശയരഹിതരും ദുർബലർ സ്ഥിരചിത്തരും ഉദാസീനർ ഉത്സാഹികളുമായി ഭവിക്കുകയും, അങ്ങനെ പൂർവ്വക്രിസ്ത്യാനികളെ വിശുദ്ധ പദത്തിലേക്കും രക്തസാക്ഷിത്വത്തിലേക്കും ആനയിച്ച ആ ക്രിസ്തീയാത്മപിതന്നെ ആധുനിക മനുഷ്യവർഗ്ഗത്തെയും നയിക്കയും ചെയ്യട്ടെയെന്നു് നാം ആഗ്രഹിക്കുന്നു. ദിവ്യരക്ഷകൻ തന്റെ നിയമങ്ങളും സ്നേഹവുംകൊണ്ടു് മനുഷ്യസമുദായങ്ങളുടെ ആഭ്യന്തരവും ബാഹ്യവുമായ വ്യാപാരങ്ങളിൽ വീണ്ടും ഭരണം നടത്തട്ടെ! തത്സമയം ഇന്നത്തെ അസമാധാനത്തിനും അസ്വസ്ഥതയ്ക്കുമുള്ള ഹേതുക്കളെല്ലാം അപ്രത്യക്ഷമാകുകയും, സ്വാതന്ത്ര്യം—സാഹോദര്യത്തിനു അർഹമായ സ്ഥാനം നൽകുന്ന ആ യഥാർത്ഥസ്വാതന്ത്ര്യം—സമാഗതമാവുകയും ചെയ്യും.

### അമ്പഴക്കാട്ട്

അമ്പഴക്കാട്ട ഫൊറോനാപള്ളി ഇടവകാംഗവും വയന്തല സ്വദേശിയുമായ റവ. ഫാദർ അന്തപ്പൻ വലിയ വീട്ടിൽ അവർകളുടെ പൗരോഹിത്യ രജതജൂബിലി ഫെബ്രുവരി 1-ാംനു- സാഘോഷം കൊണ്ടാടിയിരിക്കുന്നു. തത്സംബന്ധമായി ജൂബിലേറിയൻ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ട ദേവാലയകർമ്മങ്ങൾക്കുശേഷം പള്ളി അങ്കണത്തിൽവച്ചു് തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ഒരു വമ്പിച്ച പൊതുയോഗം ജൂബിലേറിയനെ അനുമോദിക്കുന്നതിനായി കൂടി. തദവസരത്തിൽതന്നെ സ്ഥലത്തെ മരിയാസഖ്യത്തിന്റേയും കത്തോലിക്കാ പ്രവർത്തനസംഘത്തിന്റേയും വാർഷികവും ഇടവകയിൽ നവമായി സമാരബ്ധമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ഉൽഘാടനവും നിർവ്വഹിക്കപ്പെട്ടു.

# അവതാരം ബ്രഹ്മത്തിന്റെ ആവിർഭാവമോ?

(ഫാദർ തോമ്മസ് കൊച്ചുമുങ്ങാനാൽ)

ദേവന്മാർ എന്നൊരു കൂട്ടർ ഇല്ലാത്തതിനാൽ അവരുടെ അവതാരം നടക്കുന്നുവെന്നു പറയുന്നതിൽ യാഥാർത്ഥ്യത്തിന്റെ കണികപോലുമില്ലെന്നു കഴിഞ്ഞ ലേഖനത്തിൽ എഴുതിയിരുന്നല്ലോ. ഇതിൽ പരിശോധിക്കുവാൻ വിചാരിക്കുന്നതു, അവതാരം ബ്രഹ്മത്തിന്റെ ആവിർഭാവമാണ് എന്നു പറയുന്നതിൽ എത്രമാത്രം വാസ്തവം ഉണ്ടെന്നുള്ളതിനെക്കുറിച്ചാണ്. അതിനുവേണ്ടി ആദ്യമായി അറിയേണ്ടിയിരിക്കുന്നതു ബ്രഹ്മം എന്നു പറഞ്ഞാൽ എന്താണ് എന്നുള്ളതത്രേ.

നാനാർത്ഥങ്ങളുള്ള ഒരു ശബ്ദമാണു ബ്രഹ്മം. ഇതിന്റെ ധാതുവിനെക്കുറിച്ചു മാക്സ്മുള്ളർ ആദിയായ മഹാപണ്ഡിതന്മാർ പല അഭ്യൂഹങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വൈയാകരണപ്രകാണ്ഡമായ പാണിനിതന്നെയും ഇതിന്റെ നിഷ്പത്തി പൊതുനിയമത്തിൽനിന്നു ഭിന്നമായ ഉണാദിഗണത്തിലാണു ചേർത്തിരിക്കുന്നതു്. വേദങ്ങളിലും പുരാണങ്ങളിലും ഉപനിഷത്തുകളിലും ഈ ശബ്ദം വ്യത്യസ്തങ്ങളായ അർത്ഥങ്ങൾ പ്രകാശിപ്പിക്കുന്നതിനു് ഉപയോഗപ്പെടുത്തപ്പെട്ടു കാണുന്നു. ദേവന്മാർക്കു സമർപ്പിക്കപ്പെടുന്ന പ്രാർത്ഥന, യാഗം, അതിന്റെ ഫലം, സമസ്ത പ്രപഞ്ചത്തിന്റേയും ഉപാദാന കാരണം, നിമിത്തകാരണം, വേദങ്ങൾ മുതലായവയെ ദ്യോതിപ്പിക്കുന്നതിനു വേണ്ടിയാണു പ്രസ്തുത പ്രയോഗങ്ങൾ. ശബ്ദതാരാവലിയിൽ, സകലത്തിനും കാരണമായി എങ്ങും നിറഞ്ഞു ചലനമോ വികാരമോ ഒന്നുമില്ലാതെ പരമാർത്ഥമായിട്ടുള്ള ഒരു വസ്തു എന്ന അർത്ഥമാണു കൊടുത്തിരിക്കുന്നതു്.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് അനേകാർത്ഥങ്ങളുള്ള ഒരു പദമാണു ബ്രഹ്മശബ്ദമെന്നു സിദ്ധമായല്ലോ. എന്നാൽ വേദാന്തികൾ ഇതിനു കല്പിച്ചുകൊടുത്തിരിക്കുന്ന അർത്ഥമെന്തെന്നു സമ്യക്കായി ധരിച്ചെങ്കിലേ പ്രകൃതത്തിൽ പ്രയോജനപ്പെടുകയുള്ളു. വേദാന്തികൾ എന്നു പറഞ്ഞാൽ ഷഡ്ദർശനങ്ങളിൽ ഒന്നായ വേദാന്തദർശനം സ്വീകരിക്കുന്നവർ എന്നാണ് അർത്ഥം. അർവ്വാചീനരായ നമ്മളെപ്പോലെ പ്രാചീനരായ ആളുകളും വിശ്വോൽപത്തി, ജീവോൽപത്തി, പ്രപഞ്ചകാരണം മുതലായവയെപ്പറ്റിയുള്ള ചിന്തകളിൽ വ്യാപൃതരായിരുന്നു. അവരിൽപ്പെട്ട മഹർഷികളുടെ നിരന്തരചിന്താഫലമായിട്ടാണ് ലോകം മുഴുവനേയും ആകർഷിച്ചിട്ടുള്ള ഉപനിഷത്തുകളും വിവിധ ദർശനങ്ങളും ഉണ്ടായിട്ടുള്ളതു്. അവയിൽ സംഗ്രഹിക്കപ്പെട്ടിട്ടുള്ള ചില തത്വങ്ങൾ അതിഗഹനങ്ങളുമാണ്. ദൈവത്തെ സംബന്ധിച്ചു പറകയാണെങ്കിൽ ഏകദേവതാവാദവും ബഹുദേവതാവാദവും വിശിഷ്ടാദ്വൈതവാദവും അവയിൽ സുലഭമായി കാണുമാറുണ്ട്. അവയെക്കുറിച്ചു പ്രതിപാദിക്കുന്ന ഉപനിഷത്തുകളെ അധികരിച്ചു ഓരോരോ മഹർഷികളുടെ അഭിമതമനുസരിച്ചു രചിച്ചിട്ടുള്ള പ്രകരണങ്ങളാണു വിവിധദർശനങ്ങൾ. അവയിൽ പ്രാമുഖ്യം നേടിയതു വേദാന്തദർശനമാണ്. ബാദരായണ മഹർഷിയത്രേ പ്രസ്തുത ദർശനത്തിനു സൂത്രങ്ങൾ നിർമ്മിച്ചതു്. ഇവയുടെ പ്രധാന ഭാഷ്യകാരന്മാരിൽ അഗ്രിമസ്ഥാനം വഹിക്കുന്നതു വേദാന്തകേസരിയെന്ന അപരനാമത്തിൽ അറിയപ്പെടുന്ന ശ്രീ ശങ്കരാചാര്യർ അവർകളുമാകുന്നു. ഈ വേദാന്തദർശനത്തിനു ബ്രഹ്മവിദ്യ എന്ന നാമധേയവും കല്പിക്കപ്പെട്ടിട്ടുണ്ട്. ബ്രഹ്മത്തെ ആസ്പദമാക്കി ഈ ദർശനം പ്രധാനമായി പ്രതിപാദിക്കുന്നതുകൊണ്ടാണ് ഈ നാമം ലബ്ധമായിട്ടുള്ളതു്. കേരളത്തിലും പ്രചുരമായിരിക്കുന്ന ഈ ദർശനം അനുസരിച്ചു ബ്രഹ്മത്തിനു വിവക്ഷിക്കപ്പെട്ടിരിക്കുന്ന അർത്ഥമെന്താണെന്നു ഇനി പറയാം.

ബ്രഹ്മശബ്ദത്തിനു പ്രാർത്ഥന, യാഗം മുതലായ അർത്ഥങ്ങളാണു വേദങ്ങളിൽ കാണുന്നതെന്നു മുകളിൽ പറഞ്ഞുകഴിഞ്ഞല്ലോ. ആ പ്രാർത്ഥനകളിലും യാഗങ്ങളിലും ഏതോ ഒരു ശക്തി അന്തർഹിതമായിട്ടുണ്ടെന്നും അതാണു ഫലം പുറപ്പെടുവിക്കുന്നതെന്നും വിശ്വവ്യാപകമായ ആ ശക്തി ബ്രഹ്മമായിരിക്കുമെന്നും ഊഹിക്കുകയും അങ്ങനെ പേർ കൊടുക്കയും ചെയ്തു. അപ്രകാരം "ഈ ലോകം ബ്രഹ്മമായിരുന്നു", "ലോകത്തിലുള്ള സമസ്തവും ബ്രഹ്മമാണ്", "അദ്വിതീയമായ ഒന്നായുള്ളതു്", "അതു ബ്രഹ്മമാണ്", "അതുമാത്രമേ സത്തായിട്ടുള്ളു" എന്നെല്ലാം ഓരോരോ ഉപനിഷത്തുകളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ജഡികമല്ലാത്ത ആത്മീയ വസ്തുക്കളും ലോകത്തിൽ സ്ഥിതിചെയ്യുന്നുണ്ടല്ലോ. അദ്വൈതവാദത്തിനു ഭംഗം വരുത്താതെ അവയ്ക്കും ഒരു കാരണം കണ്ടുപിടിച്ചു. "സമസ്തവസ്തുക്കളിലും വ്യാപിച്ചിരിക്കുന്ന ആത്മാവു് ബ്രഹ്മമാകുന്നു", "ബ്രഹ്മത്തെ അറിയുന്നവൻ സകലതും അറിയുന്നു", "തത്ത്വമസി", "അഹം ബ്രഹ്മാസ്മി" എന്നുള്ള പ്രമാണങ്ങളാണ് അവ. ചുരുക്കത്തിൽ, സകലത്തിന്റേയും ആദികാരണം കണ്ടുപിടിക്കുവാനുള്ള ശ്രമത്തിൽ നമ്മൾ കാണുന്നവയും കേൾക്കുന്നവയും, ചോദ്യം ചെയ്യുന്നവരും സമാധാനം എഴുതുന്നവരും, ഇതു വായിക്കുന്നവരുമെല്ലാം ബ്രഹ്മമാണുപോലും. അതിനുള്ള പ്രമാണങ്ങളോ ഉപനിഷത്തുകളിൽനിന്നു മുകളിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന വാചകങ്ങൾ മാത്രം.

എന്നാൽ, ആത്മീയവും ശാരീരികവുമായ വസ്തുക്കൾ ഒന്നാണെന്നും ഇന്ദ്രിയഗോചരമായിക്കൊണ്ടിരിക്കുന്ന വസ്തുക്കൾക്കു ബഹുത്വമില്ലെന്നും പറഞ്ഞാൽ വിശ്വസിക്കുവാൻ സന്നദ്ധരാകാത്തവർ ബ്രഹ്മത്തെക്കുറിച്ചു കൂടുതൽ ജിജ്ഞാസ പ്രദർശിപ്പിച്ചാൽ സത്തയ്ക്കു പ്രാതിഭാസികം, വ്യാവഹാരികം, പാരമാർത്ഥികം എന്നിങ്ങനെ വ്യത്യാസമുണ്ടെന്നാണു സമാധാനം പറഞ്ഞുപോരുന്നതു്. ഇതുകൊണ്ടും തൃപ്തിപ്പെടാത്തവർക്കു ലഭിക്കുന്നതു മായ എന്നൊരു വസ്തുവിന്റെ പ്രസ്താവമായിരിക്കും. അപ്പോൾ, ബ്രഹ്മത്തെ കൂടാതെ, മായ എന്നൊരു വസ്തുവിനെക്കൂടി നിർമ്മിക്കുന്നതിനാൽ ഏകമേവാദ്വിതീയം എന്ന പ്രമാണം തകർന്നുപോകുന്നല്ലോ എന്നു പറയുന്നതായാൽ. മായ എന്നുള്ളതു് സത്തും അസത്തുമല്ലാത്തതും അജ്ഞേയവും അനിർവചനീയവും ആയിട്ടുള്ളതുമായ ഏതോ ഒന്ന് ആണ് എന്നായിരിക്കും മറുപടി. ബ്രഹ്മം മായാവിയും അജ്ഞേയവുമാണെന്നു സാരം. ഈ ബ്രഹ്മത്തിന്റെ ആവിർഭാവങ്ങൾ ആണു ചിലരുടെ അഭിമതമനുസരിച്ചുള്ള അവതാരങ്ങൾ. ബ്രഹ്മശബ്ദം നിർമ്മിക്കയും അതു എന്താണെന്നു വിശദമാക്കുവാൻ ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്ത വേദാന്തികൾക്കുപോലും തക്ക സമാധാനം നല്കുവാൻ കഴിയാത്ത ബ്രഹ്മത്തിന്റെ ആവിർഭാവമാണ് അവതാരം എന്നു പറഞ്ഞാൽ എന്തു യാഥാർത്ഥ്യമായിരിക്കുമോ അതിനുള്ളതു്?

---


ചെറുപുഷ്പം വിശേഷാൽപ്രതി വില 0-4-0

പന്ത്രണ്ടാംപീയൂസ്മാർപ്പാപ്പായുടെ തിരുപ്പട്ടസുവർണ്ണജൂബിലി പ്രമാണിച്ചു വിശിഷ്ടമായ ഗദ്യപദ്യലേഖനങ്ങളോടും മനോഹരമായ നിരവധി ചിത്രങ്ങളോടുംകൂടി ചെറുപുഷ്പത്തിന്റെ വിശേഷാൽ പ്രതി ഇത്തവണ പുറത്തുവരുന്നു. പുതിയ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർക്കു ഇതൊരു നല്ല അവസരമായിരിക്കും. പരസ്യങ്ങളിടുവാൻ പറ്റിയ ഈ സന്ദർഭം നഷ്ടപ്പെടുത്തരുതേ!

വരിസംഖ്യ ആണ്ടിൽ, 1—8—0

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ


## മാനസാന്തരം

അമേരിക്കയിൽ ജർസി നഗരത്തിലെ ഒരു ബാപ്റ്റിസ്റ്റ് വൈദികനും ക്ലുക്ലക്സ്ക്ലാനിന്റെ (Kuklux Klan) ജാതീയ പുരോഹിതനുമായിരുന്ന ഡോക്ടർ ആൾഡൻ എം. യംഗ് കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു.

# ഭരണങ്ങാനത്തെ ദിവ്യസന്ദേശം

(5-പേജ് തുടർച്ച)

അവിടെ എല്ലാവരും നിറഞ്ഞ ഭക്ത്യാദരവുകളോടെ മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു.

ഏതാണ്ട് പതിന്നാലു കൊല്ലങ്ങളായി ദേവാലയഭിത്തികൾക്കുള്ളിലെ പരിശുദ്ധാന്തരീക്ഷം ശ്വസിക്കാത്ത മാത്തച്ചൻ ജ്യേഷ്ഠനു് ഒരു നവ്യാനുഭൂതി, ഒരു ഹൃദയാസ്വസ്ഥത ഉണ്ടായതായി തോന്നി. അദ്ദേഹം ആപാദചൂഡം വിയർത്തൊലിച്ചു തന്റെ നിന്ദ്യമായ കഴിഞ്ഞ ജീവിതത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമായിരുന്നു അതു്.

"എന്റെ അൽഫോൻസാമ്മേ! എന്റെ അമ്മേ!" എന്നു രണ്ടു വാക്കുകൾ അദ്ദേഹത്തിന്റെ വദനത്തിൽനിന്നും പ്രവഹിച്ചു. വളരെ നാളുകളായി ചൈതന്യം നശിച്ചുകിടന്നിരുന്ന ആ ആത്മാവു്, ഭയാനകമായ പാപത്തിന്റെ കരാളദംഷ്ട്രത്തിൽനിന്നു വിടുതിനേടി.

അദ്ദേഹം വീണ്ടും പ്രാർത്ഥിച്ചു. അടുത്തു് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ജോർജ്ജ് മാത്തച്ചൻജ്യേഷ്ഠന്റെ അടുക്കലേക്ക് ഓടിച്ചെന്നു കഴുത്തിൽ കെട്ടിപ്പിടിച്ചു ചുംബിച്ചപ്പോഴാണ്, അദ്ദേഹം ദിവാസ്വപ്നത്തിൽനിന്നും ഉണർന്നതു്.

ജോർജ്ജ്: "അപ്പച്ചാ!"

മാത്തച്ചൻ രോഗവിമുക്തനായ തന്റെ മകനെ അത്യത്ഭുതത്തോടെ നോക്കിക്കൊണ്ട്, "എന്റെ മകനെ!"

അവർ ഇരുവരും കെട്ടിപ്പിടിച്ചാശ്ലേഷിച്ചു ഭരണങ്ങാനത്തെ ആ പൂജ്യജനനിക്ക് ആയിരമായിരം സ്തുതികൾ പാടി.

അത്യധികം ആഹ്ലാദചിത്തരായി, അകമഴിഞ്ഞ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട്, ഭരണങ്ങാനത്തിന്റെ ദിവ്യസന്ദേശത്തെ നാട്ടിലോട്ടും പരത്തുവാൻ ആ കുടുംബാംഗങ്ങൾ സ്വദേശത്തേക്കു മടങ്ങി.

അധികനാളുകളായി തന്ത്രികൾ പൊട്ടി സ്വരം പുറപ്പെടുവിക്കാതിരുന്ന ആ മനോഹരവീണ—ജോർജ്ജുകുട്ടി—വീണ്ടും മധുരസ്വരം പുറപ്പെടുവിച്ചു ഓടിക്കളിക്കുവാൻ തുടങ്ങി. നാട്ടുകാർക്കെല്ലാം അവനൊരു അത്ഭുത മനുഷ്യനായിത്തീർന്നു.

വലുതായ ഒരു മാറ്റം—സ്വഭാവവ്യത്യാസം—മാത്തച്ചൻ ജ്യേഷ്ഠനെ സംബന്ധിച്ചും ഉണ്ടായി. പതിനാലു കൊല്ലങ്ങളായി ശത്രുദുർഗ്ഗമെന്ന് കരുതപ്പെട്ടിരുന്ന ദേവാലയം അദ്ദേഹത്തിന്റെ ആശ്വാസകേന്ദ്രമായി പരിണമിച്ചു. നാട്ടുകാർ അത്യുൽക്കണ്ഠയോടെ അദ്ദേഹത്തെ വീക്ഷിച്ചു. അവർ ദൈവത്തിനു് സ്തുതിപറഞ്ഞു. ദൈനംദിനം അദ്ദേഹം പള്ളിയിൽ പോകുന്നതു് ആഹ്ലാദചിത്തരായി നാട്ടുകാർ ശ്രദ്ധിച്ചു. ആ കുടുംബാംഗങ്ങൾ ഭരണങ്ങാനത്തിനു പോയതിന്റെ എട്ടു ദിവസം തികയുന്ന ആ ശനിയാഴ്ച വൈകുന്നേരം പ്രാർത്ഥന കഴിഞ്ഞ ഉടൻ മാത്തച്ചൻ ജ്യേഷ്ഠൻ ജയിംസിനെ അടുക്കൽ വിളിച്ചു പറഞ്ഞു:

"പ്രിയ മകനെ, നിനക്ക് പട്ടത്തിനു പഠിക്കണമെന്നാണ് ആഗ്രഹമെങ്കിൽ എനിക്കും അതു വളരെ സന്തോഷമാണ്. അങ്ങനെയെങ്കിൽ നമ്മുടെ പള്ളിയിൽ സ്പെയിൻകാരൻ ഒരു മിഷനറിയച്ചൻ വന്നിട്ടുണ്ട്. അദ്ദേഹത്തോട് വേണ്ടതെല്ലാം ചോദിച്ചറിയാമല്ലോ."

ജയിംസ്: "ഞാൻ അദ്ദേഹത്തെ ഇന്നു കണ്ടായിരുന്നു."

മാത്തച്ചൻ: "എന്തു പറഞ്ഞു?"

ജയിംസ്: "അപ്പച്ചൻ അനുവദിക്കുകയാണെങ്കിൽ, അദ്ദേഹത്തിന്റെ കൂട്ടത്തിൽ ഈ തിങ്കളാഴ്ചതന്നെ എന്നെയും കൂടി കൊണ്ടുപോകാമെന്നാ പറഞ്ഞതു്. സ്കൂൾഫൈനൽ പരീക്ഷ മാത്രം മതിയെന്നും അദ്ദേഹം പറഞ്ഞു."

മാത്തച്ചൻ: "എനിക്കല്ലെ മകനെ ഏറ്റവും കൂടുതൽ സന്തോഷം. അമ്മച്ചി അനുവദിക്കുമോ എന്നറിഞ്ഞോ?"

ജയിംസ്: "അമ്മച്ചി നേരത്തെ അനുവദിച്ചതാണ്."

മാത്തച്ചൻ: "അങ്ങനെയെങ്കിൽ, ഭാരതത്തിലെ അനേകായിരം പതിതരുടെ, മാനസാന്തരത്തിനായി പ്രയത്നിച്ചു്, സത്യത്തിനും നീതിക്കുംവേണ്ടി സമരംചെയ്യുവാൻ സന്നദ്ധനായുള്ള ക്രിസ്തുവിന്റെ ഒരു യഥാർത്ഥ പിൻഗാമിയുടെ മാതാപിതാക്കന്മാരായിരിക്കുക എന്നതിൽ കൂടുതൽ ഈ ലോകത്തിൽ വേറൊന്നും ഉന്നതഭാഗ്യമായി ഞങ്ങൾ കരുതുന്നില്ല."

ജോർജ്ജ്: "ചേട്ടൻ നാളെപ്പോയാൽ എന്നു വരും? ഇനി വരുമോ?"


ആ ചോദ്യത്തിന്റെ ഗൗരവം, അതിൽ അടങ്ങിയിരിക്കുന്ന ദുഃഖപര്യവസായിയായ ഒരു വേർപാട്, ആ പിതാവും പുത്രനും മനസ്സിലാക്കി. ജീവിതത്തിൽ ഒരിക്കലും കണ്ടുമുട്ടാത്ത ഒരു വേർപാടിനെ അവർ ഇരുവരും ദർശിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞു. കണ്ണുനീർ പുറത്തേക്കൊലിച്ചു.

* * *

ഒരു ശോകഗീതം—ശിലയുമലിയിപ്പിക്കുന്ന ഒരു ശോകഗീതം—അതിമഹത്തായ ആശയത്തെ ഉൾക്കൊള്ളുന്ന ഒരു സ്നേഹഗീതം—യഥാർത്ഥ സാഹോദര്യസ്നേഹത്തെ വിളിച്ചറിയിക്കുന്ന ഒരു പ്രേമഗീതം—വിങ്ങിപ്പൊട്ടുന്ന ഹൃദയവികാരങ്ങളുടെ ബഹിർഗമനം—ആ മുൾപ്പടർപ്പുകളുടേയും, വൃക്ഷലതാദികളുടേയും അപ്പുറത്തുനിന്നും കേൾക്കാം. അതേ ഏകനായി വിഷാദം തിങ്ങുന്ന ഹൃദയത്തോടെ, വാത്സല്യസഹോദരന്റെ എന്നേക്കുമായുള്ള വേർപാടിൽ തപ്തഹൃദയനായി, വയലുകളിൽക്കൂടി അങ്ങുമിങ്ങും നടക്കുന്ന ജോർജ്ജുകുട്ടിയുടെ സുന്ദരവദനങ്ങളിൽനിന്നും പുറപ്പെടുന്ന മഞ്ജുളഗീതമായിരുന്നു്:

"...ദനായാമമ...കോർഹമാരാ......"

[ബ: അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥംമൂലം ലഭിച്ച അനുഗ്രഹത്തിനു് നന്ദിയായിട്ട്.]




ഉപ്പുനാരങ്ങ

(കുടുംബിനി)

100 ചെറുനാരങ്ങ, കാൽറാത്തൽ കപ്പൽ മുളക്, ഉരി കടുക്, ഉഴക്ക ഉലുവ, രണ്ടുകഷണം മഞ്ഞൾ, ഒന്നരനാഴി ഉപ്പ്.

നാരങ്ങ കഴുകിതുടച്ചെടുത്തു് മൊട്ടുസൂചികൊണ്ട് ഓരോന്നിന്റേയും ചുറ്റും കുത്തി ചെറിയ ചെറിയ ദ്വാരങ്ങളുണ്ടാക്കുക. ഉപ്പു വെള്ളത്തിൽ കലക്കി തെളിയിച്ച് അരിച്ചെടുത്തു് തിളപ്പിക്കുക. വെള്ളം മുക്കാൽ ഭാഗവും വറ്റിക്കഴിയുമ്പോൾ നാരങ്ങ അതിലിട്ടു ഇളക്കുക. നാരങ്ങ നന്നായി വാടിച്ചുങ്ങിക്കഴിഞ്ഞാൽ ഞെട്ടികളഞ്ഞ നാഴി കാന്താരിമുളകു ചേർത്തു് വീണ്ടും ഇളക്കി, ജലാംശം മിക്കവാറും വററിക്കഴിയുമ്പോൾ അടുപ്പത്തുനിന്നും ഇറക്കിവയ്ക്കുക. അതിനുശേഷം കപ്പൽമുളക്, കടുക്, ഉലുവ, മഞ്ഞൾ ഇവ വറുത്തുപൊടിച്ചു പൊടി വിതറി ഇളക്കി യോജിപ്പിക്കുക. ഒരു തുടം വെളിച്ചെണ്ണയിൽ കടുക്, കറിവേപ്പില, ഉലുവ ഇവ വറുത്തു് ചേർക്കുന്നതു നന്നായിരിക്കും. പിന്നീട് ഒരു ഭരണിയിലാക്കി അരക്കുപ്പി വിനാഗിരിയും ചേർത്തു് ആറിയശേഷം മൂടികെട്ടി സൂക്ഷിക്കാവുന്നതാണ്.

## ചരമം

തോട്ടക്കാട്ട് പാറിത്താറേ വാടയിൽ വറുഗീസ് അന്ന 77-ാമത്തെ വയസ്സിൽ ജനുവരി 28-ാം നു- നിര്യാതയായിരിക്കുന്നു.

R. I. P.

## സഭാവസ്ത്രദാനം

ഫെബ്രുവരി 8-ാംനു രാവിലെ എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് എറണാകുളം മെത്രാപ്പോലീത്ത മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു 20 അർത്ഥിനികൾക്കു കർമ്മലീത്താ സഭാവസ്ത്രം നൽകിയിരിക്കുന്നു. തദവസരത്തിൽ ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി എ ഡി ഡി സന്യാസ ജീവിതത്തെ പരാമർശിച്ചു പ്രസംഗിക്കുകയുണ്ടായി.

## മററം

തൃശ്ശൂർ രൂപതയിൽ പ്രോവികാരി അപ്പസ്തോലിക്കയായും മററം രൂപതാചരിത്രത്തിൽ ശാശ്വതസ്മരണാർഹനായ ചിറമ്മൽ വെ റവ: ഫാദർ മാത്യു ചരമം പ്രാപിച്ചു മൂന്നു വ്യാഴവട്ടം തികയുന്നതു പ്രമാണിച്ച് അദ്ദേഹത്തിന്റെ ഇടവകയായ മററം പള്ളിയിലുള്ള ശവകുടീരത്തിൽ ഒരു മാർബിൾ സ്മാരകശില ഫെബ്രുവരി 2-ാംനു സ്ഥാപിക്കപ്പെടുകയുണ്ടായി. തത്സംബന്ധമായ ചടങ്ങുകളിൽ പ്രധാനകാർമ്മികത്വം വഹിച്ചതു് വെ. റവ. ഡോക്ടർ പോൾ കാക്കശ്ശേരിയാണ്.

## കൊച്ചിവാർത്തകൾ

### അഞ്ചലും തപാലും

കൊച്ചിയിൽ അഞ്ചലും തപാലും സംയോജിപ്പിക്കുവാൻ ഉദ്ദേശമുള്ളതായറിയുന്നു.

### ഫീസ് സൗജന്യം

സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളുകളിൽ നൽകപ്പെടുന്ന ഫീസ് സൗജന്യത്തിന്റെ 50 ശതമാനം മാത്രമാണ് ഗവൺമെന്റ് നൽകിവന്നിരുന്നതു്. എന്നാൽ 1122 മുതൽ 75 ശതമാനം വീതം നൽകാൻ തീരുമാനിച്ചിരിക്കുന്നു.

### സിമന്റു വിതരണം

സിമന്റു വിതരണം സംബന്ധിച്ച് കൊച്ചിഗവൺമെന്റു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രസ്നോട്ടിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: കറാച്ചിയിൽനിന്നും ഏർപ്പാടുചെയ്തിരുന്ന 3000 ടൺ സിമന്റിൽ 2255 ടൺ സ്ഥലത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ബാക്കി ഉടനെതന്നെ വന്നു ചേരുന്നതാണ്. ഇതേവരെ 2500 ടൺ സിമന്റിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇനി ആവശ്യമുള്ളവർ നിശ്ചിതഫാറത്തിൽ 4 അണ കോർട്ടുഫീസ്റ്റാമ്പു സഹിതം മകരം 30-ാംനുക്കു മുമ്പായി ചീഫ് എൻജിനിയർക്ക് അപേക്ഷ അയച്ചിരിക്കണം. ചീഫ് എൻജിനിയറിൽനിന്നും ലഭിക്കുന്ന പെർമിറ്റു പ്രകാരം സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഗവൺമെന്റു നിശ്ചയിച്ചിട്ടുള്ള സിമന്റു സ്റ്റോക്കിസ്റ്റ്മാരിൽനിന്നും ആവശ്യക്കാർക്കു വാങ്ങാവുന്നതാണ്.

### കണ്ടിൻജൻസി ഗ്രാന്റു കുറച്ചതിനെപ്പററി

കണ്ടിൻജൻസിഗ്രാന്റ് വെട്ടിക്കുറച്ചതു സംബന്ധിച്ച് ചില പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള വിമർശനങ്ങൾക്കു മറുപടിയായി മകരം 23 ാംനു കൊച്ചിഗവൺമെന്റിൽനിന്നും പുറപ്പെടുവിച്ച പ്രസ്നോട്ടിന്റെ സംഗ്രഹം താഴെ ചേർക്കുന്നു: സ്കൂളുകൾ നടത്തുന്നതിനുള്ള ചിലവിനായി ഗവൺമെന്റിൽനിന്നു് എയിഡഡ് സ്കൂളുകൾക്കു നൽകുന്ന കണ്ടിൻജൻസിഗ്രാന്റ് അദ്ധ്യാപകശമ്പളത്തിന്റെ ഒരു നിശ്ചിതശതമാനമായിട്ടാണ് തിട്ടപ്പെടുത്തിയിരുന്നതു്. തന്മൂലം ഗവൺമെന്റിൽനിന്നും അദ്ധ്യാപകശമ്പളം വർദ്ധിപ്പിച്ചപ്പോൾ തദനുസരണമായി കണ്ടിൻജൻസി ഗ്രാന്റും വർദ്ധിച്ചു. അതിനാൽ കണ്ടിൻജൻസിഗ്രാന്റ് ശമ്പളക്കൂടുതൽ അനുവദിക്കുന്നതിനുമുമ്പുള്ള തോതിലേക്ക് താഴ്ത്തുന്നതിന് ഗ്രാന്റിന്റെ ശതമാനം വെട്ടിക്കുറക്കേണ്ടിവന്നു. അപ്രകാരം ചെയ്യുന്നതിനുമുമ്പ് തത്സംബന്ധമായി ചില മാനേജരന്മാരുടെ അഭിപ്രായം ആരാഞ്ഞതിൽ അനുകൂലമായ മറുപടിയാണ് ഗവൺമെന്റിനു ലഭിച്ചതു്.

### കോളെജ്ദിനം

തേവരകോളെജ് ദിനം പ്രമാണിച്ച് അടുത്ത ഞായറാഴ്ച വൈകുന്നേരം 4-30 നു കൂടുന്ന പൊതുയോഗത്തിൽ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു ആദ്ധ്യക്ഷം വഹിക്കുന്നതായിരിക്കും.

### ബന്ധം വിസ്മരിക്കരുതു്

"ആദ്ധ്യാത്മികവശം ഇന്നത്തെ വിദ്യാഭ്യാസപദ്ധതി അവഗണിച്ചിരിക്കുകയാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നുള്ളതു് ഒരിക്കലും വിസ്മരിക്കരുതു്" എന്നത്രേ എറണാകുളം മഹാരാജാസ് കോളെജ് ദിനം പ്രമാണിച്ച് സെപ്റ്റംബർ 5-ാംനു കൂടിയ പൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു് മാതൃഭൂമി പത്രാധിപർ മി കെ. പി. കേശവമേനോൻ പ്രസ്താവിച്ചതു്.

## തിരുവിതാംകൂർ വാർത്തകൾ

### ഐക്യകേരളകൺവെൻഷൻ

ഐക്യകേരളസമ്മേളനം ഫെബ്രുവരി 6-ാംനു ആലുവാ സെന്റ് മേരീസ് ഹൈസ്കൂൾ അങ്കണത്തിൽവച്ച് ശ്രീ കെ. കേളപ്പൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. കൊച്ചി തിരുവിതാംകൂർ മദ്രാസ് അസംബ്ലിഅംഗങ്ങൾ, ഇൻഡ്യൻ കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിലെ മലയാളിമെമ്പർ ആദിയായി അനേകം പ്രതിനിധികൾ സന്നിഹിതരായിരുന്നു. അഖിലേന്ത്യാകോൺഗ്രസ് സെക്രട്ടറി ശ്രീ ശങ്കരറാവുദേവ് സമ്മേളനം ഉൽഘാടനം ചെയ്തു. മാതൃഭൂമിപത്രാധിപർ കെ.പി. കേശവമേനോൻ അവതരിപ്പിച്ച താഴെ കാണുന്ന പ്രമേയം യോഗത്തിൽ പാസാക്കപ്പെട്ടു: "കേരളത്തിന്റെ ഭൂപ്രകൃതിയിലുള്ള ഐകരൂപ്യത്തെയും കേരളീയരുടെ സാമ്പത്തികവും സാംസ്കാരികവുമായ അഭിവൃദ്ധിയേയും ഭരണപരമായ സൗകര്യങ്ങളേയും മുൻനിറുത്തി തിരുവിതാംകൂറും കൊച്ചിയും മലബാറും അവയൊന്നിച്ചു ചേരേണ്ടതായ അയൽപ്രദേശങ്ങളും സംയോജിപ്പിച്ച് ഒരു സംസ്ഥാനമാക്കേണ്ടതാണെന്നുള്ള ബഹുജനാഭിപ്രായത്തെ ഈ യോഗം ആവർത്തിക്കുകയും അതോടൊപ്പംതന്നെ മേൽവിവരിച്ച പ്രകാരത്തിലുള്ള കേരളസംസ്ഥാനം ഇപ്പോൾ ജനപ്രതിനിധിസഭ നിർമ്മിച്ചുവരുന്ന ഭരണഘടന നടപ്പിൽവരുന്നതോടുകൂടി അതിൽ ഉൾപ്പെടുത്തേണ്ടതാണെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു."

---

### Thanksgiving

My best thanks to Sr. Alphonsa for a special favour received.

T. L. G.

---

### പത്രാഗ്ലേഷൻ പിൻവലിക്കുന്നതിനു്

ഇപ്പോൾ തിരുവിതാംകൂറിൽനിലവിലിരിക്കുന്ന പത്രറഗുലേഷൻ റദ്ദു ചെയ്യുവാൻ ആവശ്യപ്പെടുന്ന ഒരു പ്രമേയം അടുത്ത നിയമസഭയിൽ അവതരിപ്പിക്കുവാൻ ശ്രീ പി. എസ്. നടരാജപിള്ള നോട്ടീസു കൊടുത്തിരിക്കുന്നു.

### കൂടുതൽ സീററ് ആവശ്യം

തിരുവിതാംകൂറിലെ ഇപ്പോഴത്തെ ജനസംഖ്യയെ പരിഗണിച്ച്, യൂണിയൻ പാർലിമെന്റിൽ അനുവദിച്ചിരിക്കുന്ന 9 സീററ് 10 ആക്കി വർദ്ധിപ്പിക്കണമെന്നു് തിരുവിതാംകൂർഗവൺമെന്റ് ഇൻഡ്യാഗവൺമെണ്ടിനോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

### പുതിയ മലയാളനിഘണ്ടു

തിരുവിതാംകൂർ. കൊച്ചി, മദ്രാസ് ഗവൺമെണ്ടുകളും തിരുവിതാംകൂർ മദ്രാസ് സർവ്വകലാശാലകളുംകൂടി സഹകരിച്ച് ഒരു മലയാള നിഘണ്ടു നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിലേക്കായി തിരുവിതാംകൂർ സർവ്വകലാശാലാ വൈസ്ചാൻസലർ മി. ഉള്ളൂർ എസ്. പരമേശ്വരയ്യർ, മെ. ആററൂർ കൃഷ്ണപിഷാരടി, വി കെ. കൃഷ്ണമേനോൻ, ടി കെ. ജോസഫ്, സി. ഒ. മാധവൻ, എ. എൻ. തമ്പി, രജിസ്ട്രാർ യു. പരമേശ്വര പണിക്കർ, രജിസ്ട്രാർ രവിവർമ്മ, എ. ഗോപാലമേനോൻ എന്നിവരെ ഒരു കമ്മിററിയായി നിയമിച്ചിരിക്കുന്നു. പ്രസ്തുത നിഘണ്ടു പൂർത്തിയാകുന്നതിനു 2 ലക്ഷം ക. ചിലവും 8 വർഷത്തെ കാലദൈർഘ്യവും വേണ്ടിവരുമെന്നൂഹിക്കപ്പെടുന്നു.

### പാഠ്യപുസ്തകക്കമ്മിററിയുടെ നിശ്ചയം

ഇംഗ്ലീഷ് സ്കൂളിലേക്കു തിരഞ്ഞെടുക്കുന്ന ഇംഗ്ലീഷ്പുസ്തകങ്ങളുടെ പകർപ്പവകാശം അവയുടെ ഗ്രന്ഥകർത്താക്കളിൽനിന്നും ഗവൺമെണ്ടു വാങ്ങിച്ച് മുദ്രണം ചെയ്തു വിതരണം നടത്തേണ്ടതാണെന്നും അവകാശം വിട്ടുകൊടുക്കാൻ സന്നദ്ധരല്ലാത്തവർ കമ്മിററിയുടെ നിർദ്ദേശമനുസരിച്ചു അച്ചടിച്ചു നിശ്ചിതദിവസത്തിനകം ഗവൺമെന്റിനെ ഏല്പിക്കേണ്ടതാണെന്നും മി. സി. കേശവന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാഠ്യപുസ്തകക്കമ്മിററി നിശ്ചയിച്ചിരിക്കുന്നു.

---

ഏററവും ആവശ്യമായ അഞ്ചുകാര്യങ്ങൾ ബ: അൽഫോൻസാ അമ്മയുടെ മാദ്ധ്യസ്ഥംമൂലം സാധിച്ചതിനു് സാദരം കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ജെ എം., കോക്കമംഗലം.

---

### റദ്ദുചെയ്തു


സർ സി. പി. യുടെ ഭരണകാലത്തു് ചില പത്രങ്ങൾക്കു് ഗവൺമെണ്ടുവകയോ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിലുള്ള കമ്പനികളുടെയോ പരസ്യങ്ങൾ കൊടുത്തുകൂടെന്നുണ്ടായിരുന്ന ഉത്തരവുകൾ റദ്ദു ചെയ്തതായി ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നു.

### മദ്യനിരോധനം 3 താലൂക്കുകളിൽക്കൂടി

1125 ചിങ്ങം 1-ാംനു മുതൽ തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ് എന്നീ താലൂക്കുകളിൽക്കൂടി മദ്യനിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതുമൂലം റവന്യൂവകയിൽ നേരിടുന്ന നഷ്ടം പരിഹരിക്കുന്നതിനു് വില്പനനികുതി പിരിക്കുന്നതായിരിക്കും.

### നിരോധനം 3 മാസത്തേക്കു നീക്കി

സംസ്ഥാനത്തുനിന്നു കൈത്തറിനെയ്ത്തു തുണി കയററുമതി ചെയ്യുകൂടെന്നുള്ള നിരോധനം തൽക്കാലം മൂന്നു മാസത്തേക്കു നീക്കിയിരിക്കുന്നു.



ഈയിടെ ലണ്ടനിൽ നടത്തിയ 14-ാമത്തെ മോട്ടോർ പ്രദർശനം മൗണ്ടുബാററൻ പ്രഭു ഉൽഘാടനം ചെയ്യുകയുണ്ടായി. 39 പേർക്കു് ഇരിക്കാവുന്ന ഒരു പാർച്ചർകോച്ചാണ് ചിത്രത്തിൽ കാണുന്നതു്.

### ലൈസൻസു നഷ്ടപ്പെട്ടു

തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്ന "മലയാളി" എന്ന പത്രം ഗവൺമെന്റിന്റെ നേരെ വെറുപ്പും വിദ്വേഷവും ജനിപ്പിക്കത്തക്ക റിപ്പോർട്ടുകളും വിമർശനങ്ങളും പ്രസിദ്ധപ്പെടുത്തുകയും തൽസംബന്ധമായി ഗവൺമെന്റിൽനിന്നയച്ച നോട്ടീസിനു തൃപ്തികരമായ സമാധാനം നൽകാതിരിക്കുകയും ചെയ്തു എന്ന കാരണത്താൽ പ്രസ്തുത പത്രത്തിന്റെ ലൈസൻസ് റദ്ദുചെയ്തിരിക്കുന്നു.

### 2000 ഏക്കർ സ്ഥലത്തു ചണംകൃഷി

ചങ്ങനാശേരി, അമ്പലപ്പുഴ, തിരുവല്ല, കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിൽ 2000 ഏക്കർ സ്ഥലത്തു് പരീക്ഷണാർത്ഥം ചണം കൃഷി ചെയ്യുന്നതിനു ഗവൺമെണ്ടു തീരുമാനിച്ചിരിക്കുന്നു.

### [illegible] നിർത്തലാക്കി

പാഠ്യപുസ്തകങ്ങൾ തയാറാക്കുന്നതിലേക്കുള്ള എഡിറ്റോറിയൽ ബോർഡ് ഈ മകരം 29-ാംനു മുതൽ നിർത്തൽ ചെയ്തിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

### ലയിപ്പിക്കുന്നു

ബറോഡാ, കോൽഹാപ്പൂർ എന്നീ നാട്ടുരാജ്യങ്ങളെ ബോംബെ പ്രവിശ്യയിൽ ലയിപ്പിക്കുവാൻ അവിടത്തെ നാടുവാഴികൾ തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു. ഈ നാട്ടുരാജ്യങ്ങളിൽ 30 ലക്ഷം ജനങ്ങൾ നിവസിക്കുന്നുണ്ട്.

### അഡിഷനൽ ചീഫ് എൻജിനിയർ

എറണാകുളത്തെ ഒരു പൗരമുഖ്യനായ ശ്രീ നടുവത്തുശ്ശേരി ജോസഫിന്റെ പുത്രൻ ശ്രീ റാവുബഹദൂർ എൻ. ജെ. ജോസഫ് ഐ. എസ്. ഇ. മദ്രാസ്സംസ്ഥാനത്തെ അഡിഷനൽ ചീഫ് എൻജിനിയറായി നിയമിതനായിരിക്കുന്നു. ഒരു മലയാളി ആദ്യമായിട്ടാണു് പ്രസ്തുത ഉദ്യോഗം വഹിക്കുന്നതു്.

### ഇൻഡ്യൻപത്രങ്ങൾക്കു കൂട്ടുടമസ്ഥത

ഈ ജാനുവരി 1-ാംനു-മുതൽ ഇൻഡ്യൻപത്രങ്ങൾ ഇംഗ്ലണ്ട്, ആസ്ത്രേലിയാ, ന്യൂസിലണ്ട് എന്നീ രാജ്യങ്ങളിലെ പത്രങ്ങളോടൊപ്പം റോയിട്ടർ വാർത്താവിതരണ ഏജൻസിയുടെ കൂട്ടുടമസ്ഥരായിത്തീർന്നിരിക്കുന്നു. "ദി പ്രസ്ട്രസ്റ്റ് ഓഫ് ഇൻഡ്യ ലിമിറ്റഡ്" എന്ന പേരിൽ ഇൻഡ്യൻ പത്രങ്ങളുടെ ഉടമയിലുള്ള ഇൻഡ്യൻ ദേശീയവാർത്താവിതരണ ഏജൻസിയുടെ ഉൽഘാടനം നിർവ്വഹിക്കുന്നതിനായി അടുത്ത മർച്ച് 7-ാംനു ഒരു റോയിട്ടർ ദൗത്യസംഘം ഇൻഡ്യയിലെത്തുന്നതാണു്.

### സെൻസസ്

ഇൻഡ്യയിലെ അടുത്ത കാനേഷുമാരിക്കണക്കു് എടുക്കുന്നതിലേക്കു വേണ്ട ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. 1951 മാർച്ച് 31-ാംനു-യാണ് അതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം.

### ബഡ്ജററുസമ്മേളനം

ഇൻഡ്യൻ പാർലിമെന്റ് ബഡ്ജററുസമ്മേളനം ഫെബ്രുവരി 1-ാംനു പ്രസിഡണ്ട് മി. ജി. വി. മവലങ്കറിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ചോദ്യങ്ങൾക്കു മറുപടി പറഞ്ഞകൂട്ടത്തിൽ ധനകാര്യമന്ത്രി താഴെ പറയുന്ന സംഗതികൾ വ്യക്തമാക്കി: പണപ്പെരുപ്പം തടയാൻവേണ്ടി ഗവൺമെണ്ടു സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തിയെപ്പററി ഇനിയും തീർത്തുപറയുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. എങ്കിലും വിലക്കയററം തടയുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളതു വ്യക്തമാണ്. കൃഷി, ജലസേചനം, മത്സ്യവ്യവസായം, തീവണ്ടി എൻജിനുകൾ, കപ്പലുകൾ, ഹൈഡ്റോഇലക്ട്രിക് യന്ത്രങ്ങൾ മുതലായവസംബന്ധിച്ച ഗവൺമെന്റു ആരംഭിച്ചിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനു് ആവശ്യമായ പണം അന്തർദേശീയബാങ്കിൽനിന്നും ലോണെടുക്കുവാൻ ഗവൺമെണ്ടു തീരുമാനിച്ചിരിക്കുന്നു.

പ്രഭാഷണം

# ഒളിമ്പിക്ക് മത്സരക്കളികൾ

"ഓട്ടക്കളത്തിൽ ഓടുന്നവർ, എല്ലാവരും ഓടുന്നുണ്ടെങ്കിലും, സമ്മാനം ലഭിക്കുന്നത് ഒരുവനു മാത്രമാണെന്നു നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും സമ്മാനം ലഭിക്കുവാൻ തക്കവണ്ണം ഓടുവിൻ. മത്സരിക്കുന്ന ഏതൊരുവനും സകലത്തിലും സ്വയം വിരക്തി പാലിക്കുന്നു. ഇവർ നശ്വരമായ ഒരു കിരീടത്തിനു വേണ്ടി; നാമാകട്ടെ അനശ്വരമായ കിരീടത്തിനും. ആകയാൽ ഞാൻ ഓടുന്നത്, അനിശ്ചിതമായ ഒരു വസ്തുവിന്റെ പക്കലേക്ക് എന്ന പോലെയല്ല: ഞാൻ യുദ്ധം ചെയ്യുന്നത് വായുവിനെ അടിക്കുന്ന ഒരുവനെപ്പോലെയുമല്ല. മറിച്ച്, മറ്റുള്ളവരോടു പ്രസംഗിച്ചവനായ ഈ ഞാൻ തന്നെ പരിത്യജിക്കപ്പെട്ടുപോകാതിരിക്കേണ്ടതിനു എന്റെ ശരീരത്തെ പീഡിപ്പിക്കയും കീഴ്പ്പെടുത്തുകയുമാണ് ചെയ്യുന്നത്. എന്റെ സഹോദരന്മാരേ, ഇതു നിങ്ങൾ അറിയണമെന്നു ഞാനാഗ്രഹിക്കുന്നു. നമ്മുടെ പിതാക്കന്മാരെല്ലാം മേഘത്തിൻ കീഴിലായിരുന്നു. അവരെല്ലാവരും കടലിൽക്കൂടി കടന്നു എല്ലാവരും മൂശവഴി മേഘത്തിലും കടലിലും മാമ്മോദീസാ സ്വീകരിച്ചു എല്ലാവരും ഒരേ ആദ്ധ്യാത്മിക ഭക്ഷണം കഴിച്ചു. എല്ലാവരും ഒരേ ആദ്ധ്യാത്മിക പാനീയം കുടിക്കയും ചെയ്തു. അവരെ അനുഗമിച്ചിരുന്ന ആദ്ധ്യാത്മിക ശിലയിൽ നിന്നാണ് അവർ കുടിച്ചത്. ആ ശില മിശിഹാ തന്നെയായിരുന്നു എങ്കിലും അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല." (ഏഴുപതാം ഞായർ ലേഖനം 1 കൊറി. IX, 24—X 5).

കുറെ മാസങ്ങൾക്കുമുമ്പ് ലോകം മുഴുവന്റെയും ശ്രദ്ധ ലണ്ടനിലേക്ക് തിരിഞ്ഞു. ഭുവനപ്രസിദ്ധി നേടിയിട്ടുള്ള അഖിലലോക ഒളിമ്പിക്ക് മത്സരക്കളികൾ അന്ന് ആ മഹാനഗരത്തിൽ നടന്നുകൊണ്ടിരുന്നു. പത്രങ്ങളും പ്രക്ഷേപണികളും വാർത്താവിനിമയകേന്ദ്രങ്ങളും ഈ മഹാസംഭവത്തെ വലിയ അക്ഷരങ്ങളിലും വിശദവിവരങ്ങളോടുകൂടിയും ഉടനുടൻ ഏവരെയും അറിയിച്ചുകൊണ്ടിരുന്നു. 60 രാജ്യങ്ങളിൽനിന്ന് 60 0-ൽ പരം കളിക്കാർ ഇതിൽ പങ്കെടുത്തു. ഹോക്കി മത്സരത്തിലെ അവസാനക്കളിയിൽ ഇന്ത്യ ആസ്ത്രിയാക്ക് 8 ഗോൾ കൊടുത്ത് പ്രശസ്തവിജയം നേടിയെന്നും, വാട്ടർ പോളോയിലെ അവസാനമത്സരത്തിൽ ഇന്ത്യ ചില്ലി രാജ്യത്തെ തകർത്തുകളഞ്ഞുവെന്നും കേട്ടപ്പോൾ ഓരോ ഭാരതീയനും അഭിമാനപുളകമണിഞ്ഞിട്ടുണ്ടായിരിക്കണം. ഇത്രതന്നെ വിപുലമായ തോതിലല്ലെങ്കിലും, നമ്മുടെ നാട്ടിലും അഖിലകൊച്ചി മത്സരങ്ങൾ, അഖിലതിരുവിതാംകൂർ മത്സരങ്ങൾ, അഖിലേന്ത്യാ മത്സരങ്ങൾ എന്നിങ്ങനെ പല തോതിലും പ്രേക്ഷകരെ ആവേശം കൊള്ളിക്കുന്ന മത്സരക്കളികൾ നടന്നുവരുന്നുണ്ട്. അവയിൽ പങ്കെടുക്കുവാൻ നിരവധി വിദ്യാർത്ഥികളും യുവാക്കന്മാരും ചുറുചുറുക്കോടെ മുന്നോട്ടുവരുന്നു; അവ കണ്ടാനന്ദിക്കുവാനായി ആബാലവൃദ്ധം ജനങ്ങളും ഓടിക്കൂടുന്നു.

എന്നാൽ ഒരു പരമാർത്ഥം നാം മറക്കരുത്. ഈ മത്സരക്കളികൾ ആധുനികകാലത്തു മാത്രമല്ല ഇത്ര ഗംഭീരമായ തോതിൽ നടത്തപ്പെട്ടിട്ടുള്ളത്. പ്രാചീനകാലംമുതൽക്കുതന്നെ ഇങ്ങനെയുള്ള മത്സരക്കളികൾക്കു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുണ്ടായിരുന്നു. ഒളിമ്പിക്ക് മത്സരങ്ങൾ എന്നു ഇന്നും അറിയപ്പെടുന്ന മേലുദ്ധരിച്ച കായികമത്സരങ്ങൾ പഴയകാലത്തു ഗ്രീസിന്റെ തലസ്ഥാനമായ ആതൻസ് നഗരത്തിൽ ഒളിമ്പിയാഡ് (Olympia) എന്ന മഹോത്സവാവസരത്തിൽ നടത്തപ്പെടാറുണ്ടായിരുന്ന മത്സരക്കളികളുടെ ഒരു ആധുനികമാതൃക മാത്രമാണ്. വി. പൗലോസ് ശ്ലീഹായുടെ കാലത്തും ഈ മത്സരങ്ങൾക്കു വളരെ പ്രാബല്യമുണ്ടായിരുന്നുവെന്നു ഇന്നത്തെ ലേഖനത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. ഗ്രീക്കു സംസ്കാരത്തിന്റെ ഒരു കേന്ദ്രമായിരുന്ന കൊറിന്തിലും ഇപ്രകാരമുള്ള കായികവിനോദങ്ങൾ സുലഭമായിരുന്നതുകൊണ്ട് വി. ശ്ലീഹായുടെ ഉദാഹരണങ്ങൾ ഗ്രഹിക്കുവാൻ കൊറിന്ത്യർക്കു വിഷമമുണ്ടായിരുന്നില്ല.

ആദ്യംതന്നെ വി. ശ്ലീഹാ ഓട്ടക്കാരെക്കുറിച്ചാണ് പറയുന്നത്. "ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നുണ്ടെങ്കിലും ഒരുവനുമാത്രമാണ് സമ്മാനം ലഭിക്കുന്നത്..." ഇന്നത്തെപ്പോലെതന്നെ ഗ്രീക്കുകാരുടെ കായികമത്സരങ്ങളിലും ഓട്ടത്തിനായിരുന്നു പ്രാധാന്യം കല്പിച്ചിരുന്നത്. വിശാലമായ മൈതാനത്തിൽ ചുറ്റും വേലികെട്ടി സജ്ജീകരിച്ചതായിരുന്നു ഓട്ടക്കളം. പ്രേക്ഷകരായ അനേകായിരം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മത്സരക്കാർ ഒരടയാളം നൽകപ്പെട്ടപ്പോൾ ഓട്ടം തുടങ്ങുന്നു. ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുമ്പോൾ അവിടെ തൂക്കിയിരിക്കുന്ന പുഷ്പമാല്യം ആരു് ആദ്യം തൊടുന്നുവോ അയാൾ സമ്മാനാർഹനായിത്തീരുന്നു. ഒലിവ് വൃക്ഷത്തിന്റെ കൊമ്പുകൾകൊണ്ട് മെടഞ്ഞുണ്ടാക്കിയതായിരുന്നു ഈ പുഷ്പമാല്യം. അതു വിജയിയായവൻ അണിയുന്നു; അങ്ങനെ അവൻ വിജയമകുടം ചൂടുന്നു. എന്നാൽ പുഷ്പമാല്യത്തെക്കാളധികം അവനു സംസിദ്ധമാകുന്ന കീർത്തിയാണ് അമൂല്യമായിട്ടുള്ളത്. ജനക്കൂട്ടം അവനെ കൊണ്ടാടുന്നു; കവികൾ അവന്റെ വിജയത്തെ പ്രഘോഷിക്കുന്നു.

ഇപ്രകാരമുള്ള ഒരു ചിത്രം വി. ശ്ലീഹാ നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതു നമുക്ക് ആദ്ധ്യാത്മികമായ ഒരു സാധനപാഠം നൽകേണ്ടതിലേക്കാണ്. നാമെല്ലാവരുംതന്നെ ജീവിതരംഗത്തിൽ ഓട്ടക്കാരാണ്. ഓടി എത്തേണ്ട സ്ഥലം സ്വർഗ്ഗമാണ്. ഗ്രീസിലെ യുവാക്കൾ ഒരു തൃണമാല്യത്തിനുവേണ്ടി— ക്ഷണഭംഗുരമായ ലൗകികപ്രശംസക്കുവേണ്ടി—യാണ് ഇത്ര ബുദ്ധിമുട്ടി ഓടിയിരുന്നത്. എന്നാൽ നമ്മുടെ ജീവിതമാകുന്ന ഓട്ടത്തിൽ നമുക്കു ലഭിക്കുന്ന സമ്മാനം നശ്വരമായ ഒന്നല്ല; പ്രത്യുത അനശ്വരമായ, നിത്യമായ, സകലസൗഭാഗ്യനികേതനമായ സ്വർഗ്ഗമാണ്. കായികമത്സരങ്ങളിൽ ഓടിയെത്തുന്നവർക്കെല്ലാവർക്കും സമ്മാനമില്ല. ഒന്നാമനു —ഒരു പക്ഷേ രണ്ടാമനുംകൂടി— മാത്രമേ സമ്മാനമുണ്ടാകയുള്ളൂ. എന്നാൽ ജീവിതരംഗത്തിലെ ഓട്ടത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടില്ലെങ്കിലും വല്ലവിധേനയും വിജയലക്ഷ്യത്തിൽ എത്തിച്ചേർന്നാൽ മതി, മോക്ഷമാകുന്ന സമ്മാനം ഉറച്ചുകഴിഞ്ഞു. വഴിയിൽ വെച്ച് തളർന്നുപോകയോ, വീണുപോകയോ, അല്ലെങ്കിൽ ഓട്ടം വേണ്ടെന്നുവച്ച് ഒഴിഞ്ഞുമാറുകയോ ചെയ്യാതിരുന്നാൽ മാത്രം മതി.

നിത്യരക്ഷക്കുവേണ്ടി നാമോരോരുത്തരും എത്രമാത്രം ബുദ്ധിമുട്ടി പ്രയത്നിച്ചുകൊണ്ടിരിക്കണമെന്നുള്ളതും ഇന്നത്തെ ലേഖനത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. നശ്വരമായ പുഷ്പമാല്യത്തിനുവേണ്ടി അതിനിയൻ യുവാക്കന്മാർ നിരവധി ക്ലേശങ്ങൾ സഹിച്ചു. മത്സരക്കളികൾക്കു ഒരുക്കമായി വളരെ ദിവസങ്ങൾ അവർ കർശനമായ പരിശീലനത്തിനു വിധേയരാകുന്നു. ഭക്ഷണത്തിൽ ചില നിഷ്ഠകളെല്ലാം അവർ ആചരിക്കണം. ശരീരത്തിനു ബലക്ഷയം വരുമെന്നുള്ള ഭയത്താൽ അവർ വിഷയസുഖങ്ങളിൽനിന്നു പാടെ വിരമിക്കുന്നു. "സകലത്തിലും അവർ സ്വയം വിരക്തി പാലിക്കുന്നു" എന്നു വി. ശ്ലീഹാതന്നെ പറയുന്നു. നാമോരോരുത്തരും ഈ യുവാക്കന്മാരെ അനുകരിക്കുന്നില്ലയെന്നു സ്വയം പരിശോധിച്ചുനോക്കണം. ധനസമ്പാദനത്തിനായി, പണപ്പെട്ടി വീർപ്പിക്കുന്നതിനായി, ചിലർ എത്രയധികം ക്ലേശിക്കുന്നു? ഊണും ഉറക്കവുമില്ലാതെ രാവിനെ പകലാക്കി മാറ്റുന്നു; മറ്റുചിലർ ദുരാശകൾ സാധിക്കുന്നതിനായി എത്രയധികം ബുദ്ധിമുട്ടുകൾ സഹിക്കുന്നു? അവമാനങ്ങൾ അനുഭവിച്ചു നടക്കുന്നു? പരദ്രോഹത്തിനും പ്രതികാരത്തിനും വേണ്ടി ചിലർ എത്ര രാത്രികൾ ആലോചിച്ച് തല പുണ്ണാക്കുന്നു; ബുദ്ധിമുട്ടി ഓടിനടക്കുന്നു; കീർത്തിയും സ്ഥാനമാനങ്ങളും ലഭിക്കുവാൻ ചിലർ തങ്ങളുടെ ജീവിതം മുഴുവനും സമർപ്പിച്ച് രാപ്പകൽ അദ്ധ്വാനിക്കുന്നു. കൃഷിയിലും കച്ചവടത്തിലും വ്യവസായോദ്യമങ്ങളിലും മുഴുകിക്കൊണ്ട് ഇടവിടാതെ എന്തു ക്ലേശങ്ങളും സഹിക്കുവാൻ പലരും സന്നദ്ധരാകുന്നില്ലേ? പക്ഷേ, ഇതിന്റെയെല്ലാം ഫലമോ, നശ്വരവും പലപ്പോഴും പാപകരവുമാണ്. എന്നാൽ ഈ ക്ലേശങ്ങളുടെ ഒരു പത്തിലൊരംശമെങ്കിലും നാം നമ്മുടെ ആദ്ധ്യാത്മികകാര്യങ്ങൾക്കുവേണ്ടി— മോക്ഷസമ്പാദനത്തിനുവേണ്ടി— സഹിക്കുവാൻ തയ്യാറാണോ? നല്ല കുമ്പസാരം കഴിച്ചു ആത്മവിശുദ്ധി വരുത്തുന്നതിനും, ദിവ്യബലിയിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്നതിനും, ദിവ്യകാരുണ്യനാഥനെ സ്വീകരിക്കുന്നതിനും, ഞായറാഴ്ച വിശുദ്ധമായി ആചരിക്കുന്നതിനും, സക്രാരിയിലെ സ്നേഹനാഥനെ സന്ദർശിക്കുന്നതിനും, ദരിദ്രരെയും കഷ്ടപ്പെടുന്നവരേയും സഹായിക്കുന്നതിനും നാം കുറച്ചെങ്കിലും ബുദ്ധിമുട്ടിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

ഇന്ന് ഏഴുപതാം ഞായറാഴ്ചയാണ്; നോയമ്പുകാലം സമീപിക്കുന്നു. നോയമ്പും ഉപവാസവും നമുക്ക് അത്യന്താപേക്ഷിതമാണെന്നും വി. ശ്ലീഹാ ഇന്നത്തെ ലേഖനത്തിൽ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ട്. കായികമത്സരക്കാർ ഭക്ഷണസാധനങ്ങളിൽ പലതും വർജ്ജിക്കുന്നു; വിഷയസുഖങ്ങളിൽനിന്നു അവർ ഒഴിഞ്ഞുമാറുന്നു. എന്തിനുവേണ്ടി? ലൗകികപ്രശസ്തിക്കുവേണ്ടി. അങ്ങനെയെങ്കിൽ അനശ്വരസൗഭാഗ്യത്തിനുവേണ്ടി നാമും കുറെയെങ്കിലും ത്യാഗങ്ങൾ ഭക്ഷണകാര്യങ്ങളിലും മറ്റു സുഖഭോഗങ്ങളിലും അനുഷ്ഠിക്കേണ്ടതല്ലേ? ശരീരത്തിൽ രോഗം പിടിപെടുമ്പോൾ നാം ചികിത്സ നടത്തുന്നു; ചില ഭക്ഷ്യപദാർത്ഥങ്ങൾ വർജ്ജിച്ചുകൊണ്ടു പത്ഥ്യങ്ങൾ ആചരിക്കുന്നു; അവയിൽ നാം യാതൊരു അതൃപ്തിയും പ്രദർശിപ്പിക്കുന്നില്ല. എന്നാൽ ആത്മാവിനെ ബാധിക്കുന്ന രോഗങ്ങൾ ശമിക്കുന്നതിനും ആദ്ധ്യാത്മികമായ ഓജസ്സു ലഭിക്കുന്നതിനും നോയമ്പും ഉപവാസവും ചുരുങ്ങിയ തോതിലെങ്കിലും അനുഷ്ഠിക്കുവാൻ നാം സന്നദ്ധരാകുന്നുണ്ടോ?...... "ഞാൻ നല്ല യുദ്ധം ചെയ്തു; എന്റെ ഓട്ടം പൂർത്തിയായി...... നീതിയുള്ള ന്യായാധിപനായ എന്റെ കർത്താവ് ആ ദിവസത്തിൽ എനിക്കു പ്രതിഫലമായി തരുവാനിരിക്കുന്ന നീതിയുടെ കിരീടം ഇപ്പോൾ മുതൽ എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു" എന്നു വി. ശ്ലീഹായോടുകൂടി പറയുവാൻ നമുക്കും ഇടവരുമാറാകട്ടെ.

ജെ. ചെമ്മണൂർ



ഇന്ത്യയിലെ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷണറായി നിയമിതനായിരിക്കുന്ന സർ ഫ്രാങ്ക് റോബർട്ട്സ്. ഇദ്ദേഹം 1948 ജനുവരി വരെ ബ്രിട്ടീഷ് വിദേശകാര്യവകുപ്പ് സെക്രട്ടറി മി. ബെവിന്റെ പ്രധാന പ്രൈവറ്റ് സെക്രട്ടറിയായിരുന്നു.

## നിങ്ങൾക്കറിയാമോ?

(3-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ജ്ഞാനസ്നാനം സ്വീകരിക്കുന്നയാൾ; അല്ലെങ്കിൽ ശിശുവിന്റെ മാതാപിതാക്കൾ; അല്ലെങ്കിൽ ശിശുവിന്റെ രക്ഷാകർത്താക്കൾ; അവരാരുമില്ലെങ്കിൽ ജ്ഞാനസ്നാനം നൽകുന്ന പുരോഹിതൻ.

2 ഇല്ല. കൂദാശാകർമ്മം നിർവ്വഹിക്കപ്പെട്ടപ്പോൾ ശിശുവിന്റെ ദേഹത്തു തൊടേണ്ടിയിരുന്നു.

3 പാടില്ല. ജ്ഞാനസ്നാനപിതാക്കൾ ഇ[illegible]ലോ ശീശ്മയിലോ പെട്ടവരായിരിപ്പാൻ നിവൃത്തിയില്ല.

4 അല്ല.

## അമ്പാറനിരപ്പേൽ

ചെറുപുഷ്പവേദപ്രചരണ സഹായസംഘത്തിന്റെ പ്രഥമവാർഷികം ജനുവരി 30-ാം നു റവ. ഫാ. ജെ. വി. തോട്ടം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി ശ്രീ എ. ഒ. ജോസഫ് എം. എ. എൽ. ടി, ശ്രീ എം. എ. മാത്യു ബി. എ. എന്നിവർ പ്രസംഗങ്ങൾ നടത്തി.

## ഭരണങ്ങാനം

ഭരണങ്ങാനം ഫൊറോനാ കേന്ദ്രമാക്കിക്കൊണ്ടു് പൂവത്തോട്, നീറപ്പൽ, തിടനാട് എന്നീ ഇടവകകളിൽ സ്ഥാപിച്ചുനടത്തിവരുന്ന ചെറുപുഷ്പമിഷൻ സഹായസംഘങ്ങളുടെ സംയുക്തസമ്മേളനം വിശാഖപട്ടണം രൂപതയുടെ മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നിരിക്കും.

## റോഡോപദേശം

അമേരിക്കയിൽ ഫോർട്ടുവെയിൻ നഗരത്തിൽ കുട്ടികളെ സ്കൂളിലേക്കു കൊണ്ടുപോകുന്ന ബസ്സിൽ വേദോപദേശം നൽകിവരുന്നു. ഇങ്ങനെ വേദാഭ്യസനം നടത്തുന്നകുട്ടികളുടെ എണ്ണം 615 ആണ്.

ആരോഗ്യപംക്തി

# നമ്മുടെ ഭക്ഷണരീതി

(K. L. V.)

ശരീരത്തിന്റെ വളച്ച്, ആരോഗ്യസംരക്ഷണം, ശക്ത്യുല്പാദനം എന്നിവ നാം കഴിക്കുന്ന ഭക്ഷണത്തെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതുതന്നെയാണ്. എന്നാൽ നമ്മുടെ പ്രതിദിനഭക്ഷണക്രമത്തിൽ ഈ സംഗതിക്കു നാമെത്രകണ്ടു പരിഗണന നൽകുന്നുണ്ട് എന്നുള്ളതാണ് ചിന്താർഹമായിട്ടുള്ളതും. സാധാരണമായി നാം ഭക്ഷണം രുചികരമാക്കുന്നതിനല്ലാതെ പോഷകതരമാക്കുന്നകാര്യത്തിൽ അത്രകണ്ട് ശ്രദ്ധപതിക്കാറില്ല എന്നതാണ് പരമാർത്ഥം. ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിലും അവ പാകപ്പെടുത്തി ഉപയോഗിക്കുന്നതിലും നാം സ്വീകരിച്ചിരിക്കുന്ന രീതി ഏററവും അതൃപ്തികരമാണ്. ശരീരത്തിനത്യന്താപേക്ഷിതമായ പ്രൊട്ടീൻസ്, ധാതുവർഗ്ഗങ്ങൾ, ജീവകങ്ങൾ തുടങ്ങിയുള്ള അതിപ്രധാനമായ ഘടകങ്ങൾ നമ്മുടെ ഭക്ഷണത്തിലില്ലെങ്കിൽ ആ ഭക്ഷണം തികച്ചും ഫലശൂന്യമാണെന്നുവേണം പറയുവാൻ. നമ്മുടെ ദിവസേനയുള്ള ഭക്ഷണത്തിൽ അവശ്യം ഉൾപ്പെടുത്തേണ്ട ചില പദാർത്ഥങ്ങളെപ്പററി താഴെ ചേർക്കുന്നു:

പാല്: ഒരു കുട്ടി 12 ഔൺസു മുതൽ 16 ഔൺസുവരെയും പ്രായംവന്ന ഒരാൾ ചുരുങ്ങിയപക്ഷം 9 ഔൺസെങ്കിലും ദിവസേന കുടിക്കേണ്ടതാണ്. എന്നാൽ ശിശുക്കളുള്ള മാതാക്കളും സസ്യഭുക്കുകളായിട്ടുള്ളവരും കൂടുതൽ പാൽ ഉപയോഗിക്കേണ്ടിയിരിക്കുന്നു.

മുട്ട: ഒരാൾ ഒരാഴ്ചയിൽ രണ്ടോ മൂന്നോ മുട്ടയെങ്കിലും ഉപയോഗിക്കണം. ദിവസേന ഓരോന്നുപയോഗിക്കുന്നത് വളരെ നല്ലത്.

പഴങ്ങളും സസ്യങ്ങളും: ദിവസത്തിൽ രണ്ടോ മൂന്നോ നേരം സസ്യപദാർത്ഥങ്ങൾ ഭക്ഷിക്കേണ്ടതാണ്. ചുരുങ്ങിയപക്ഷം ഒരു നേരമെങ്കിലും വിററാമിൻ സീ ഉൾക്കൊള്ളുന്ന സസ്യങ്ങളും (ഉദാഹരണമായി ഓറഞ്ച്, മുന്തിരി, തക്കാളി മുതലായവ) ഒരുനേരം ഇലവർഗ്ഗങ്ങളും മററുനേരങ്ങളിൽ കൂടുതൽ പഴവർഗ്ഗങ്ങളും, ഉരുളക്കിഴങ്ങ് മുതലായവയും ഉപയോഗിക്കണം.

മത്സ്യം, മാംസം, പരിപ്പുവർഗ്ഗങ്ങൾ: ദിവസത്തിൽ ഒരു നേരത്തെ ഭക്ഷണത്തിലെങ്കിലും ഇവ ഉൾപ്പെട്ടിരിക്കണം. ആഴ്ചയിൽ ഒരിക്കലെങ്കിലും പയറുവർഗ്ഗങ്ങളും ഭക്ഷിക്കേണ്ടതാണ്.

ധാന്യങ്ങൾ: ദിവസേന നാം കഴിക്കുന്ന ഭക്ഷണത്തിൽ ഒരു ഭാഗം ധാന്യമായിരിക്കണം. അരി പൊടിക്കാതെയും തവിടുകളയാതെയും ഉപയോഗിക്കുന്നതും ഉത്തമം.

നെയ്യും വെണ്ണയും: ദിവസേന കുറേശെ ഉപയോഗിക്കുന്നത് ഏററം അഭിലഷണീയമാണ്.

എണ്ണ, കൊഴുപ്പ്: ഇവ തനിച്ചുപയോഗിക്കാതെ മററു പദാർത്ഥങ്ങൾ പാകപ്പെടുത്തുമ്പോൾ അവയിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ്.

പഞ്ചസാരയും മധുരപദാർത്ഥങ്ങളും: നാം സാധാരണ ഭക്ഷിക്കാറുള്ള പാൽ, പഴങ്ങൾ, ധാന്യങ്ങൾ മുതലായവയിൽ പഞ്ചസാരയുടെ അംശം ധാരാളമായുണ്ട്. പഞ്ചസാര, നൂറ്, കൊഴുപ്പ് മുതലായവ ശക്ത്യുല്പാദകങ്ങളാകയാൽ ഓരോരുത്തന്റെയും തൊഴിലിന്റെ സ്വഭാവമനുസരിച്ച് തന്റെ ശരീരത്തിൽ ആവശ്യമായ ശക്തി ഉല്പാദിപ്പിക്കുന്നതിനു വേണ്ടുന്നത്ര ഉപയോഗിക്കേണ്ടതാണ്. ഈ പദാർത്ഥങ്ങൾ കൂടുതൽ ഉപയോഗിച്ചാൽ ആവശ്യം കഴിഞ്ഞു ബാക്കിയുള്ളത് കൊഴുപ്പുരൂപത്തിൽ ശരീരത്തിൽ സംഭരിക്കപ്പെടും.

വെള്ളം: ശുദ്ധജലം കഴിയുന്നതും കൂടുതൽ കുടിക്കുന്നത് ഉത്തമമായിരിക്കും.

ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട ചില സംഗതികളുണ്ട്. ആദ്യമായി നാം വീട്ടിലേക്കാവശ്യമായവ എന്തെല്ലാമെന്നു തീരുമാനിച്ചശേഷം അവ മാത്രം വാങ്ങാൻ ശ്രമിക്കണം. പഴകിയതും കേടുവന്നതുമായ സാധനങ്ങൾ വാങ്ങരുത്. പച്ചക്കറിസാധനങ്ങൾ ഒന്നോ രണ്ടോ ദിവസത്തെ ഉപയോഗത്തിനുമാത്രമേ വാങ്ങാവൂ.

അടുത്തതായി ഭക്ഷണം പാകപ്പെടുത്തുന്ന വിധത്തിലാണ് നമ്മുടെ ശ്രദ്ധ പതിയേണ്ടത്. പഴങ്ങളും മററു സസ്യങ്ങളും ചതയ്ക്കുകയോ വളരെ നേരം വേവിക്കുകയോ ചെയ്യരുത്. അവ കഴിയുന്നതും ചുരുങ്ങിയ സമയംകൊണ്ടു പാകപ്പെടുത്തി ഉപയോഗിക്കേണ്ടതാണ്. കൂടുതൽ ചൂടും അവയിലുള്ള ജീവകങ്ങളെ നശിപ്പിച്ചുകളയും. അവയിലുള്ള ചില ജീവകങ്ങൾ വെള്ളത്തിൽ അലിഞ്ഞു ചേരുന്നവയായതുകൊണ്ട് അവ വേവിക്കുന്നതിനു വളരെ കുറച്ചു വെള്ളം മാത്രം ഉപയോഗിക്കേണ്ടതും വെന്തുകഴിഞ്ഞു ശേഷിക്കുന്ന ജലാംശം ഉപയോഗത്തിനായി എടുക്കേണ്ടതുമാണ്. ജീവകങ്ങൾ ആവിരൂപത്തിൽ നഷ്ടപ്പെടാതിരിക്കുന്നതിനായി സസ്യങ്ങൾ വേവിക്കുമ്പോൾ പാത്രം ശരിയായി അടച്ചിരിക്കണം. പദാർത്ഥങ്ങൾ പാകപ്പെടുത്തിക്കഴിഞ്ഞാൽ അവ കഴിയുന്നതും വേഗത്തിൽ ഉപയോഗിച്ചുകൊള്ളണം. അവ വച്ചുകൊണ്ടിരിക്കുന്ന സമയത്തിന്റെ ദൈർഘ്യമനുസരിച്ച് അവയിലുള്ള ജീവകങ്ങളും നഷ്ടപ്പെടുന്നതാണ്. സസ്യങ്ങൾ ഉണക്കുകയോ വറുക്കുകയോ ചെയ്യുന്നതു മൂലം അവയിലെ ചില ജീവകങ്ങൾ നഷ്ടപ്പെടാനിടയുണ്ട്. അതിനാൽ ആ വിധത്തിലുള്ള പാകപ്പെടുത്തൽ കഴിയുന്നതും വർജ്ജിക്കുന്നതുത്തമമായിരിക്കും.

മേൽപ്പറഞ്ഞവിധത്തിലെല്ലാം നമ്മുടെ ഭക്ഷണരീതി നാമൊന്നു പരിഷ്കരിക്കുന്നപക്ഷം നമ്മുടെ ആരോഗ്യസ്ഥിതിയിൽ കാര്യമായ അഭിവൃദ്ധിയുണ്ടാകുമെന്നു മാത്രമല്ല ഭാവിതലമുറകൾക്കു കൂടി അതു ശുഭപ്രദമായിരിക്കയും ചെയ്യും.

— —

## ചോദ്യോത്തരപംക്തി

**ചോ:** ഇംഗ്ലണ്ടിലെ കോൺഗ്രിഗേഷൻ സഭകൾ ഉണ്ടായതു് എങ്ങനെയാണെന്നു പറയാമോ?

**ഉ:** പറയാം. 1667-ൽ ആണ് അവയുണ്ടായതു്. അക്കാലത്തു് കത്തോലിക്കാസഭയേയും രാജാവിനു് ആംഗ്ലിക്കൻ സഭമേലുള്ള അധികാരത്തേയും ഒരുപോലെ നിഷേധിക്കുന്ന പല പ്രോട്ടസ്റ്റൻറു ഭക്തസമാജങ്ങൾ അവിടവിടെ ഉണ്ടായി. രാജാധികാരത്തിന്റെ കീഴിലുള്ള സഭയാണ് സത്യസഭ എന്നും രാജ്ഞിക്കു് കാനൻലോ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടെന്നും സമ്മതിക്കാഞ്ഞ കുററത്തിനു് ഹെൻട്രിബാറോ (Henry Barow and John Greenwood) യേയും ഗ്രീൻവുഡിനേയും കൊല്ലിക്കുകയും സ്വതന്ത്രമായി നിൽക്കുന്നവരുടെ സഭയ്ക്കു് ഗവമ്മെൻറു് സംരക്ഷണം നിരോധിക്കുകയും ചെയ്തു. അതോടുകൂടി ഗവർമ്മെൻറിന്റെ സഹായം ഉപേക്ഷിച്ച് പല കോൺഗ്രിഗേഷനൽ സഭകൾ ഉണ്ടായി.

**ചോ:** പ്രസ്ബിററീരിയൻ സഭ എങ്ങനെ എവിടെ ഉണ്ടായി?

**ഉ:** ജോൺനോക്സ് എന്നയാളാണ് സ്കോട്ട്ലണ്ടിൽ പ്രസ്ബിററീരിയൻ സഭ സ്ഥാപിച്ചതു്. ഇദ്ദേഹം ഒരു കത്തോലിക്കാ പട്ടക്കാരനായിരുന്നു. ജനീവായിൽവച്ച് ഇദ്ദേഹം ജോൺ കാൽവിനുമായി കൂട്ടുപിടിച്ചു. ഇദ്ദേഹം കാൽവിന്റെ ഉപദേശം സ്കോട്ട്ലണ്ടിൽ 1555-ൽ പ്രസംഗിക്കുവാൻ തുടങ്ങി. അതിനാൽ അദ്ദേഹത്തെ നാടുകടത്തിയെങ്കിലും 1559-ൽ വീണ്ടും തിരിച്ചുവന്നു പ്രസംഗിച്ചു. ഇംഗ്ലണ്ടിൽ ആംഗ്ലിക്കൻ സഭ ഉണ്ടായതുപോലെ സ്കോട്ട്ലണ്ടിലും ഒരു സ്വതന്ത്രസഭ സ്ഥാപിക്കണമെന്നുപദേശിച്ചു. ഗവമ്മെൻറു് അതു് സമ്മതിച്ചു. അങ്ങനെ 1560-ൽ സ്കോട്ട്ലണ്ടിൽ സ്വതന്ത്രമായി സ്ഥാപിച്ച സഭയ്ക്കു് പ്രസ്ബിററീരിയൻ സഭ എന്നു് പേരിടുകയും ചെയ്തു.

**ചോ:** മെത്തേഡിസ്റ്റ് സഭ ഉണ്ടായതെങ്ങനെ?

**ഉ:** 1728-ൽ ജോൺവെസ്ലിയെന്നൊരാളെ ആംഗ്ലിക്കൻ സഭയിൽ പട്ടംകൊടുത്തു അവരുടെ പട്ടക്കാരനാക്കി. അദ്ദേഹം ആംഗ്ലിക്കൻ സഭയിലെ കുറെ ഭക്തന്മാരെ വിളിച്ചുകൂട്ടി പ്രാർത്ഥനയും വേദപുസ്തകവായനയും തുടങ്ങി. അവർ ചില പുതിയ പ്രമാണങ്ങളൊക്കെ ഉണ്ടാക്കി അവയെകൃത്യമായി അനുഷ്ഠിക്കുവാൻ തുടങ്ങി. ആംഗ്ലിക്കൻസഭ വിടണമെന്നവർ ആദ്യം ഉദ്ദേശിച്ചിരുന്നില്ല. എങ്കിലും ജോൺവെസ്ലി നാടൊക്കെയും നടന്നു് പ്രസംഗങ്ങൾ നടത്തി. എന്നാൽ ആംഗ്ലിക്കൻ സഭയിലെ നേതാക്കന്മാർക്കു് അനധികൃതമായ ഈ സുവിശേഷവേല തീരെ രസിച്ചില്ല. അതിനാൽ 1738-ൽ ജോൺവെസ്ലിയുടെ അനുയായികൾ ആംഗ്ലിക്കൻ സഭ വിട്ട് വെസ്ലിയൻസഭ അല്ലെങ്കിൽ മെത്തേഡിസ്റ്റ്സഭയുണ്ടാക്കി. അങ്ങനെയാണ് ആ സഭയുണ്ടായതു്.

**ചോ:** ക്രിസ്ത്യൻ സഭ തുടങ്ങിയതു് പെന്തിക്കോസ്തിലല്ലയോ?

**ഉ:** ക്രിസ്തുവിന്റെ സാക്ഷാൽ സഭ തുടങ്ങിയതും പെന്തിക്കോസ്തിലാണ്. എന്നാൽ "ക്രിസ്ത്യൻസഭ" എന്നു പേരു പറഞ്ഞുവരുന്ന സഭ തുടങ്ങിയതു് റവ: അലക്സാണ്ടർ കാംബെൽ (Rev: Alexander Cambell) ആണ്. അദ്ദേഹം ജനിച്ചതു് 1738-ൽ ആണ്. അദ്ദേഹം ഒരു പ്രസ്ബിററീരിയൻ സഭക്കാരനായിരുന്നു. അദ്ദേഹം പ്രായമായതോടുകൂടി "സകലത്തിന്റേയും അടിസ്ഥാനം വേദപുസ്തകം മാത്രം" എന്ന പ്രോട്ടസ്റ്റൻറു പ്രമാണം മുറുക്കിപ്പിടിക്കുവാൻ തുടങ്ങി. മുമ്പുണ്ടായിരുന്നതും പിന്നീട് ഓരോരുത്തർ വകഞ്ഞുണ്ടാക്കിയിരുന്നതുമായ സകല വിശ്വാസപ്രമാണങ്ങളേയും അദ്ദേഹം വേദപുസ്തകപ്രകാരം കുററംപറഞ്ഞു തള്ളി. കാൽവിന്റെ പ്രമാണമനുസരിച്ച് ഉണ്ടാക്കിയ വെസ്റ്റ്മിനിസ്റ്റർ കൺഫഷൻ എന്ന മതസംഗതി സ്വീകരിച്ചു നടന്നുവന്ന പ്രസ്ബിററീരിയൻ സഭയെ അദ്ദേഹം ഉപേക്ഷിച്ചു ബാപ്റ്റിസ്റ്റ് സഭക്കാരോടുചേർന്ന് പ്രസംഗിച്ചു നടന്നു. എന്നാൽ ബാപ്റ്റിസ്റ്റ് പ്രമാണങ്ങളെയും അദ്ദേഹം സ്വീകരിച്ചില്ല. അദ്ദേഹത്തിനും വളരെ അനുയായികളുണ്ടായി. അവരെയെല്ലാം ചേർത്ത് "ക്രിസ്തുവിന്റെ ശിഷ്യന്മാർ" എന്ന പേരിൽ 1827-ൽ ഒരു സഭ സ്ഥാപിച്ചു. 1866-ൽ കാംബെൽ മരിച്ചു. അതോടുകൂടി ആ സഭയിൽ ഭരണസംബന്ധമായ തർക്കമുദിച്ചു. അവർ രണ്ടായി പിരിഞ്ഞു. ഒരുകൂട്ടർ (Disciples of Christ) ക്രിസ്തുശിഷ്യർ എന്ന പേരും മറേറകൂട്ടർ (Churches of Christ) ക്രിസ്തു സഭകൾ എന്ന പേരും സ്വീകരിച്ചു നടന്നുവരുന്നു. ബൈബിൾ ക്രിസ്ത്യാനികൾ എന്നും ഇവർക്കു പേരുണ്ട്.

(സ. കാ.)

— —

## ശിലാസ്ഥാപനകർമ്മം

തൃശ്ശൂർ രൂപതയിൽപ്പെട്ട മാള ഇടവകയിൽ സ്ഥാപിക്കുവാൻ പോകുന്ന കർമ്മലീത്താ മഠത്തിന്റെ ശിലാസ്ഥാപനകർമ്മം റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമനസ്സുകൊണ്ട് ഫെബ്രുവരി 1-ാംനു- നിർവ്വഹിച്ചിരിക്കുന്നു.

## സ്കൂൾവാർഷികം

പിറവം സെൻറ് ജോസഫ്സ് ഹൈസ്കൂളിന്റെ വാർഷിക ദിനാഘോഷം റവ. ഫാ. തോമസ് പാഴൂർ ബി. എ. ഓണേഴ്സ് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മെ. ജോസഫ് നെടുങ്കുന്നം, ജയിംസ് കണ്ടത്തിൽ എന്നിവരായിരുന്നു പ്രാസംഗികന്മാർ.

## പരിയാരം

കർമ്മലീത്താമഠക്കപ്പേളയിൽ സ്ഥാപിതമായിട്ടുള്ള മരിയാസഖ്യത്തിന്റേയും പ്രൈമറിസ്കൂളിലെ തിരുബാലസംഘത്തിന്റേയും സംയുക്തവാർഷികം റവ. ഫാ. അപ്രേം പാലത്തിങ്കൽ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

## On Sarcasm

Sarcasm is one of the sharpest and most fearful instruments of the human tongue. It is used chiefly by two kinds of characters: those who are very proud and self-opinionated, and those who have a faulty sense of humour. The proud have learned how much sarcasm hurts a person who has pricked their pride, and they use it with the intention of hurting. The laugh-seeker has learned that sharp sarcasm is usually good for a laugh among bystanders whom it does not hurt, and sacrifices charity for the sake of the laugh.

There are three kinds of situations in which a truly charitable person will resist every impulse to speak sarcastically to or about others. The first is that in which it is necessary to reprimand or correct subordinates or subjects. The true purpose of every reprimand is the betterment of the offender; one of the surest ways to prevent his betterment and to make him resist correction is to speak with stinging sarcasm. Sarcastic people are never loved by their subjects, and are obeyed only through necessity.

The second situation in which sarcasm is cruel and evil is in the presence of the physical, mental or educational defects of others. To make sarcastic remarks, as is often done either in anger or for the sake of a laugh, about another's appearance, or misshapen bodies or limbs, or unconscious mistakes in language or deportment, is a most vicious form of unkindness. The same is true of any such remarks about a person's nationality, race, or family.

The third situation in which sarcasm reveals an unloveable character is in argument or discussion. Some persons cannot carry on a wholesome discussion of a disputed point without resorting to sarcasm concerning those who differ with them. This, of course, destroys the value of any discussion; it takes an argument out of the intellect and places it in the emotions where it does not belong.

There is a place in human relationships for the proper use of sarcasm. In the form of gentle satire on common human foibles and inconsistencies, it is both a delicious form of humour and a prod to the betterment of human behaviour. In the service of moral indignation over public crimes and scandals, it can have a lasting effect on human minds and hearts. But it is out of place in the face to face relationships of individual persons. *The Liguorian*

*

A young author sent a manuscript to an editor with a letter in which he stated, "The characters in this story are purely fictional and bear no resemblance to any person, living or dead."

A few days later he received his manuscript with the pencilled notation: "That's what's wrong with it." *Victorian*

*

"Conductor, will you help me off the train, please?"

"Certainly"

"You see, I'm stout, and have to get off the train backwards. The porters think I'm getting on and give me a shove back again. I'm five stations past my destination now."

*Victorian*

*

STEADY FLAME

Reputation is a lamp
That sheds a fitful light,
But character is flame that burns
Both steadily and bright!

*

"Dictatorship is a nation which once had freedom but didn't use it."

# Sathya Deepam

Vol. 22 | Ernakulam February 9, 1949 | No. 25


## കമ്മ്യൂണിസ്റ്റ് ഭരണം

(1-ാം പേജ് തുടർച്ച)

എന്നാൽ രാഷ്ട്രത്തിന്റെ കാര്യം അതല്ല. റഷ്യയിൽ ആകെ 30 ലക്ഷം തടങ്കൽപ്പുള്ളികൾ സ്ത്രീപുരുഷന്മാരായി ഉണ്ടെന്നും അവിടത്തെ ഗവൺമെന്റിനെ വിമർശിക്കുന്നവർ ഒന്നുകിൽ ജയിൽ അല്ലെങ്കിൽ മരണമാണ് അനുഭവമെന്നും അടുത്തദിവസം ഒരു പത്രത്തിൽ വായിക്കയുണ്ടായി. ഭരണകക്ഷിയല്ലാതെ മറ്റൊരു കക്ഷിയുമില്ലാത്ത രാജ്യത്ത് നീതിന്യായത്തിന്റെ ഗതി എങ്ങനെയെന്നു ഞാൻ സംശയിക്കുന്നു."

സഖാവു ജോസിനു തോൽവി സമ്മതിക്കാനുള്ള വിശാലമനസ്കത ഉണ്ടായില്ല. അയാൾ നീതിന്യായത്തിനു ഒരു പുതിയ വ്യാഖ്യാനം നൽകി രക്ഷപ്പെടുവാൻ ശ്രമിച്ചു. "രാഷ്ട്രം നിശ്ചയിക്കുന്നതു് എന്തോ അതാണു നീതിയും ന്യായവും. രാഷ്ട്രം നൽകുന്നേടത്തോളമുള്ള അവകാശസ്വാതന്ത്ര്യങ്ങളേ മനുഷ്യവ്യക്തികൾക്കുള്ളൂ എന്നു മനസ്സിലാക്കണം."

മി. മേനവൻ വിട്ടില്ല. ഒരു ചോദ്യചിഹ്നം വരച്ചുകൊണ്ട് ഒരു കവിൾ പുക മൂന്നുരണ്ടു ചുരുണ്ടു മേല്പോട്ടയച്ചു. "യൂ. എൻ. ഒ. എന്ന ഐക്യരാഷ്ട്ര സംഘടന പാരീസിൽ സമ്മേളിച്ചപ്പോൾ മനുഷ്യാവകാശങ്ങളെപ്പറ്റിയുള്ള ചില പ്രമേയങ്ങൾ അവതരിപ്പിക്കപ്പെടുകയുണ്ടായി. ആ പ്രമേയങ്ങൾക്ക് പ്രാരംഭമായി ചേർത്തിരുന്ന വാക്യം ഇപ്രകാരമായിരുന്നു: — മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് — ഇതേപ്പറ്റി നിങ്ങൾ എന്തു പറയുന്നു?"

അന്നു് യു. എൻ. ഒ. യിൽ നടന്ന വാദപ്രതിവാദങ്ങളുടെ വിശദവിവരങ്ങൾ സഖാവും അറിഞ്ഞിരുന്നതാണു്. അതിനാൽ വിജയോത്സാഹത്തിൽ അയാൾ പ്രതിവചിച്ചു: "ഞാൻ ഇതേപ്പറ്റി എന്തെങ്കിലും പറയണമെന്നില്ല. ആ സമിതിയിൽവച്ചു് അന്നത്തെ റഷ്യൻ പ്രതിനിധിയായിരുന്ന പ്രൊഫസർ പാവ്ലോവ് ആ വാക്യത്തെ എതിർത്തുകൊണ്ടു പറഞ്ഞതു താങ്കൾ ഞാൻ ഉദ്ധരിക്കട്ടെയോ? — മനുഷ്യൻ ദൈവത്തിന്റെ ഛായയിലാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് എന്ന അഭിപ്രായം എന്റെ രാജ്യത്തിൽ വഴിയെ തർക്കവിഷയമായിരിക്കുന്നു; മാത്രമല്ല, ഏതോ സാമുദായികമായ പിടുത്തങ്ങളെ സൂചിപ്പിക്കുന്നതായി ഈ അഭിപ്രായം ചിലപ്പോൾ പരിഗണിക്കപ്പെടുകപോലും ചെയ്യുന്നുണ്ടു് — എന്നാണു്."

മി. മേനവന്റെ ചുളുങ്ങിയ നെററിത്തടം പാവ്ലോവിന്റെ നികൃഷ്ടമായ ആശയത്തെ വെല്ലുവിളിക്കുന്നതുപോലെ തോന്നി. അദ്ദേഹം പറഞ്ഞു: "പാവ്ലോവിന്റെ ജല്പനങ്ങളെ എതിർത്തുകൊണ്ട് കൊളമ്പിയായിലെ പ്രതിനിധി, ഡോക്ടർ ലൊസാനോ പ്രസ്താവിച്ചതെന്തെന്നുകൂടി നാം ഓർക്കണം: — പുരോഗമനവാദമെന്നു് അവകാശപ്പെടുന്ന ചില ആദർശവാദങ്ങളുണ്ടു്. എന്നാൽ അവ യഥാർത്ഥത്തിൽ മനുഷ്യനെ ഒരു പട്ടിയുടെ നിലയിലേക്കു താഴ്ത്തിവച്ചിരിക്കയാണു ചെയ്തിരിക്കുന്നതു് — എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി."

വിയർപ്പുതുള്ളികൾ പൊടിഞ്ഞു് സഖാവിന്റെ മുഖം ശോഭിതമായി. സിഗററു കാററിൽ കെട്ടുപോയി. തീപ്പെട്ടി എടുത്തു് ഒരു കോൽ ഉരച്ചു കത്തിക്കുവാനുള്ള ധൈര്യം അയാൾക്കുണ്ടായില്ല. അയാൾ വേറൊരു ശാഖയിൽ ചാടിക്കയറി നിൽക്കുവാൻ നോക്കി. "ഒരു രാഷ്ട്രത്തിന്റെ മേന്മ ലോകത്തിൽ അതിനുള്ള സ്ഥാനംകൊണ്ടാണു് അളക്കേണ്ടതു്. റഷ്യ ഇന്നു ലോകത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. ആകയാൽ റഷ്യയുടെ ബോധനങ്ങളാണു് ആധുനികകാലത്തു വിജയിക്കുന്നതു് എന്നല്ലേ ഇതു തെളിയിക്കുന്നതു്?"

മി. മേനവൻ സഖാവിനോടു് അല്പംകൂടി അടുത്തിരുന്നു. എന്നിട്ടു പറയുകയാണു്: "റഷ്യക്കു ലോകരാഷ്ട്രങ്ങളിൽ രണ്ടാം സ്ഥാനമോ മൂന്നാം സ്ഥാനമോ ഉണ്ടായിരിക്കാം. അടിമകളുടെ വടം നിലവിലിരുന്ന കാലത്തു് റോമന്റെ പരാക്രമങ്ങൾ ശക്തിയും പ്രതാപവും കണക്കാക്കിയിരുന്നതു് അവരുടെ അടിമകളുടെ സംഖ്യ അനുസരിച്ചായിരുന്നു. വ്യക്തികളെയെല്ലാം രാഷ്ട്രത്തിന്റെ അടിമയാക്കിയിട്ടുള്ള ഒരു രാജ്യത്തു അത്തരത്തിലുള്ള ഒരു പുരോഗതിയുണ്ടായേക്കാമെന്നു് ഞാൻ സമ്മതിക്കുന്നു."

സഖാവു മഞ്ഞളിച്ച ഒരു ചിരി ചിരിച്ചിട്ടു്, മി. മേനവനെ കുടുക്കിലാക്കാമെന്ന പ്രത്യാശയോടെ ചോദിച്ചു: "റഷ്യ ഒരു രണ്ടാംകിട രാഷ്ട്രമായതു് അടിമകളുടെ ബാഹുല്യംകൊണ്ടാണെങ്കിൽ ഒന്നാംകിട രാഷ്ട്രമായ അമേരിക്കയിൽ എന്തുമാത്രം അടിമകളുണ്ടായിരിക്കണം?"

മി. മേനവൻ അല്പം ചിന്താമഗ്നനായിരുന്നിട്ടു പറഞ്ഞു: "അമേരിക്കയുടെ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. കാരണം, 'രാഷ്ട്രം വ്യക്തികൾക്കുവേണ്ടി' എന്ന തത്വമാണു് അവിടെ സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ അവിടെ ഒരു വ്യക്തിയും രാഷ്ട്രത്തിന്റെ അടിമയല്ല. വ്യക്തികൾ പൂർണ്ണമായ അവകാശസ്വാതന്ത്ര്യങ്ങൾ അനുഭവിച്ചുകൊണ്ടാണു് അമേരിക്ക പുരോഗമിച്ചിട്ടുള്ളതു്. അമേരിക്കയുടെ പുരോഗമനം കമ്മ്യൂണിസ്റ്റു രാഷ്ട്രം ഒരു മിഥ്യയാണെന്നു തെളിയിക്കുന്നില്ലേ?"

അവിടെയും പിടിവിട്ടുപോയിനാൽ സഖാവു വലിയ പതുങ്ങലിലായി. എങ്കിലും അതു, ഇതും പറഞ്ഞു് വാഗ്വാദം നീട്ടിക്കൊണ്ടുപോകാനുള്ള വിദ്യ അയാൾ കുറിയാമായിരുന്നു. അയാൾ തുടർന്നു: "ഞങ്ങൾ അടിമകളാണെന്നുള്ള ഒരു ബോധം ഒരു ജനതതിക്കുണ്ടായാൽ ആ രാഷ്ട്രത്തെ തകിടംമറിക്കുവാൻ അവർ ശ്രമിക്കയില്ലേ? ഉദാഹരണത്തിനായി തിരുവിതാംകൂർകാര്യംതന്നെ എടുക്കാം. സർ സി. പി. ഒരു സേച്ഛാധിപതിയാണെന്നു ജനങ്ങൾ മനസ്സിലാക്കിയ മാത്രയിൽ അവർ പ്രതിഷേധസ്വരം ഉയർത്തി. എന്നാൽ റഷ്യയിൽ അത്തരം ഒരു പ്രതിഷേധസ്വരം ഇതുവരെ കേൾക്കപ്പെട്ടിട്ടില്ല; യാതൊരു വിപ്ലവവും ഇതുവരെ ഉണ്ടായിട്ടുമില്ല."

സഖാവിന്റെ വിചിത്രമായ വാദഗതികണ്ടു് മി മേനവൻ പുച്ഛരസത്തിൽ ഒന്നു ചിരിച്ചിട്ടു പ്രതിവചിച്ചു: "ശരിയായിരിക്കാം. ഇരുമ്പുകൂട്ടിൽ അടയ്ക്കപ്പെട്ട ഒരു കിളി വലിയ വിപ്ലവം കൂട്ടാതെതന്നെ ആ കൂട്ടിൽ ജീവിക്കുന്നു. എന്നാൽ സ്വതന്ത്രരായി നടക്കുന്ന കിളികളുടെ ക്രന്ദനങ്ങൾ പുറത്തുനിന്നും കേൾക്കുമ്പോൾ അതു പുറത്തു ചാടുവാൻ തത്രപ്പെടുന്നതു കണ്ടിട്ടില്ലേ? റഷ്യൻ ജനത ഇരുമ്പുമറകൊണ്ടുള്ള കൂട്ടത്തിൽ വസിക്കുന്നതു്. അവിടം സ്വർഗ്ഗമാണെന്നും പുറമേയെല്ലാം ദുരിതമാണെന്നുമുള്ള വാർത്തകളേ അവർ കേൾക്കുന്നുള്ളു. ഉത്തരിയിൽനിന്നും അടപ്പിളക്കുകാൻ ശക്തി എന്നു കണ്ടാൽ മുട്ടപഴുത്ത ഉത്തമിയിൽ തന്നെ ഇരിക്കുന്നതാണു നല്ലതെന്നു് അവർക്കും തോന്നും. അടപ്പിളക്കി ചാടുവാൻ ആരും വിപ്ലവം ഉണ്ടാക്കയുമില്ല. ഒരു കാരണം അതു്. എന്നാൽ മറെറാരു കാരണമാണു് ഇതിലും പ്രാധാന്യമർഹിക്കുന്നതു്. ഒരു വൃത്തം വരച്ചിട്ടു് ഒരു മനുഷ്യനെ അതിൽ കയററിനിർത്തുക. എന്നിട്ട് നിങ്ങൾ അയാളുടെ നേരെ തോക്കു നീട്ടി പറയുക: — ഇവിടെനിന്നും അനങ്ങിപ്പോയാൽ തന്റെ കഥ കഴിഞ്ഞതുതന്നെ — ജീവനിൽ കൊതിയുള്ള ഏതൊരു മനുഷ്യനാണു് അവിടെനിന്നും ഇളകുവാൻ ധൈര്യപ്പെടുക? എറുമ്പുകടിച്ചാലും കുളവിക്കുത്തേറ്റാലും അയാൾ അവിടെത്തന്നെനിൽക്കും."

സഖാവു കുടുകുടെ ചിരിച്ചു മി. മേനവനെ ഒരു പരാജിതനാക്കുവാനുള്ള ശ്രമം അയാൾ തയാറാക്കി: "റഷ്യയിൽ എല്ലാവരെയും ഇങ്ങനെ തോക്കിനു മുമ്പിൽ നിറുത്തിയിരിക്കയാണെങ്കിൽ തോക്കു പിടിക്കുവാനുള്ള എത്ര ലക്ഷം ആളുകളെ അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടിവരും? റഷ്യൻ ഗവൺമെന്റ് ഇത്തരം വിഡ്ഢിത്തം പ്രവർത്തിച്ചിട്ടുണ്ടോ? ഇതു ഉന്നതമായ ഒരു നില പ്രാപിച്ചിട്ടുള്ള പാർട്ടിയുടെ വിഡ്ഢിത്തമല്ലയോ?"

എന്നാൽ മി. മേനവൻ കീഴടങ്ങിയില്ല. അദ്ദേഹം ഒരു വിശദീകരണം നൽകി. "ആയുധമില്ലാത്ത അനേകം ആളുകളെ വരച്ചവരയിൽ നിറുത്തി പണിയെടുപ്പിക്കുവാൻ ആയുധധാരിയായ ഒരു ഭടൻ മതിയാകും. കാളയും കുതിരയും സന്തോഷപൂർവ്വം അവരുടെ യജമാനനെ സേവനം ചെയ്യുന്നതുകൊണ്ടല്ല. വടിയും ചാട്ടയും അവർ ഭയപ്പെടുന്നു; അവർ വേലചെയ്യുന്നു. ഇതുപോലെ റഷ്യയിൽ വേലചെയ്യുവാൻ അനേക ലക്ഷം അടിമകളുണ്ട്; വേലയെടുപ്പിക്കുവാൻ കുറേ കമ്മ്യൂണിസ്റ്റുകാരും. അതു, 60 ലക്ഷം യജമാനന്മാർക്കു് 18 കോടിയിലധികം വരുന്ന അടിമകൾ!"

സഖാവിനു തല ഉയർത്തി നോക്കുവാൻ പോലും കഴിയാതായി. എങ്കിലും ചിലജോലിയിൽ ഇരുന്നിട്ടു് തടഞ്ഞു ചില വാചകങ്ങൾ പുറത്തുചാടി. "ഇതെല്ലാം തല്പരകക്ഷികളും, സ്ഥാപിതതാല്പര്യക്കാരും, പുരോഹിതവർഗ്ഗവുംകൂടി പ്രചരിപ്പിക്കുന്ന വ്യാജപ്രസ്താവനകളാണു്. റഷ്യയിലെപ്പോലെ സമത്വമുള്ള ഒരു രാജ്യം ലോകത്തിൽ മറെറാന്നും കാണുകയില്ല."

"കൊള്ളാം," മേനവൻ തുടർന്നു, "അതിനു മറുപടിയായി എനിക്കു പറയുവാനുള്ളതു് ജെംപ്പർ ലെഗ്ഗയുടെയും വെർഡൺ വിൽക്കിയുടെയും അനുഭവസാക്ഷ്യങ്ങളാണു്. 1936-ൽ ഹാറാൻ സിബല്ല കൾക്കരിഖനിക്കൊപ്പം ഒരു ഡെലിഗേഷൻ റഷ്യയിൽ പോയി. എന്ന സ്ഥലത്തെ വിശ്രമമന്ദിരം സന്ദർശിക്കുകയുണ്ടായി. അവരുടെ കൂട്ടത്തിലെ ഒരു ആ വിശ്രമമന്ദിരത്തിലെ ആഡംബരങ്ങളും വൈവിധ്യമാർന്ന ഭക്ഷണങ്ങളും വിനോദങ്ങളും അനുഭവിച്ചശേഷം അദ്ദേഹം ചോദിച്ചു: 'ഇത്തരം സുഖവാസസ്ഥലങ്ങൾ സാധാരണക്കാർക്കുവേണ്ടി നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ?' അതിനു കിട്ടിയ മറുപടി, 'അവർക്കിതൊന്നും ആവശ്യമില്ല' എന്നാണു്. റൂസ്‌വെൽററിനോടൊപ്പം അമേരിക്കൻ പ്രസിഡന്റു സ്ഥാനത്തേക്കു മത്സരിച്ച വെർഡൺ വിൽകി റഷ്യ സന്ദർശിച്ചിട്ടുള്ള ഒരാളാണു്. ഒരു ഫാക്ടറി സൂപ്രണ്ടിനു തന്റെ കീഴുള്ള ഏററവും സമർത്ഥനായ വേലക്കാരനു കിട്ടുന്നതിന്റെ പത്തിരട്ടിയെങ്കിലും കിട്ടുന്നുണ്ടെന്നു മനസ്സിലാക്കി 'ഇത്ര കൂടുതൽ പണംകൊണ്ടു് നിങ്ങൾ എന്തു ചെയ്യുന്നു?' എന്നദ്ദേഹം ചോദിക്കുകയുണ്ടായി. അതിനു ലഭിച്ച മറുപടി 'എന്റെ വാസസ്ഥലം നല്ലൊരു മന്ദിരവും നാട്ടിൻപുറത്തു സുഖവാസസൗകര്യങ്ങളും പാനൂകളും ഭക്ഷണവും ധാരാളം കുതിരകളും പണിക്കാരും ഉണ്ടു്' എന്നായിരുന്നു. ഇതാണു് റഷ്യയിലെ സമത്വം. 1946-ൽ ജർമ്മൻ കമ്മ്യൂണിസ്റ്റു കക്ഷിക്കാർ സ്വാഗതം ഉപയോഗത്തിനുവേണ്ടി എഴുതിയ ഒരു ഗ്രന്ഥത്തിൽ കാണുന്നതു് ഇപ്രകാരമാണു്: 'സോഷ്യലിസം വൈയക്തിക ഉടമയാക്കാനുള്ള ജന്മനിയമത്തെ നിർമ്മാർജനം ചെയ്യുന്നില്ല. വേലക്കാരുടെ ചെലവിനുള്ള വേതനം ശമ്പളങ്ങളും സ്വകാര്യ ഉടമാവകാശങ്ങളും എല്ലാം ആനുകൂല്യങ്ങളും പ്രാപിച്ചു സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു."

സഖാവു തെല്ലിട ചിന്തിച്ചിരുന്നു. വാദപ്രതിവാദത്തിൽ തോൽവി തനിക്കാണെന്നു മനസ്സിലാക്കിയ അയാൾ അടുത്ത ഭാഗത്തുനിന്നും ഒരു വിദ്യാർത്ഥി. "ഹൈ, ഇതൊക്കെ പല്ലില്ലാത്തത്; മുതലാളിത്ത രാഷ്ട്രങ്ങൾക്ക് കൂട്ടുനിൽക്കുന്ന ചില വ്യക്തികൾ എഴുതിത്തള്ളിയിരിക്കുന്ന നയതന്ത്രപരമായ വ്യാജങ്ങൾമാത്രം. ഇതെല്ലാം വിശ്വസിക്കുവാൻ തക്കബോധമുള്ളവർ ഇന്നു ലോകത്തു കാണുകയില്ല."

നിഷ്പ്രയോജനകരമായ ഒരു വാദപ്രതിവാദത്തിനുവേണ്ടി സമയം നഷ്ടപ്പെടുത്തിയതിനെപ്പററി മി. മേനവനു പശ്ചാത്താപമുണ്ടായി; അദ്ദേഹം പറഞ്ഞു: "യുക്തിരഹിതമായി സംസാരിക്കുന്ന നിങ്ങളോടു് ഇനി വാദിക്കുന്നമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഒരു ചോദ്യംകൂടി. 'കമ്മ്യൂണിസം കൊണ്ടു്' എന്തു സാധിക്കുമെന്നാണു് നിങ്ങൾ വിശ്വസിക്കുന്നതു്?"

"വേലയെടുക്കു മുതലുണ്ടാക്കുന്നവരുടെ ഒരു രാഷ്ട്രം; അതായതു് തൊഴിലാളികൾ ഭരണം നടത്തുന്ന ഒരു രാഷ്ട്രം സ്ഥാപിക്ക എന്നതാണു്."

"ശരി, ഇന്നു കപ്പലുകൾ കൊണ്ടുവരുന്ന പണിക്കാരെപ്പോലെ, വയലിൽ ഉഴുന്ന നായന്മാരും, കായലിൽ വലവീശുന്ന ചാന്നാരും നാളെ ഭരണം നടത്തുമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്?"

"അതല്ല, അവർക്കുവേണ്ടി പാർട്ടി ഭരണം നടത്തും."

"അങ്ങനെ സത്യം പുറത്തുവരട്ടെ. തൊഴിലാളികൾക്കുവേണ്ടി കമ്മ്യൂണിസ്റ്റുപാർട്ടി ഭരണം നടത്തുമെന്നു"; അല്ലേ?"

"അതുതന്നെ."

"നിങ്ങൾ കിളയ്ക്കുമോ, ഉഴുകുമോ, കാടുവെട്ടുകയോ ചെയ്യുന്നുണ്ടോ?"

"അതൊന്നുമില്ല. എങ്കിലും തൊഴിലാളികൾക്കുവേണ്ടി ഞങ്ങൾ സകലവും ത്യജിച്ചിരിക്കയാണു്."

"നിങ്ങളുടെ ത്യാഗം! നിങ്ങൾക്കുതന്നെ 50 ഏക്കർ സ്ഥലമുണ്ടെന്നാണെന്റെ അറിവു്. അതിൽ ഒററ തെങ്ങുപോലും നിങ്ങൾ തൊഴിലാളികൾക്കുവേണ്ടി നഷ്ടപ്പെടുത്തിയിട്ടുണ്ടോ?"

"എനിക്കു പോകാൻ അല്പം ധൃതിയുണ്ടു് ഒരു പാർട്ടിമീററിംഗിനു സമയമായി. പിന്നെ കാണാം."

സഖാവു ജോസ് അവിടെനിന്നും തൊഴിഞ്ഞു. മി. മേനവന്റെ വിസ്മയനോക്കുകളുമായി കണ്ണുകൾ അയാളുടെ പുറകെ നീണ്ടു നീണ്ടു പോകുകയും ചെയ്തു.

---

## അനുദിനചിന്തകൾ

വി. കുരിശിന്റെ യോഹന്നാൻ

(P. F.)

ഫെബ്രുവരി

11 മിശിഹാ നിങ്ങളുടെ നിത്യസമ്മാനമാകുന്നു.

12 ദൈവത്തിന്റെ ഉപദേശങ്ങളും പ്രമാണങ്ങളും നീ അനുസരിക്കുക.

13 നിന്റെ മനസ്സിനെ മിശിഹായുടെ പക്കലേക്കു് ധൈര്യപൂർവ്വം നീ ആനയിക്കുക.

14 വിശുദ്ധരുടെ ബുദ്ധിവൈശിഷ്ട്യം പ്രമാണം വേണ്ടവിധം മനസ്സിലാക്കിയിട്ടില്ലാത്ത സ്ഥിതിയിൽ ചെയ്യിരുന്നു.

15 സ്വപ്നങ്ങളിൽ നീ ദൈവത്തിൽ ശരണപ്പെടുക.

16 ദൈവത്തിൽ ശരണപ്പെടുന്നവൻ ആശ്വാസം കണ്ടെത്തുന്നു.

17 ദൈവത്തിൽ ശരണപ്പെടുന്നവൻ അറിവിനെ കണ്ടെത്തുന്നു.

18 ദൈവത്തിൽ ശരണപ്പെടുന്നവൻ പ്രകാശത്തെ കണ്ടെത്തുന്നു.

19 ദൈവത്തിന്റെ ഉന്നതമഹത്വത്തിനായി നിന്റെ സ്വന്തം കുറവുകളെ അറിവിനു് പരിഹരിക്കണമെന്നുള്ള ഒരു ആഗ്രഹം നിനക്കുണ്ടാകണം.

20 നിനക്കു് ദൈവത്തിൽ നിരന്തരശരണമുണ്ടെങ്കിൽ യാതൊരു ക്ലേശവും ഉണ്ടാകയില്ല.

---


Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam